# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 ജൂലൈ വോള്യം: 8 ലക്കം: 11



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



ഇന്ധനവില കൂട്ടുന്നതിലെ അസംബന്ധം



പ്രഭാത് പട്നായിക് 06

വൺ ഇന്ത്യ വൺ പെൻഷൻ വാദം ആർക്കു വേണ്ടി ?



എളമരം കരീം 12

മോദി സർക്കാർ ജനങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്നു
ആനത്തലവട്ടം ആനന്ദൻ 16

സാമ്പത്തിക പ്രതിസന്ധിയും തൊഴിൽ നഷ്ടവും അതിരൂക്ഷം
ജോസ് ടി എബ്രഹാം 18

24 കൽക്കരി തൊഴിലാളി പണിമുടക്ക്
ജെ.എസ്. മജുംദാർ

പേരില്ലാത്തോർ ഇടമില്ലാത്തോർ



27 എ. സിയാവുദ്ദീൻ

കോവിഡും വർഗ സംഘട്ടനവും
31 യാനിസ് വാറൗഫാക്കീസ്

എൽഡിഎഫ് തൊഴിലാളികൾക്കായി നടത്തിയ ഇടപെടലുകൾ



36

റെയിൽവേ യാത്രാവണ്ടികളും സ്വകാര്യ മേഖലക്ക്
48 ആർ.ജി. പിള്ള



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കുക

യുഎഇയിൽ നിന്ന് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ 'ഡിപ്ലോമാറ്റിക്' ബാഗേജിൽ 30 കിലോഗ്രാം സ്വർണം ഒളിച്ചു വെച്ചിട്ടുണ്ടെന്ന് കസ്റ്റംസ് കണ്ടുപിടിച്ചത് വലിയ വിവാദങ്ങൾക്ക് തിരികൊളുത്തി. ഡിപ്ലോമാറ്റിക് ബാഗേജിൽ കള്ളക്കടത്ത് സ്വർണം അകപ്പെട്ടതെങ്ങിനെ, യുഎഇ കോൺസുലേറ്റിലെ വല്ലവരുടെയും സഹായം ഇതിനുണ്ടായിട്ടുണ്ടോ, യുഎഇയിൽ നിന്ന് ഇത്രയും സ്വർണം ആരയച്ചു? ആർക്കയച്ചു? തുടങ്ങിയ ചോദ്യങ്ങൾ ഉയർന്നുവന്നു. ഈ സംഭവത്തിൽ പങ്കുണ്ടെന്ന് അന്വേഷണ ഏജൻസികൾ കണ്ടെത്തിയവരിൽ ഒരാൾ, 'ഐടി ഇൻഫ്രാസ്ട്രക്ടർ ലിമിറ്റഡ്' എന്ന പൊതുമേഖലാസ്ഥാപനത്തിലെ കരാർ ജീവനക്കാരിയാണ് എന്ന വിവരം പുറത്ത് വന്നപ്പോൾ, യുഡിഎഫും, ബിജെപിയും ഏതാനും മാധ്യമങ്ങളും എൽഡിഎഫ് സർക്കാരിനെ– പ്രത്യേകിച്ചും മുഖ്യമന്ത്രിയെ– പ്രതിക്കൂട്ടിൽ നിർത്താൻ അശ്രാന്ത പരിശ്രമം നടത്തിവരികയാണ്. 4 വർഷത്തെ ഭരണം വിലയിരുത്തി, ഒരു മലയാളം ടിവിചാനൽ സംഘടിപ്പിച്ച സർവേയിൽ എൽഡിഎഫ് സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ഗ്രാഫ് വളരെ ഉയർന്ന് നിൽക്കുന്നു എന്ന വസ്തുത സൃഷ്ടിച്ച പരിഭ്രാന്തിയാണ് യുഡിഎഫിനെ സർക്കാരിനെതിരെ തിരിയാൻ പ്രേരിപ്പിച്ചത്. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ തകർന്നടിയുമെന്ന് ഉറപ്പായ യുഡിഎഫിനെ രക്ഷിച്ചെടുക്കാൻ കഴിയുമോ എന്ന വ്യർത്ഥ ചിന്തയാണ് അവരെ നയിക്കുന്നത്.

സ്വർണ കള്ളക്കടത്ത് തിരുവനന്തപുരത്ത് ഇത് പുത്തനല്ല. കേരളത്തിലെ മറ്റ് വിമാനത്താവളങ്ങൾ വഴിയും കള്ളക്കടത്ത് പിടിക്കപ്പെട്ട നിരവധി സംഭവങ്ങളുണ്ട്. ഇന്ത്യയിലേക്ക് വിദേശ രാജ്യങ്ങളിൽ നിന്നുള്ള സ്വർണക്കള്ളക്കടത്തിന്റെ വളരെ ചെറിയൊരു ഭാഗമാണ് കേരള വിമാനത്താവളങ്ങൾ വഴി നടക്കുന്നത്. മുംബൈ, അഹമ്മദാബാദ്, ചെന്നൈ തുടങ്ങിയ വിമാനത്താവളങ്ങൾ വഴി, വൻ കള്ളക്കടത്തുകൾ നടന്ന റിപ്പോർട്ടുകളുണ്ട്.

ഇന്ത്യയിൽ ഉപയോഗിക്കുന്ന സ്വർണത്തിന്റെ ഗണ്യമായ ഭാഗം ഇറക്കുമതിയാണ്. സ്വർണത്തിന്റെ വാർഷിക ലോക ഉപഭോഗത്തിന്റെ 215 ശതമാനം ഇന്ത്യയിലാണ് നടക്കുന്നത്. പ്രതിവർഷം ആയിരം ടണ്ണോളം സ്വർണം ഇന്ത്യയിൽ വിവിധ രൂപത്തിൽ വിൽക്കപ്പെടുന്നുണ്ട്. ഇതിന്റെ 1 ശതമാനം മാത്രമാണ് ഇന്ത്യൻ സ്വർണ ഖനികളിൽ നിന്നുള്ള ഉൽപാദനം. ഇറക്കുമതി ചെയ്യുന്ന സ്വർണത്തിന്മേൽ ചുങ്കം ചുമത്തുന്നത് 12.5 ശതമാനവും ജിഎസ്ടി– 3 ശതമാനവുമാണ്– ചുങ്കവും നികുതിയും വെട്ടിച്ച്, സ്വർണം ഇന്ത്യയിലെത്തിക്കുന്നവർക്ക് വൻലാഭം ലഭിക്കും. വർധിച്ച് വരുന്ന കള്ളക്കടത്തിന്റെ പ്രേരക ഘടകം ഇതാണ്. സ്വർണ കള്ളക്കടത്തുകാരിൽ വമ്പന്മാർ വടക്കെ ഇന്ത്യയിൽ– പ്രത്യേകിച്ച് ഗുജറാത്തിൽ– ആണ്. അവരുടെ താല്പര്യ പ്രകാരമാണ് സ്വർണത്തിന്റെ ഇറക്കുമതി ചുങ്കം ഉയർത്തി നിർത്തിയിരിക്കുന്നതെന്ന ആക്ഷേപമുണ്ട്.

വിമാനത്താവളങ്ങളിൽ സ്വർണ കള്ളക്കടത്ത് അപൂർവമായി പിടിക്കുമ്പോൾ ഈ സാമ്പത്തിക കുറ്റത്തിന്റെ കണ്ണികളിൽ അതീവ ദുർബലർ മാത്രമാണ്– കാര്യർമാർ– കുടുങ്ങുന്നത്. കള്ളക്കടത്തിൻ, വൻപണം മുടക്കി സ്വർണം വാങ്ങി അയക്കുന്നവരും ഇന്ത്യയിൽ അത് കൈപ്പറ്റുന്നവരുമായ വമ്പൻ സ്രാവുകൾ സാധാരണ പിടിക്കപ്പെടാറില്ല. തൊഴിലിനായി ഗൾഫ് രാജ്യങ്ങളിലെത്തുന്ന പാവപ്പെട്ടവരെ, പ്രലോഭിപ്പിച്ചാണ്, കള്ളക്കടത്തുകാർ അവരെ 'കാര്യർ'മാരായി മാറ്റുന്നത്. ഈ പാവങ്ങളാണ് കസ്റ്റംസിന്റെ പിടിയിലാവുന്നത്. രണ്ടറ്റങ്ങളിലുള്ള വമ്പന്മാർ രക്ഷപ്പെടലാണ് പതിവ്.

ഡിപ്ലോമാറ്റിക് ബാഗേജ് വഴിയുള്ള കള്ളക്കടത്തായതു കൊണ്ട് ഇപ്പോഴത്തെ സംഭവം വലിയ ഒച്ചപ്പാടായി. അപ്പോഴും ഉയരുന്ന പ്രധാന ചോദ്യങ്ങൾ– 1. യുഎഇ കോൺസുലേറ്റിലെ ഉദ്യോഗസ്ഥർക്ക് ഇതിൽ പങ്കുണ്ടോ? 2. യുഎഇയിൽ നിന്ന് ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണം കയറ്റിയത് ആരാണ് 3. യുഎഇ അധികൃതർ അറിയാതെ, കൃത്രിമ രേഖകളുണ്ടാക്കി ചെയ്തതാണെങ്കിൽ അതാര്? 4. കേരളത്തിൽ എത്തുന്ന സ്വർണം വാങ്ങുന്നവർ ആരൊക്കെ? തിരുവനന്തപുരം വിമാനത്താവളത്തിൽ യുഎഇ കോൺസുലേറ്റിലെ അറ്റാഷെക്ക് വരുന്ന ബാഗേജുകളെ സംബന്ധിച്ച് രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ വിദേശകാര്യവകുപ്പിന്റെ അനുമതിയോടെ നടത്തിയ പരിശോധനയിലാണ് 30 കിലോ സ്വർണം കണ്ടെത്തിയത്. ഈ സ്വർണം അടങ്ങുന്ന 'ഡിപ്ലോമാറ്റിക് ബാഗേജ്' കൈപ്പറ്റാൻ വിമാനത്താവളത്തിലെത്തിയ കോൺസുലേറ്റിലെ – ഒരു മുൻ ഉദ്യോഗസ്ഥനെ പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് സ്വപ്നാസുരേഷ്, സന്ദീപ് തുടങ്ങിയവരെ സം

ബന്ധിച്ച വിവരം കസ്റ്റംസിന് ലഭിച്ചത്- സ്വപ്ന സുരേഷ് നേരത്തെ യുഎഇ കോൺസുലേറ്റിലെ ഉദ്യോഗസ്ഥയായിരുന്നു.

സ്വപ്ന സുരേഷുമായി ഐടി വകുപ്പു സെക്രട്ടറി ശിവശങ്കരന് ബന്ധമുണ്ടെന്ന വിവരം പുറത്തുവന്നത് മുതൽ മാധ്യമങ്ങളും യുഡിഎഫും ബിജെപിയും മാധ്യമ സിണ്ടിക്കേറ്റും ചേർന്ന് മുഖ്യമന്ത്രിക്കും എൽഡിഎഫ് സർക്കാരിനുമെതിരെ അപവാദപ്രചരണമാരംഭിച്ചു. ശിവശങ്കരനെ ചുമതലകളിൽ നിന്ന് മാറ്റാൻ സർക്കാർ അധിക സമയമെടുത്തില്ല. മാത്രമല്ല ശിവശങ്കരന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതിയെ നിയോഗിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ സസ്പെന്റ് ചെയ്യുകയും ചെയ്തു. നേരത്തെ സ്വർണ കള്ളക്കടത്ത് വിവരം പുറത്തുവന്ന ഉടനെ, ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ കേന്ദ്ര ഏജൻസികൾക്ക് മാത്രമെ സാധിക്കൂ എന്നതിനാൽ ഉചിതമായ ഏജൻസിയെ കൊണ്ട് അന്വേഷണം നടത്തി, കുറ്റവാളികളെ കണ്ടെത്തണമെന്ന് മുഖ്യമന്ത്രി കേന്ദ്രസർക്കാരിനയച്ച കത്തിൽ ആവശ്യപ്പെട്ടു. ഈ സംഭവത്തിൽ ഒന്നും ഒളിച്ചുവെക്കാനില്ല എന്ന ധീരമായ നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചത്.

കേന്ദ്ര സർക്കാർ എൻഐഎ അന്വേഷണം പ്രഖ്യാപിച്ചപ്പോൾ യുഡിഎഫ് എതിർത്തത് അവരുടെ ആത്മാർത്ഥതയില്ലായ്മ വെളിപ്പെടുത്തി. ഈ സ്വർണക്കടത്തിന് പിന്നിൽ തീവ്രവാദ- രാജ്യദ്രോഹ ശക്തികൾക്ക് പങ്കുണ്ടോ എന്നന്വേഷിക്കുമെന്ന് എൻഐഎ പ്രഖ്യാപിച്ചപ്പോൾ യുഡിഎഫിൽ ചിലരുടെ നെഞ്ചിടിപ്പ് വർധിപ്പിച്ചു. യുഎഇയിൽ നിന്ന് സ്വർണമയച്ച ഫാസിൽ എന്നയാളെ എൻഐഎ കേസിൽ പ്രതിചേർത്തപ്പോൾ ഫാസിൽ ഫാസിൽ 'നിരപരാധി'യാണെന്ന് 'മീഡിയാവൺ' ചാനൽ പറയുന്നുണ്ടായിരുന്നു. ജമാഅത്തെ ഇസ്ലാമിയുടെ ഉടമസ്ഥതയിലുള്ള മീഡിയാവണ്ണിന് കള്ളക്കടത്ത് കേസിലെ പ്രതിയോട് ഇത്ര താല്പര്യമെന്താണ്? മുസ്ലീം ലീഗ്, കോൺഗ്രസ് നേതാക്കൾ കള്ളക്കടത്തിന് പിന്നിലുള്ള പ്രധാന കണ്ണികളെ പിടികൂടണമെന്ന് എന്ത്കൊണ്ട് ആവശ്യപ്പെടുന്നില്ല?

ഈ കേസിൽ ഇതുവരെ എൻഐഎ പിടികൂടിയവരെ പരിശോധിച്ചാൽ ഇതിനുത്തരം കിട്ടും. യുഡിഎഫിന്റെ പ്രത്യേകിച്ച് മുസ്ലീം ലീഗിന്റെ ധനസ്രോതസുകളാണ് പിടിക്കപ്പെട്ട പലരും. ഇത് നേരത്തെ അറിയാവുന്നതുകൊണ്ടാണ്, അന്വേഷണം മറ്റ് വഴിക്ക് തിരിച്ച് വിടാൻ യുഡിഎഫ് വെപ്രാളം കാണിച്ചത്. പ്രതികളിൽ ചിലരുടെ ബിജെപി ബന്ധവും, പ്രധാന പ്രതികൾക്ക് കേരളം വിടാൻ ബിജെപിയുടെ ചില നേതാക്കൾ സൗകര്യം നൽകി എന്ന കാര്യവും ഇതിനകം പുറത്ത് വന്നു. ഏതന്വേഷണവും ആവാം എന്ന ധീരമായ നിലപാട് സ്വീകരിച്ച കേരള മുഖ്യമന്ത്രിയെ അധിക്ഷേപിക്കാൻ യുഡിഎഫും ബിജെപിയും ഒരുപോലെ ശ്രമിക്കുന്നതിന്റെ പശ്ചാത്തലം ഇതാണ്.

നാല് വർഷത്തെ ഇടത്പക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണം കേരളത്തെ വലിയ നിലയിൽ മുന്നോട്ടു നയിച്ചു. വികസന രംഗത്ത് കുതിച്ചുചാട്ടം നടത്തി. സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ ഈ സർക്കാരിന് ഇന്ത്യയിൽ വേറെ മാതൃകകളില്ല. വിദ്യാഭ്യാസ മേഖലയുടെ വികസനം, ആരോഗ്യരംഗത്തെ മുന്നേറ്റം, കൃഷി- പരിസ്ഥിതി സംരക്ഷണം, പുതിയ നിയമനങ്ങൾ വൻകിട വികസന പദ്ധതികൾ തുടങ്ങിയവ, ആർക്കും മറച്ച് വെക്കാനാവാത്ത നേട്ടങ്ങളാണ്. സംസ്ഥാനം നേരത്തെ നേരിട്ട ദുരന്തങ്ങൾ കൈകാര്യം ചെയ്ത രീതി ദേശീയ ശ്രദ്ധ നേടിയിരുന്നു. ഇപ്പോൾ കൊറോണക്കെതിരെ, സർക്കാരിന്റെ പോരാട്ടം, ലോക ശ്രദ്ധ പിടിച്ചുപറ്റി. ഇതിനോട് താരതമ്യം ചെയ്യാൻ പറ്റുന്ന ഒരു സർക്കാരും രാജ്യത്തില്ല. ഈ സർക്കാരിനെ നയിക്കുന്ന എൽഡിഎഫിനെ വരാൻ പോകുന്ന തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിലും അസംബ്ലി തെരഞ്ഞെടുപ്പിലും നേരിടാനുള്ള ആത്മവിശ്വാസം നഷ്ടപ്പെട്ട യുഡിഎഫിന്റെ വെപ്രാളമാണ് അവരുടെ ഉറഞ്ഞ് തുള്ളൽ. എൽഡിഎഫിന് തുടർഭരണം എന്ന കാര്യം ചിന്തിക്കാൻ പോലും അവർക്കാവില്ല. ഭ്രാന്ത് പിടിച്ച മട്ടിൽ എല്ലാ മര്യാദകളും ലംഘിച്ച് യുഡിഎഫും ബിജെപിയും നടത്തുന്ന കുപ്രചരണങ്ങളെ തള്ളിക്കളയണം.

ബൂർഷ്വാ മാധ്യമങ്ങളുടെ തനിനിറം മുമ്പും കേരള ജനത കണ്ടിട്ടുണ്ട്. കമ്യൂണിസ്റ്റ് വിരോധം കൊണ്ട് കണ്ണ് കാണാനാവാത്തവരാണ് കേരളത്തിലെ മാധ്യമ സിണ്ടിക്കേറ്റിനെ നയിക്കുന്നത്. ഇന്ത്യയെ സാമ്രാജ്യത്വ ശക്തികൾക്ക് തീറെഴുതുകയും ജനദ്രോഹ നടപടി അടിക്കടി കൈക്കൊള്ളുകയും ചെയ്യുന്ന മോഡി സർക്കാരിനെ വിമർശിക്കാൻ ഈ മാധ്യമങ്ങൾക്ക് കഴിയാത്തത്, അവരുടെ 'വർഗ സ്വഭാവം' വ്യക്തമാക്കുന്നതാണ് ഇന്ത്യയിൽ അധ്വാനിക്കുന്ന ജനതയുടെ താല്പര്യം ഉയർത്തിപ്പിടിക്കുന്ന ഏക സംസ്ഥാന സർക്കാരാണ് എൽഡിഎഫ് സർക്കാർ. ഈ സർക്കാരിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു രക്ഷിക്കാൻ തൊഴിലാളി വർഗം ഒറ്റക്കെട്ടായി രംഗത്തിറങ്ങണം.



# ഇന്ധന വില കൂട്ടുന്നതിലെ അസംബന്ധം



എണ്ണയ്ക്കുമേൽ നികുതി ചുമത്തുക എന്നത് ഉൽപ്പാദനത്തിനും തൊഴിലിനും ഏറ്റവും വിപത്കരമായ സാധ്യതയാണ്. എണ്ണയ്ക്കുമേൽ നികുതി ചുമത്തുന്നപക്ഷം സാമ്പത്തിക അസമത്വം വർധിക്കില്ലെങ്കിലും മൊത്തം ഡിമാൻഡിന് അതുണ്ടാക്കുന്ന ആഘാതം രൂക്ഷമാക്കും. വരുമാനത്തിനു മേൽ നികുതി ചുമത്തുന്നത് സാമ്പത്തിക അസമത്വം വർധിപ്പിക്കില്ല, പക്ഷേ മൊത്തം ഡിമാൻഡിൽ കുറവു വരുത്തും. മൊത്തം ഡിമാൻഡിനെയും സാമ്പത്തിക അസമത്വത്തിന്റെയും കാഴ്ചപ്പാടിലൂടെ നോക്കിയാൽ സമ്പന്നർക്കുമേൽ നികുതി ചുമത്തുന്നതാണ് ഏറ്റവും മികച്ച പോംവഴി.



പ്രഭാത് പട്നായിക്

2019 ഡിസംബർ 25നും 2020 ജൂൺ 23നും ഇടയ്ക്ക് ആഗോളതലത്തിൽ അസംസ്കൃത എണ്ണ (ബ്രെന്റ്)യുടെ വില ഏതാണ്ട് 37 ശതമാനം ഇടിഞ്ഞു. ഡിസംബർ അവസാനത്തിനും ഏപ്രിൽ മധ്യത്തിനും ഇടയ്ക്ക് 60 ശതമാനം വിലയിടിഞ്ഞെങ്കിലും പിന്നീട് വില കൂടി. അതിനുശേഷം ജൂൺ 23 വരെ നാടകീയമായ തകർച്ചയാണ് ഉണ്ടായത്. എന്നാൽ ഇന്ത്യയിൽ പെട്രോൾ, ഡീസൽ വില ഈ കാലയളവിൽ മുമ്പെങ്ങുമില്ലാത്ത വിധം കുത്തനെ കൂടി. പെട്രോൾ വിലയെക്കാൾ വർധനവുണ്ടായത് ഡീസൽ വിലയ്ക്കായിരുന്നു. അവ തമ്മിലുള്ള വ്യത്യാസം ഇല്ലാതാകുകയുംചെയ്തു. കൂടുതൽ വരുമാനമുണ്ടാക്കാൻ കേന്ദ്രസർക്കാർ നികുതി നിരക്ക് വർധിച്ചതിന്റെ ആകെത്തുകയാണ് എണ്ണ വിലയിലെ ഈ കുതിച്ചുകയറ്റം. ഈ മഹാമാരിയുടെ കാലത്ത് തൊഴിലാളികളുടെ വരുമാന സ്രോതസ്സ് ഏറെക്കുറെ പൂർണമായും നിലച്ച സാഹചര്യത്തിൽ നികുതി വർധന അടിച്ചേൽപ്പിക്കാനുള്ള ഒരു ചരക്കായി എണ്ണയെ കണക്കാക്കുന്നത് തികച്ചും മനുഷ്യത്വ വിരുദ്ധം മാത്രമല്ല, മൊത്തം ഡിമാന്റ് കുറയ്ക്കുമെന്ന പ്രശ്നം രൂക്ഷമാക്കുകയും തൊഴിലവസരങ്ങൾ ഗണ്യമായി കുറയ്ക്കാൻ ഇടവരുത്തുകയും ചെയ്യുന്നതുകൊണ്ടു തന്നെ അത് അസംബന്ധവുമാണ്. പെട്രോളും ഡീസലും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉള്ളവർ ഉപയോഗിക്കുന്ന ചരക്കുകൾ ആണെന്നും വിഭവങ്ങൾ വർധിപ്പിക്കുന്നതിനുള്ള സൗകര്യത്തിനായി അവയുടെ വില കൂട്ടുന്നത് ദരിദ്രജനവിഭാഗങ്ങളെ ബാധിക്കില്ലെന്നുമാണ് ഇതെക്കുറിച്ച് സർക്കാർ വക്താവ് മുന്നോട്ടുവയ്ക്കുന്ന വാദം. ഇത് പൂർണമായും തെറ്റായ വാദമാണ്. പൊതു യാത്രാ സംവിധാനം ഉപയോഗിക്കുന്നവർ ആയതുകൊണ്ടുതന്നെ ദരിദ്രർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ പരോക്ഷ ഉപഭോക്താക്കളാണ്. പെട്രോൾ വില വർധന മൂലം യാത്രാ ചെലവു വർധിക്കും. ചരക്കുകൂലി വർധിക്കുന്നതിന്റെ ഫലമായി അവശ്യവസ്തുക്കൾ അടക്കമുള്ള സാധനങ്ങൾ വിലയും കൂടും. ഈ സാഹചര്യത്തിൽ പെട്രോൾ വിലവർധനയുടെ ആഘാതം ദരിദ്രജനവിഭാഗങ്ങളിലാണ് പതിക്കുക. ഇവിടെ പെട്രോൾ വില വർധനയെക്കാൾ തീവ്രമായി ഡീസൽ വില കുത്തനെ വർധിപ്പിക്കുമ്പോൾ ചരക്കുകൂലിയെയാണ് അത് ബാധിക്കുക. സ്വാഭാവികമായും അത് ജനങ്ങൾക്ക് ഭാരം സൃഷ്ടിക്കും. സാധാരണ മനുഷ്യരുടെ ജീവിത നിലവാരത്തിൽ ചരക്കുകൂലിക്കുള്ള പ്രാധാന്യത്തെ അടിവരയിട്ടുകൊണ്ട് ഇൻഡിറക്ട് ടാക്സേഷൻ ഇൻക്വയറി കമ്മിറ്റി നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം മാത്രമല്ല ടയറിന്റെയും ട്യൂബിന്റെയും വില വർധനയും സാധാധരണക്കാരുടെ ജീവിതച്ചെലവ് വർധിപ്പിക്കുമെന്നാണ്.

**ഈ മഹാമാരിയുടെ കാലത്ത് തൊഴിലാളികളുടെ വരുമാന സ്രോതസ്സ് ഏറെക്കുറെ പൂർണമായും നിലച്ച സാഹചര്യത്തിൽ നികുതി വർധന അടിച്ചേൽപ്പിക്കാനുള്ള ഒരു ചരക്കായി എണ്ണയെ കണക്കാക്കുന്നത് തികച്ചും മനുഷ്യത്വ വിരുദ്ധം മാത്രമല്ല, മൊത്തം ഡിമാന്റ് കുറയ്ക്കുമെന്ന പ്രശ്നം രൂക്ഷമാക്കുകയും തൊഴിലവസരങ്ങൾ ഗണ്യമായി കുറയ്ക്കാൻ ഇടവരുത്തുകയും ചെയ്യുന്നതുകൊണ്ടു തന്നെ അത് അസംബന്ധവുമാണ്.**



എണ്ണ എന്നത് വാസ്തവത്തിൽ സാർവത്രിക ഇടനില വസ്തുയാണ് അറിയപ്പെടുന്നത്. ഭക്ഷ്യധാന്യം പോലുള്ള ഓരോ കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ഓരോ ചരക്കിന്റെയും ഉൽപ്പാദനത്തിൽ ഒരു ഭൗതിക സാന്നിധ്യമായി പെട്രോളിയം ഉൽപ്പന്നമുണ്ട്. റവന്യു വരുമാനം വർധിപ്പിക്കാനെന്ന പേരിൽ ഈ സാർവത്രിക ഇടനില വസ്തുവിന് മേൽ നികുതി ചുമത്തുന്നത് ഏറ്റവും അപകടകരമാണ്.

പ്രത്യക്ഷ നികുതിയുടെ കാര്യം മാറ്റിവയ്ക്കാം. പ്രത്യക്ഷ നികുതി അല്ലാതെയുള്ള ഏതു തരം ചരക്കുനികുതിയും കൂടുതൽ മർദകസ്വഭാവമുള്ളതാണ്. ഉദാഹരണത്തിന് സാർവത്രിക ഇടനിലവസ്തുവല്ലാത്ത ഒരു ചരക്കിനുമേൽ സർക്കാർ പ്രത്യക്ഷ നികുതി ചുമത്തി എന്നിരിക്കട്ടെ. അതല്ലാത്ത ഏതു ചരക്കിന്റെയും ഉൽപ്പാദനത്തിന് ഒരു സഹായഘടകമാകാതിരിക്കുകയോ പരിമിതമായ ഒരുകൂട്ടം മറ്റു ചരക്കുകളുടെ വില കൂട്ടാൻ ഇടയാക്കുകയോ ചെയ്യുന്ന പക്ഷം മറ്റു ഉൽപ്പന്നങ്ങളുടെ വിലയിൽ അത് ഒരു സ്വാധീനവും ഉണ്ടാക്കില്ല. എന്നാൽ എണ്ണ ഒരു സാർവത്രിക ഇടനില വസ്തു ആണെന്നിരിക്കെ ദരിദ്രരിൽ ദരിദ്രരായവർ ഉപയോഗിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അടക്കമുള്ള ഓരോ ചരക്കുകളുടെയും വില ഉയർത്താൻ അത് ഇടയാക്കും. കൽക്കരിയും എണ്ണയും വൈദ്യുതിയുമായാണ് സമ്പദ്ഘടനയിലെ എല്ലാ ചരക്കുകളുടെയും ഉൽപ്പാദനത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ഇടപെടുന്ന ഏറ്റവും



**പൊടുന്നനെയുള്ള ലോക്ഡൗൺ പ്രഖ്യാപനത്തിലൂടെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകണമെന്ന ഭരണഘടനാബാധ്യത ബിജെപി സർക്കാർ നഗ്നമായി ലംഘിച്ചിരിക്കയാണ്. ഈ ലോക്ഡൗൺ കാലത്ത് കാര്യങ്ങളെ അനിശ്ചിതമായിത്തന്നെ വഷളാക്കിക്കൊണ്ട് സർക്കാർ വിഭവസമാഹരണം നടത്തുന്നതിന് സാർവത്രിക ഇടനില വസ്തുവായ ഇന്ധനത്തിനുമേൽ നികുതി ചുമത്തുന്നത് തൊഴിലെടുക്കുന്ന മനുഷ്യരുടെ ചെലവിലാണ്. ഈ നടപടി ജനങ്ങളുടെ താൽപര്യത്തിന് വിരുദ്ധമാണെന്ന് മാത്രമല്ല വിഡ്ഢിത്തവുമാണ്.**

പ്രധാനപ്പെട്ട മൂന്ന് സാർവത്രിക ഇടനില വസ്തുക്കൾ. പണപ്പെരുപ്പവും വിലക്കയറ്റവും അടിച്ചേൽപ്പിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് കരുതലുള്ള ഏതു സർക്കാരും ഈ സാർവത്രിക ഇടനില വസ്തുക്കളുടെ വില ഉയർത്തുന്നതിൽനിന്ന് പിൻവാങ്ങും. അത്ഭുതമെന്നു പറയട്ടെ ബിജെപി സർക്കാർ അത്തരത്തിലുള്ള ഒരു സർക്കാരല്ല.

### ഹൃദയശൂന്യതയും താൽപര്യരാഹിത്യവും കൊണ്ട് പ്രസിദ്ധമാണ് ഈ കേന്ദ്രസർക്കാർ

ഒരു 'പൊതുകാര്യ'ത്തിനായി ഒരു വ്യക്തിയുടെ ആസ്തി ഗവൺമെന്റ് എടുക്കുന്ന പക്ഷം ആ ആസ്തിനഷ്ടത്തിന് ആ വ്യക്തിക്ക് നിയമാനുസൃതം നഷ്ടപരിഹാരം നൽകണമെന്ന് ഇന്ത്യൻ ഭരണഘടനയിൽതന്നെ വ്യവസ്ഥയുണ്ട്. ഇവിടെ വരുമാനത്തിന്റെ ഉറവിടമാണ് ഈ ആസ്തി. പൊടുന്നനെയുള്ള ലോക്ഡൗൺ പ്രഖ്യാപത്തിലൂടെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകണമെന്ന ഭരണഘടനാബാധ്യത ബിജെപി സർക്കാർ നഗ്നമായി ലംഘിച്ചിരിക്കയാണ്. ലോക്ഡൗൺ മൂലം വരുമാനം നഷ്ടമായ തൊഴിലാളികൾക്ക് ഇതുവരെ പണം നൽകാൻ തയ്യാറാവാത്ത ലോകത്തിലെ ഏകരാജ്യം ഇന്ത്യ ആയിരിക്കും.

ഈ ലോക്ഡൗൺ കാലത്ത് കാര്യങ്ങളെ അനിശ്ചിതമായിത്തന്നെ വഷളാക്കിക്കൊണ്ട് സർക്കാർ വിഭവസമാഹരണം നടത്തുന്നതിന് സാർവത്രിക ഇടനില വസ്തുവായ ഇന്ധനത്തിനുമേൽ നികുതി ചുമത്തുന്നത് തൊഴിലെടുക്കുന്ന മനുഷ്യരുടെ ചെലവിലാണ്. ഈ നടപടി ജനങ്ങളുടെ താൽപര്യത്തിന് വിരുദ്ധമാണെന്ന് മാത്രമല്ല വിഡ്ഢിത്തവുമാണ്. റവന്യൂ ചെലവിടുന്നത് അധികരിച്ചതോടെയാണ് ധനകമ്മി വർധിച്ചത്. ആ കമ്മിനികത്തുന്നതിനാണ് സർക്കാർ എണ്ണയ്ക്കുമേൽ നികുതി ചുമത്തുന്നത്. ധനകമ്മി കുറയ്ക്കാനായി നൂറു രൂപ കണ്ടെത്താൻ സർക്കാർ ചെയ്യുന്നത് ആദായനികുതി നിരക്കുകളിൽ ഐകരൂപ്യമുള്ള ആനുപാതിക വർധന വരുത്തിയും സാർവത്രിക ഇടനില വസ്തുവായ എണ്ണയ്ക്കുമേൽ നികുതി ചുമത്തിയുമാണ്.

ദരിദ്രജനവിഭാഗങ്ങൾക്ക് ആദായ നികുതി അടയ്ക്കേണ്ടാത്തതിനാൽ ആദായ നികുതി വർധനയുടെ ഭാരമത്രയും ജനസംഖ്യയിലെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവരുടെ ചുമലിലാകും. വരുമാനത്തിന്റെ ഒരു പങ്ക് കരുതിവയ്ക്കാൻ കഴിയുന്ന ഈ വിഭാഗം ഈ പണമെടുത്താണ് നികുതി അടയ്ക്കേണ്ടി വരുന്നത്. ആദായ നികുതി നൽകുന്നവർ തങ്ങളുടെ വരുമാനത്തിൽനിന്ന് മാറ്റിവയ്ക്കുന്ന സമ്പാദ്യത്തിന്റെ ഉപഭോഗം അങ്ങനെ നൂറു രൂപയിൽനിന്ന് 80 രൂപയിലേക്ക് കുറയുന്നു. അതോടെ ധനകമ്മി കുറയുന്നതുവഴി ഡിമാൻഡിൽ 80 രൂപയുടെ കുറവ് സൃഷ്ടിക്കപ്പെടുന്നു. എന്നാൽ ഇതേ നൂറു രൂപ എണ്ണയ്ക്ക് നികുതി ചുമത്തുന്നതിലൂടെ നേടാൻ ശ്രമിക്കുമ്പോൾ ആ ഭാരത്തിന്റെ ഒരുഭാഗം സമ്പാദ്യമൊന്നുമില്ലാത്ത ദരിദ്രരുടെ ചുമലിലാകും. ബാക്കി ഭാഗം സമ്പത്ത് മാറ്റിവയ്ക്കാൻ കഴിവുള്ളവരുടെ ചുമലിലും. ഇങ്ങനെ നൂറു രൂപ നേടുമ്പോൾ അതിൽ 50 രൂപ സമ്പാദ്യമൊന്നുമില്ലാത്ത ദരിദ്രജനവിഭാഗത്തിന്റേതാണ്. ബാക്കി 50 രൂപ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉള്ളവരുടെയും. ഇക്കൂട്ടരുടെ ഉപഭോഗത്തിന്റെ നിരക്ക് 40 രൂപയിൽനിന്ന് 10 രൂപയായി കുറയും.(നികുതി ഒടുക്കൽ ഉപഭോഗത്തിനും സമ്പാദ്യത്തിനും മേലുള്ള ചെലുത്തുന്ന ആഘാതം നേരത്തെ സൂചിപ്പിച്ച ഉദാഹരണത്തിന് തുല്യമാണെന്ന അനുമാനത്തിലാണ് അതായത് 80:2-0 ആണെന്ന അനുമാനത്തിലാണ് ഈ

**ധനകമ്മി ലഘൂകരിക്കാനുള്ള ഏറ്റവും മികച്ച മാർഗം സ്വത്തുനികുതി ചുമത്തലാണ്. അതിസമ്പന്നർക്കുമേലാണ് സ്വത്തുനികുതി ഏർപ്പെടുത്തുന്നത് എന്നതു കൊണ്ടു തന്നെ നികുതി അടയ്ക്കൽ ഉപഭോഗ നിരക്കിനെ ബാധിക്കുകയില്ല. നൂറു രൂപ സ്വത്തു നികുതി ചുമത്തുമ്പോൾ അത് ബാധിക്കുന്നത് ധനികന്റെ സ്വത്തിന്റെയൊ സമ്പാദ്യത്തിന്റെയോ വളരെ ചെറിയൊരംശത്തെ മാത്രമാണ്.**

കണക്ക്.) നികുതി അടയ്ക്കേണ്ടതു മൂലം ഉപഭോഗത്തിൽ വരുന്ന ആകെ കുറവ് 50 രൂപ(ദരിദ്രരുടേത്)ആകും. ഒപ്പം മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉള്ളവരുടെ 40 രൂപ കുടി ഇതിനോടു ചേരുമ്പോൾ കുറവ് 90 ആയി ഉയരും. മറ്റൊരർഥത്തിൽ എണ്ണയ്ക്കുമേലുള്ള നികുതി ചുമതൽ ദരിദ്രജനവിഭാഗങ്ങളുടെ ഉപഭോഗത്തെ പിഴിഞ്ഞൂറ്റുകയാണ്. അത് ഒരു വലിയൊരളവിൽ ഡിമാൻഡ് കുറയ്ക്കുകയുംചെയ്യുന്നു.

ചുരുക്കത്തിൽ ധനകമ്മി ലഘൂകരിക്കാനുള്ള ഏറ്റവും മികച്ച മാർഗം സ്വത്തുനികുതി ചുമത്തലാണ്. അതിസമ്പന്നർക്കുമേലാണ് സ്വത്തുനികുതി ഏർപ്പെടുത്തുന്നത് എന്നതുകൊണ്ടു തന്നെ നികുതി അടയ്ക്കൽ ഉപഭോഗ നിരക്കിനെ ബാധിക്കുകയില്ല. നൂറു രൂപ സ്വത്തു നികുതി ചുമത്തുമ്പോൾ അത് ബാധിക്കുന്നത് ധനികന്റെ സ്വത്തിന്റെയൊ സമ്പാദ്യത്തിന്റെയോ വളരെ ചെറിയൊരംശത്തെ മാത്രമാണ്. ഉപഭോഗത്തിന്റെ നിരക്കിൽ അത് നിസ്സാരമായ കുറവേ വരുത്തുകയുള്ളൂ. ഡിമാൻഡിൽ വരുന്ന കുറവ് പൂജ്യമായിരിക്കും. ധനകമ്മി കുറയ്ക്കാനുള്ള ഈ മാർഗം അതുകൊണ്ടു തന്നെ തൊഴിൽനഷ്ടവും ഉണ്ടാക്കില്ല.

അവസാനമായി, സർക്കാർ ധനകമ്മി കുറയ്ക്കാൻ ഒന്നും ചെയ്തില്ലെന്ന് വയ്ക്കുക, അപ്പോഴും മൊത്തം ഡിമാന്റിൽ ഒരു കുറവും വരില്ല. തൊഴിലിലും ഉൽപ്പാദനത്തിലും മാറ്റമൊന്നുമുണ്ടാകില്ല. സ്വകാര്യമേഖലയിൽ നിക്ഷേപം നടത്തുന്നവരെ ആശ്രയിച്ച് കടമെടുപ്പിലൂടെ ധനകമ്മി കുറയ്ക്കാനാണ് ശ്രമമെങ്കിൽ അത് രാജ്യത്ത് സമ്പത്തിന്റെ അസമത്വം സൃഷ്ടിക്കാനാകും കാരണമാകുക. സമ്പന്ന വിഭാഗത്തിന്റെ കൈയ്യിൽ ഗവൺമെന്റ് സെക്യൂരിറ്റികളായി സമ്പത്ത് എത്തുകയും ചെയ്യും. സ്വകാര്യമേഖലയിലെ സമ്പന്നവിഭാഗത്തിനേ അതിന്റെ ഗുണം ലഭിക്കൂ.

സമ്പന്ന നികുതി മാത്രമാണ് പ്രതിസന്ധി മറികടക്കാനുള്ള ഏറ്റവും നല്ല മാർഗം. ആ മാർഗം സ്വീകരിച്ചാൽ സാമ്പത്തിക അസമത്വം വർധിക്കുകയോ മൊത്തം ഡിമാൻഡ് കുറയുകയോ ഇല്ല. ഈ ധനകമ്മി തുടരുന്ന പക്ഷം സാമ്പത്തിക അസമത്വം വർധിക്കുന്നതും മൊത്തം ഡിമാൻഡ് കുറയുകയും ചെയ്യും. വരുമാനത്തിനു മേൽ നികുതി ചുമത്തുന്നത് സാമ്പത്തിക അസമത്വം വർധിപ്പിക്കില്ല, പക്ഷേ മൊത്തം ഡിമാൻഡിൽ കുറവു വരുത്തും. അതേസമയം എണ്ണയ്ക്കുമേൽ നികുതി ചുമത്തുന്ന പക്ഷം സാമ്പത്തിക അസമത്വം വർധിക്കില്ലെങ്കിലും മൊത്തം ഡിമാൻഡിന് അതുണ്ടാക്കുന്ന ആഘാതം രൂക്ഷമാക്കും. മൊത്തം ഡിമാൻഡിനെയും സാമ്പത്തിക അസമത്വത്തിന്റെയും കാഴ്ചപ്പാടിലൂടെ നോക്കിയാൽ സമ്പന്നർക്കുമേൽ നികുതി ചുമത്തുന്നതാണ് ഏറ്റവും മികച്ച പോംവഴി. ഇതിന് സാധിച്ചില്ലെങ്കിൽ പിന്നെ സർക്കാർ ചെയ്യേണ്ടത് പ്രത്യക്ഷ നികുതി കണ്ടെത്താൻ എണ്ണയ്ക്ക് മുകളിൽ നികുതി അടിച്ചേൽപ്പിക്കുന്നത് ഒഴികെയുള്ള മാർഗങ്ങൾ സ്വീകരിക്കലാണ്. എണ്ണയ്ക്കുമേൽ നികുതി ചുമത്തുക എന്നത് ഉൽപ്പാദനത്തിനും തൊഴിലിനും ഏറ്റവും വിപത്കരമായ സാധ്യതയാണ്. ●



## യുണൈറ്റഡ് ട്രേഡ് യൂണിയൻ പ്രതിഷേധം

# ജൂലൈ മൂന്നിന് രാജ്യവ്യാപക പ്രതിഷേധം



ജൂലൈ മൂന്നിന് കോവിഡ് –19 ലോക്ക്ഡൗണിന്റെ മധ്യത്തിൽ പോലും, പത്ത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും (സിടിയു) ദേശീയതലത്തിലുള്ള സഹോദര സംഘടനകളുടെയും ആഹ്വാനം മാനിച്ച് 25 സംസ്ഥാനങ്ങളിലെ 520 ജില്ലകളിലായി 28500 സ്ഥലങ്ങളിലും മൂന്നു കേന്ദ്ര ഭരണപ്രദേശങ്ങളിലുമായി 6.38 ലക്ഷത്തിലധികം തൊഴിലാളികളും ജോലിക്കാരും രാജ്യത്തെ വ്യവസായമേഖലകളിലും, നഗര-ഗ്രാമപ്രദേശങ്ങളിലെ റോഡുകളിലും തെരുവുകളിലും കൈയിൽ പ്ലക്കാർഡുകളും പതാകയുമായി മുദ്രാവാക്യങ്ങൾ ഉയർത്തികൊണ്ട് റാലികൾ നടത്തുകയും പൊതുയോഗങ്ങൾ നടത്തുകയും ചെയ്തു.

അതോടൊപ്പം, തങ്ങളുടെ ത്രിദിനപണിമുടക്കിനോടനുബന്ധിച്ച് 5.3 ലക്ഷം കൽക്കരി തൊഴിലാളികളും അന്ന് പണിമുടക്കിയിരുന്നു. നിരവധി സിഐടിയു ദേശീയ ഫെഡറേഷനുകളും പ്രതിഷേധപ്രകടനങ്ങൾ നടത്തി. ബാങ്ക്, ഇൻഷുറൻസ്, ഡിഫൻസ്, ടെലികോം (ബിഎസ്എൻഎൽ), റെയിൽവേ, AILRSA, DREU, ഈസ്റ്റേൺ റെയിൽവേയിലെ AIRF, S.E. റെയിൽവേ തുടങ്ങിയ മേഖലയിലെ സംഘടനകളും പ്രതിഷേധത്തിൽ പങ്കുചേർന്നു.

ജൂലൈ 3 ന് രാജ്യത്തുടനീളം 1.2 ദശലക്ഷത്തിലധികം തൊഴിലാളികളെയും അദ്ധ്വാനവർഗപ്രതിനിധികളെയുമാണ് അണിനിരത്തിയത്. ഈ കോവിഡ് –19 മഹാമാരിക്കാലത്ത് ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനനീക്കമായിരുന്നിരിക്കാം ഇത്. നേതൃത്വം, പ്രവർത്തകർ, സംഘടനാസംവിധാനങ്ങൾ എന്നിവരെല്ലാം ലോക്ക്ഡൌൺ പരിധിയിലായിട്ടും ഇത് സാധിച്ചു. കോർപ്പറേറ്റുകളും സർക്കാരും പിന്തുടരുന്ന ജനദ്രോഹനയങ്ങളുടെയും ദേശീയ ആസ്തികളുടെ വകതിരിവില്ലാത്ത വിൽപ്പനയ്ക്കെതിരെയും ഉള്ള എതിർപ്പിന്റെ ബഹിർസ്ഫുരണമായി പ്രാദേശികതലത്തിൽ ഉരുത്തിരിഞ്ഞുവന്ന സ്വാഭാവിക പ്രതികരണമായിരുന്നു ഇതെന്നുവേണം കരുതാൻ.

അതേ സായാഹ്നത്തിൽ പുറപ്പെടുവിച്ച പ്രസ്താവനയിൽ, കേന്ദ്ര ട്രേഡ് യൂണിയനുകൾ (സിടിയു) വിലയിരുത്തിയത് ജൂലൈ 3 ലെ പ്രതിഷേധ നടപടി, സർക്കാരിന്റെ തൊഴിലാളിവിരുദ്ധ, കർഷകവിരുദ്ധ, ജനവിരുദ്ധ, ദേശവിരുദ്ധ നയങ്ങൾക്കെതിരായ ശക്തമായ നിസ്സഹകരണ സമരമാണ് നടന്നതെന്നും രാജ്യത്തുടനീളമുള്ള എല്ലാ ജോലിസ്ഥലങ്ങളിലും കേന്ദ്രങ്ങളിലും ഇത് വൻവിജയമായിരുന്നു എന്നുമാണ്.



# ഇന്ത്യൻ റെയിൽവേയിൽ തസ്തികവെട്ടിക്കുറയ്ക്കൽ

ആത്മനിർഭർ ഭാരത് പദ്ധതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് വലിയ വായിൽ സംസാരിക്കുന്ന മോദി സർക്കാർ ഇന്ത്യൻ റെയിൽവേ തൊഴിലാളികളെ കടുത്ത ചൂഷണത്തിന് വിധേയമാക്കുകയാണ്. 2020 ജൂലൈ 2 ലെ സർക്കുലർപ്രകാരം റെയിൽവേ ബോർഡ് ഉൽപാദന യൂണിറ്റുകൾ ഉൾപ്പെടെ അതിന്റെ എല്ലാ ജിഎമ്മുകളോടും ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി ജീവനക്കാരുടെ 1.33 ലക്ഷത്തിൽ കൂടുതൽ ഒഴിവുള്ള തസ്തികകൾ 50% വെട്ടിക്കുറയ്ക്കാൻ ആവശ്യപ്പെട്ടു. ഒപ്പം, പുതിയ എല്ലാ പോസ്റ്റുകളും മരവിപ്പിക്കുകയും ചെയ്തു.

# പിഎം കെയേഴ്സ് ഫണ്ട്

# സുതാര്യതയില്ല, ഉത്തരവാദിത്തമില്ല




പ്രധാനമന്ത്രി എക്സ്-ഓഫീഷ്യോ ചെയർമാനും കേന്ദ്ര ആഭ്യന്തരമന്ത്രിയും ധനമന്ത്രിയും പ്രതിരോധ മന്ത്രിയും അതിന്റെ അംഗങ്ങളുമാണെങ്കിലും പിഎം കെയേഴ്സ് ഫണ്ട് ഒരു സ്വകാര്യ ട്രസ്റ്റ് ആയാണ് രൂപം കൊടുത്തിരിക്കുന്നത്. എന്നിട്ടും, ഇത് ഒരു സ്വകാര്യ ട്രസ്റ്റായതിനാൽ ഇത് വിവരാവകാശനിയമത്തിനും ഏതെങ്കിലും സർക്കാർ ഓഡിറ്റർ വഴിയുള്ള ഓഡിറ്റിനും വിധേയമാകേണ്ടതില്ല എന്നാണു കേന്ദ്രനയം. അതിനാൽ, ഈ ഫണ്ടിന് സുതാര്യതയോ ഉത്തരവാദിത്തമോ ഇല്ല.

2020 മാർച്ചിൽ പാർലമെന്റ് സമ്മേളനം മാറ്റിവെയ്ക്കപ്പെട്ട വേളയിലാണ് ഈ ഫണ്ട് പ്രഖ്യാപിച്ചത്. കോവിഡ് മഹാമാരി പ്രതിരോധത്തിനെന്നപേരിൽ ഈ ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യാൻ ഈ ഫണ്ടിലേക്ക് പണം കൊടുക്കണം എന്നൊരു അഭ്യർഥനയും പുറത്തിറക്കി. ഇത് ഒരു സ്വകാര്യ ട്രസ്റ്റാണെങ്കിലും സർക്കാർ ജീവനക്കാരെയും പ്രൊഫഷണലുകളെയും ഒരു ദിവസത്തെ ശമ്പളം നിർബന്ധമായും ഇതിലേയ്ക്ക് സംഭാവന ചെയ്യാൻ പ്രേരിപ്പിച്ചു. രണ്ട് വർഷത്തെ MPLAD ഫണ്ടുകൾ ഈ ട്രസ്റ്റിലേയ്ക്ക് വകമാറ്റിവിട്ടു. സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയായി ഒരു സ്വകാര്യ ട്രസ്റ്റിന്റെ ഈ ഫണ്ടിലേക്കുള്ള സംഭാവന കണക്കാക്കാൻ വേണ്ടി കമ്പനി ആക്റ്റ് 2013 ഭേദഗതി ചെയ്തു.

ദേശീയ ചിഹ്നങ്ങളും, പ്രധാനമന്ത്രിയുടെ ചിത്രവുമൊക്കെ ഈ ഫണ്ടിന്റെ പ്രചാരണത്തിനായി യഥേഷ്ടം ഉപയോഗിക്കുന്നു. ഒപ്പം, ഇതിനെ പിന്തുണയ്ക്കാൻ ഔദ്യോഗിക സർക്കുലറുകളിലൂടെ പൊതുമേഖലാ യൂണിറ്റ് ജീവനക്കാരോട് സംഭാവനകൾ ആവശ്യപ്പെടുന്നു. ഈ ഫണ്ടിലേക്ക് സംഭാവന ചെയ്യുന്ന പണത്തിനു നികുതി ഇളവുകൾ നൽകിയിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ധിയോളം പഴക്കമുള്ള, സുതാര്യവും സിഎജി ഓഡിറ്റുചെയ്യുന്നതുമായ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉള്ളപ്പോൾ എന്തുകൊണ്ടാണ് ഒരു പ്രത്യേക സ്വകാര്യ ട്രസ്റ്റ് ഫണ്ട് സൃഷ്ടിച്ചത് എന്നതിന് പിഎംഒയിൽ നിന്ന് ഇതുവരെ ഉത്തരമില്ല.

ഈ ഫണ്ട് ഏകദേശം 10,000 കോടി രൂപ ഇതിനകം സമാഹരിച്ചതായി മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. ഇതിൽ നാലായിരത്തിലധികം കോടി രൂപ സർക്കാർ ഏജൻസികളിൽ നിന്നും ജീവനക്കാരിൽ നിന്നും സമാഹരിച്ചതാണത്രേ. ഓപ്പൺ ടെൻഡറിംഗ് പ്രക്രിയയില്ലാതെ ഈ ഫണ്ട് ഉപയോഗിച്ച് വെന്റിലേറ്ററുകൾ വാങ്ങിയത് സംബന്ധിച്ചും ഗുരുതരമായ ആരോപണങ്ങളും വിവാദങ്ങളും പുറത്തുവന്നിട്ടുണ്ട്. ഈ ഫണ്ടിന്റെ വിശദാംശങ്ങൾ പരസ്യമാക്കുകയും പൊതു പരിശോധനയ്ക്ക് വിധേയമാക്കുകയും വേണം. ●



# വൺ ഇന്ത്യ വൺ പെൻഷൻ വാദം ആർക്ക് വേണ്ടി ?



എളമരം കരീം

അറുപത് വയസ് കഴിഞ്ഞ എല്ലാ ഇന്ത്യക്കാർക്കും പ്രതിമാസം പതിനായിരം രൂപ വീതം പെൻഷൻ ലഭിക്കണമെന്ന ആവശ്യമുയർത്തിയാണ്, ‘‘വൺ ഇന്ത്യ -വൺ പെൻഷൻ’’ എന്ന മുദ്രാവാക്യം ഉയർന്നത്. അറുപത് വയസ് കഴിഞ്ഞ്, വാർധക്യത്തിലേക്ക് പ്രവേശിച്ചവർക്ക് പതിനായിരം രൂപ പെൻഷൻ ലഭിക്കണമെന്ന ആവശ്യം തെറ്റല്ല. ജനങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കണമെന്ന നയം അംഗീകരിച്ച ഒരു ഭരണം ഇന്ത്യയിലുണ്ടെങ്കിൽ ഈ മുദ്രാവാക്യം യാഥാർത്ഥ്യമാക്കാൻ കഴിയും. എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും ജീവിതോപാധികളും നൽകാൻ അനുയോജ്യമായ നയം അനുസരിച്ച് ഭരണം നടത്തിയാലേ ഈ പറഞ്ഞ ആവശ്യം സഫലമാക്കാൻ കഴിയൂ. ആരാണിതിന് തടസ്സം?

‘വൺ ഇന്ത്യ വൺ പെൻഷൻ’ വാദം ഉയർത്തുന്ന ചിലർ സർക്കാർ ഉദ്യോഗസ്ഥർ, അധ്യാപകർ, പട്ടാളക്കാർ, ബാങ്ക് ജീവനക്കാർ തുടങ്ങിയവരുടെ പെൻഷനെ ആക്ഷേപിച്ച് സംസാരിക്കുന്നത് കണ്ടു. കേരളത്തിൽ റവന്യൂ വരുമാനത്തിന്റെ ഭൂരിഭാഗവും ശമ്പളത്തിനും പെൻഷനുമായി ചെലവഴിക്കേണ്ടി വരുന്നത് മഹാ അപരാധമായിട്ടാണ് ഇവർ പ്രചരണം നടത്തുന്നത്. കൊറോണ പടർന്നുപിടിച്ച സാഹചര്യത്തിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ, സർക്കാർ ജീവനക്കാർ, അധ്യാപകർ, പൊതു മേഖലാ ജീവനക്കാർ എന്നിവരുടെ ഒരു മാസത്തെ ശമ്പളം അഞ്ച് ഗഡുക്കളായി മാറ്റി വെക്കാൻ കേരള സർക്കാർ തീരുമാനിച്ചു. അതിനെ എതിർത്തും സർക്കാർ ഉത്തരവ് പരസ്യമായി കത്തിച്ചും വിരലിലെണ്ണാവുന്ന ഏതാനും ജീവനക്കാർ രംഗത്ത് വന്നു. അവരോട് ജനങ്ങൾക്ക് കടുത്ത രോഷമുണ്ടായത് സ്വാഭാവികം. ഈ അവസരമുപയോഗിച്ച്, ചിലർ ജീവനക്കാരുടെയും സംഘടിത മേഖലയിലെ തൊഴിലാളികളുടെയും നേരെ രംഗത്ത് വന്നു.

സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നത്, അനാവശ്യമാണോ?

ഒന്ന്- ശമ്പളം വാങ്ങുന്ന ഒരു വിഭാഗം അധ്യാപകരാണ്. സംസ്ഥാനത്തെ മനുഷ്യ വിഭവ ശേഷി വികസിപ്പിക്കുക എന്ന ധർമമാണ് അവർ നിർവഹിക്കുന്നത്. നമ്മുടെ മക്കളെ വിദ്യാസമ്പന്നരാക്കി നാളത്തെ സാങ്കേതിക വിദഗ്ദ്ധന്മാർ, ശാസ്ത്രജ്ഞന്മാർ, ഭിഷഗ്വരന്മാർ, നിയമജ്ഞർ, തൊഴിലാളികൾ എന്നിങ്ങനെയുള്ള വിഭാഗമാക്കി വളർത്തിയെടുക്കുന്നത് അധ്യാപകരമാണ്. നഴ്സറി മുതൽ സർവകലാശാലകൾ വരെ സർക്കാർ നടത്തുന്നത് എല്ലാ ദരിദ്രർക്കും സൗജന്യമായി വിദ്യാഭ്യാസം ലഭിക്കാനാണ്. സർക്കാർ ശമ്പളം നൽകുന്ന അധ്യാപകരെ മുഴുവൻ പിരിച്ച് വിട്ട്, സ്കൂളുകളും കോളേജുകളും അടച്ചുപൂട്ടി, ഈ മേഖല പൂർണമായും സ്വകാര്യ മേഖലയെ ഏൽപിച്ചാൽ എന്താവും സ്ഥിതി? പണമുള്ളവർക്ക് മാത്രം പഠിക്കാം. അത്തരമൊരവസ്ഥയിലേക്ക് സംസ്ഥാനത്തെ തള്ളിവിടണോ?

രണ്ട്- ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യജീവനക്കാർ എന്നിവരാണ് സർക്കാരിൽ നിന്ന് ശമ്പളം വാങ്ങുന്ന മറ്റൊരു വിഭാഗം. ജനങ്ങൾക്ക് സൗജന്യമായി ആരോഗ്യ സുരക്ഷ നൽകലാണ് ഇവരുടെ ജോലി. ഇവരെയെല്ലാം പിരിച്ച് വിട്ട് സ്വകാര്യ ആശുപത്രികൾ മാത്രം മതി എന്ന് തീരുമാനിച്ചാലോ? ആരോഗ്യ സംരക്ഷണം സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് കമ്പനികളെ ഏൽപിച്ചാലോ? നമ്മുടെ കൺമുമ്പിൽ ഇതിനുത്തരമുണ്ട്. കൊറോണ ബാധയെ തടഞ്ഞ് നിർത്തുന്നതിൽ കേരളം മികച്ച വിജയം നേടിയത്, പൊതു ആരോഗ്യമേഖലയുടെ മികവു കൊണ്ടാണ്. സമ്പത്തിലും, ശാസ്ത്ര- സാങ്കേതിക നേട്ടങ്ങളിലും ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന അമേരിക്കക്ക് ഇത് കഴിയാതെ പോയത് ആരോഗ്യ സംരക്ഷണം സ്വകാര്യ മേഖലയെ ഏൽപ്പിച്ചത് കൊണ്ടാണ്- ഏത് മാർഗമാണ് നാം തെരഞ്ഞെടുക്കേണ്ടത്?

മൂന്ന്- പോലീസ്, ഫയർഫോഴ്സ് തുടങ്ങിയ വിഭാഗം സർക്കാരിൽ നിന്ന് ശമ്പളം പറ്റുന്നവരാണ്. രാപ്പകലില്ലാതെ, നാടിന്റെയും ജനങ്ങളുടെയും സുരക്ഷക്കായി പ്രവർത്തിക്കുന്നവരാണിവർ. സംസ്ഥാനം നേരിട്ട എല്ലാ ദുരന്തകാലത്തും, ഇവർ ചെയ്ത സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. ഇവരെ ഒഴിവാക്കി അതും സ്വകാര്യ കമ്പനികളെ ഏൽപിക്കണോ?

നാല്- കൃഷി വകുപ്പിലെ വിദഗ്ദ്ധന്മാർ, പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ, ജലസേചന വകുപ്പിൻ കീഴിലെ എഞ്ചിനിയർമാർ, ആസൂത്രണ വകുപ്പിലെയും ധനവകുപ്പിലെയും സാമ്പത്തിക വിദഗ്ദ്ധന്മാർ, ഭരണ നിർവഹണം നടത്തുന്ന മറ്റ് മേഖലകളിലെ ഉദ്യോഗസ്ഥന്മാർ എന്നിവരെയെല്ലാം സർക്കാർ ഖജനാവ് മുടിക്കുന്നവരായി കണക്കാക്കുന്നത് അജ്ഞത കൊണ്ടാണ്. ഇവരിൽ പലർക്കും സ്വകാര്യ മേഖലയിലേക്ക് ചെന്നാൽ സർക്കാർ നൽകുന്നതിനേക്കാൾ കൂടുതൽ ശമ്പളം ലഭിക്കും.

ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ നിർവഹിക്കൽ സർക്കാരിന്റെ ഉത്തരവാദിത്തമാണ്. പ്രാദേശിക തലം വരെ അധികാര വികേന്ദ്രീകരണം നടത്തിയാൽ, അതെല്ലാം നിർവഹിക്കേണ്ട ഉദ്യോഗസ്ഥന്മാർ അനിവാര്യമാണ്. രാജഭരണകാലത്ത് ഇത്രയും ഓഫീസുകളും, ഉദ്യോഗസ്ഥരും ഉണ്ടായിരുന്നോ എന്നൊക്കെ ചോദിക്കുന്ന 'മണ്ടന്മാർ' നമുക്കിടയിലുണ്ട്. ജനാധിപത്യം തന്നെ വേണ്ട എന്ന് 'പുലമ്പുന്ന'വരും ഉണ്ട്.

**അറുപത് വയസ് കഴിഞ്ഞ എല്ലാ ഇന്ത്യക്കാർക്കും പ്രതിമാസം പതിനായിരം രൂപ വീതം പെൻഷൻ ലഭിക്കണമെന്ന ആവശ്യമുയർത്തിയാണ്, "വൺ ഇന്ത്യ -വൺ പെൻഷൻ" എന്ന മുദ്രാവാക്യം ഉയർന്നത്. എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും ജീവിതോപാധികളും നൽകാൻ അനുയോജ്യമായ നയം അനുസരിച്ച് ഭരണം നടത്തിയാലേ ഈ പറഞ്ഞ ആവശ്യം സഫലമാക്കാൻ കഴിയൂ. ആരാണിതിന് തടസ്സം?**



അതൊന്നും അംഗീകരിക്കാൻ പരിഷ്കൃത ജനതക്കാവില്ല. ആധുനിക കാലത്തെ ജനജീവിതത്തിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങൾക്കനുസരിച്ചുള്ള സേവനങ്ങൾ ലഭ്യമാക്കാൻ ജനകീയ സർക്കാരുകൾക്ക് ബാധ്യതയുണ്ട്; അതൊന്നും അനാവശ്യ ചെലവായി കണക്കാക്കാൻ വിവേകമുള്ള ഒരാൾക്കും സാധ്യമല്ല.

വാർധക്യകാലത്ത്, ഒരു തൊഴിലും ചെയ്യാൻ കഴിയാതെയും യാതൊരു വരുമാനമില്ലാതെയും ജീവിതം നരകതുല്യമായ അവസ്ഥയിലെത്തിയ കോടിക്കണക്കിന് ദരിദ്രരുള്ള രാജ്യമാണ് ഇന്ത്യ- വാർധക്യത്തിന് മുമ്പും ദരിദ്ര ജനതയുടെ അവസ്ഥ പരിതാപകരമാണ്. ഇന്ത്യയിലെ പകുതിയിലേറെ ജനങ്ങൾ ദരിദ്രരാണ്. തൊഴിലെടുത്ത് ജീവിക്കുന്ന 56 കോടി ഇന്ത്യാക്കാരിൽ പ്രതിമാസം നിശ്ചിത

**വാർധക്യകാലത്ത്, ഒരു തൊഴിലും ചെയ്യാൻ കഴിയാതെയും യാതൊരു വരുമാനമില്ലാതെയും ജീവിതം നരകതുല്യമായ അവസ്ഥയിലെത്തിയ കോടിക്കണക്കിന് ദരിദ്രരുള്ള രാജ്യമാണ് ഇന്ത്യ. തൊഴിലാളികളുടെയും കർഷകരുടെയും ജീവിത പ്രശ്നങ്ങൾ ഉയർത്തി തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ നിരന്തരമായി സമരം നടത്തിവരികയാണ്. നിരവധി ദേശീയ പണിമുടക്കുകൾ നടന്നു. ഈ സമരകാലത്തൊന്നും ജനങ്ങളുടെ ശബ്ദം കേൾക്കാൻ ശ്രമിക്കാതെ മാളത്തിലിരുന്നവർ, ഇപ്പോൾ ബോധോദയമുണ്ടായത് പോലെ, 'പെൻഷൻ' മുദ്രാവാക്യവുമായി രംഗത്തിറങ്ങിയതിന്റെ പിന്നിൽ ആരാണ്?**



ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്ന സംഘടിത മേഖലയിലെ സ്ഥിരം തൊഴിലാളികൾ ആകെ തൊഴിലാളികളുടെ 6 ശതമാനം മാത്രമാണ്. വൻകിട കോർപറേറ്റ് വ്യവസായങ്ങളിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും ഭൂരിപക്ഷം തൊഴിലാളികളും താല്ക്കാലിക-കരാർ തൊഴിലാളികളാണ്. ഇവർക്ക് നാമമാത്രകൂലിയാണ് ലഭിക്കുന്നത്. അസംഘടിത-പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ഒരു ദിവസത്തെ മിനിമം വേതനമായി മോഡി സർക്കാർ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് 182 രൂപയാണ്. ഇവർക്ക് ബോണസ്, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ തുടങ്ങിയ ഒരാനുകൂല്യവും ലഭിക്കുന്നില്ല. എന്നാൽ രാജ്യത്ത്, ഒരു വർഷം ഉൽപാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ പകുതിയിലധികം ഉൽപാദിപ്പിക്കുന്നത് ഇവരാണ്. ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുന്ന കർഷക തൊഴിലാളികളുടെ അവസ്ഥ ദയനീയമാണ്. ഒരു വർഷം ശരാശരി 30 ദിവസത്തിൽ താഴെ മാത്രമാണ് ജോലി. കാർഷിക മേഖല തകരുന്നത് കാരണം, ജോലി തന്നെ നഷ്ടപ്പെടുന്ന ഈ ഗ്രാമീണ ദരിദ്രർ, കൂട്ടത്തോടെ വൻ നഗരങ്ങളിലേക്ക് കുടിയേറുന്നു. അവരാണ് കുടിയേറ്റ തൊഴിലാളികൾ.

ഈ തൊഴിലാളികളുടെയും ദരിദ്ര- ഇടത്തരം കർഷകരുടെയും ജീവിത പ്രശ്നങ്ങൾ ഉയർത്തി തൊഴിലാളി- കർഷക പ്രസ്ഥാനങ്ങൾ നിരന്തരമായി സമരം നടത്തിവരികയാണ്. പ്രായപൂർത്തിയായ എല്ലാവർക്കും തൊഴിൽ നൽകുക, മിനിമം വേതനം പ്രതിമാസം 20,000 രൂപ നിശ്ചയിക്കുക, 60 വയസ് കഴിഞ്ഞവർക്ക് പ്രതിമാസം 6500 രൂപ വീതം പെൻഷൻ നൽകുക, കാർഷിക ഉൽപന്നങ്ങൾക്ക് ന്യായവില നൽകുക, സാർവത്രിക പൊതുവിതരണം നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ട്രേഡ് യൂണിയനുകളും കർഷക സംഘടനകളും ഉന്നയിച്ചത്. നിരവധി ദേശീയ പണിമുടക്കുകൾ നടന്നു. 20 കോടിയിൽപരം തൊഴിലാളികൾ ഒടുവിലത്തെ പണിമുടക്കിൽ അണിനിരന്നു. നാടിനെയാകെ ഇളക്കിമറിച്ച കർഷക സമരങ്ങൾ നടന്നു. ഈ സമരകാലത്തൊന്നും ജനങ്ങളുടെ ശബ്ദം കേൾക്കാൻ ശ്രമിക്കാതെ മാളത്തിലിരുന്നവർ, ഇപ്പോൾ ബോധോദയമുണ്ടായത് പോലെ, 'പെൻഷൻ' മുദ്രാവാക്യവുമായി രംഗത്തിറങ്ങിയതിന്റെ പിന്നിൽ ആരാണ്?

1947 ൽ സ്വാതന്ത്ര്യം നേടിയ ശേഷം ഒരു വികസിത ഭാരതം കെട്ടിപ്പടുക്കാൻ 75 വർഷങ്ങൾ ലഭിച്ചിട്ടും എന്ത് കൊണ്ട് സാധിച്ചില്ല? ഇപ്പോഴും ജനങ്ങളിൽ ഭൂരിപക്ഷവും പട്ടിണിയിലും അജ്ഞതയിലും കഴിഞ്ഞ് കൂടേണ്ടി വരുന്നതിന് കാരണക്കാർ ആരാണ്- പെൻഷൻ വാങ്ങുന്ന ഏതാനും ഉദ്യോഗസ്ഥന്മാരാണെന്ന് കണ്ടെത്തിയവരുടെ അജ്ഞതയിൽ പരിതപിക്കുകയല്ലാതെ എന്ത് ചെയ്യാൻ ?

1947 മുതൽ ഇന്ത്യ ഭരിച്ച കോൺഗ്രസും 2014 മുതൽ ഭരണത്തിലുള്ള ബിജെപിയും നടപ്പാക്കിയ നയങ്ങൾ കുത്തക മുതലാളി വർഗത്തെ തടിച്ച് കൊഴുപ്പിക്കുന്നതാണ്. അവരുടെ സമ്പത്ത് അനുദിനം വർധിക്കുന്നു. 2019 ൽ ഇന്ത്യയിലാകെ ഉണ്ടായ സമ്പത്തിന്റെ 70 ശതമാനം ജനസംഖ്യയുടെ മുകൾ തട്ടിലുള്ള 10 ശതമാനം പേരുടെ കൈകളിലാണെത്തിയത്. 1 ശതമാനം വരുന്ന ഇന്ത്യയിലെ വൻകിട സമ്പന്നന്മാർ രാജ്യത്തെ 58 ശതമാനം ജനങ്ങളുടെ സമ്പത്തിനേക്കാൾ കൂടുതൽ കൈക്കലാക്കി. എല്ലാ പൊതുസമ്പത്തും കോർപറേറുകൾ കയ്യടക്കുന്നു. പൊതുമേഖല മുഴുവൻ സ്വകാര്യവൽക്കരിക്കുന്നു. ഈ നയമാണ് ജനങ്ങളുടെ ദാരിദ്ര്യത്തിന് കാരണമെന്ന് കാണാൻ കഴിയാത്ത രാഷ്ട്രീയമാണ് 'വൺ ഇന്ത്യ- വൺ പെൻഷൻ' വാദക്കാരെ നയിക്കുന്നത്.

ഇന്ത്യയുടെ 2019-20 വർഷത്തെ 'ജിഡിപി (മൊത്തം സമ്പത്തുല്പാദനം) 147.79 ലക്ഷം കോടി രൂപ

യാണ്. (ഇന്ത്യൻ ജനതയുടെ പ്രതിശീർഷ വരുമാനം 1,75,000 രൂപ വരും) 1948 ൽ തൊഴിലാളി- കർഷക വിപ്ലവത്തിലൂടെ കമ്യൂണിസ്റ്റ് പാർടി അധികാരത്തിൽ വന്ന ചൈന അക്കാലത്ത് ഇന്ത്യയെക്കാൾ ദരിദ്ര രാജ്യമായിരുന്നു. 2019 ൽ അവരുടെ ജിഡിപി 15.15 ലക്ഷം കോടി ഡോളർ ആയിരുന്നു. (1136.25 ലക്ഷം കോടി രൂപ)

ചൈനയും ഇന്ത്യയും തമ്മിലുള്ള വ്യത്യാസം- ചൈന സോഷ്യലിസ്റ്റ് മാതൃക സ്വീകരിച്ചു. ഇന്ത്യ കുത്തക മുതലാളി- ഫ്യൂഡൽ വർഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്ന മാർഗം സ്വീകരിച്ചു- ഇന്ത്യയിൽ ഭൂമിയുടെ വലിയൊരു ഭാഗം ഇപ്പോഴും നാടുവാഴികളുടെ ഉടമസ്ഥതയിലാണ്. ഭൂപരിഷ്കരണം നടന്നില്ല. യഥാർത്ഥ കൃഷിക്കാരെ ഭൂമിയുടെ ഉടമകളാക്കിയില്ല. കേരളത്തിലെപോലെ ഭൂപരിഷ്കരണം ഇന്ത്യ മുഴുവൻ നടപ്പാക്കിയിരുന്നുവെങ്കിൽ അത്ഭുതകരമായ മാറ്റങ്ങൾ ഇന്ത്യയിലുണ്ടാവുമായിരുന്നു.

ഇന്ത്യയിൽ മാറി മാറി വരുന്ന കേന്ദ്ര സർക്കാരുകൾ കൽക്കരി, മറ്റ് ധാതുവിഭവങ്ങൾ, പ്രകൃതി വാതകം തുടങ്ങിയ സമ്പത്തിന്മേൽ സ്വകാര്യ കുത്തകകൾക്ക് അവകാശം ഉറപ്പിച്ചു. ടെലി- കമ്യൂണിക്കേഷൻ രംഗം റിലയൻസിന് തീറെഴുതി. ധനകാര്യമേഖല സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്നു. റെയിൽവെ, രാസവള ഉൽപാദനം, ആണവോർജം, ബഹിരാകാശ ഗവേഷണം, ആയുധ നിർമാണം തുടങ്ങിയ സകല മേഖലകളും സ്വകാര്യ കുത്തകകൾക്ക് നൽകാൻ തീരുമാനിച്ചു. കോർപറേറ്റ് നികുതി കുറച്ചുകൊടുത്തു. കൂടാതെ അവർ അടക്കേണ്ട നികുതി കുടിശിക ഒഴിവാക്കി കൊടുത്തു. പെട്രോൾ, ഡീസൽ വില വർധനവിലൂടെ മാത്രം, റിലയൻസ്, എസ്സാർ, ഷെൽഇന്ത്യ എന്നീ കുത്തക കമ്പനികൾ നേടിയത് കോടികളാണ്. കോവിഡ് കാലത്ത്, രാജ്യം വലിയ പ്രതിസന്ധി നേരിടുമ്പോൾ മുകേഷ് അംബാനിയുടെ ആസ്തിയിൽ മാർച്ച്- ഏപ്രിൽ- മെയ് മാസങ്ങളിൽ ഉണ്ടായ വർധനവ് 1,32,750 കോടി രൂപയാണ്.

ഈ നയങ്ങൾ മാറ്റി ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നയം സ്വീകരിച്ചാൽ എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും പെൻഷനും നൽകാൻ കഴിയും. എല്ലാവർക്കും വരുമാനവും പാർപ്പിടവും കുടിവെള്ളവും ചികിത്സയും വിദ്യാഭ്യാസവും മറ്റ് ജീവിത സൗകര്യങ്ങളും നൽകാൻ കഴിയാത്ത ''ദരിദ്ര''രാജ്യമല്ല ഇന്ത്യ. രാജ്യത്തിന്റെ സമ്പത്ത് ജനങ്ങളുടെ ക്ഷേമത്തിനുപയോഗിക്കുന്ന ഒരു നിയമമാണില്ലാത്തത്. കോൺഗ്രസും ബിജെപിയും ഒരേപോലെ- കുത്തക- നാടുവാഴി വർഗ താല്പര്യങ്ങളാണ് സംരക്ഷിച്ചത്. മാറേണ്ടത് ഈ നയമാണ്.

സ്വാതന്ത്ര്യ സമരത്തിൽ രക്തസാക്ഷികളായ ലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ സ്വപ്നമായിരുന്നു, സ്വയംപര്യാപ്തമായ സ്വതന്ത്രഭാരതം. ആ സ്വപ്നങ്ങളെ മുഴുവൻ തകർത്തവരാണ് ഇന്ത്യൻ ഭരണാധികാരികൾ. നേരത്തെ കോൺഗ്രസ്, ''പാവങ്ങൾക്ക് ഗതിയേകും'' എന്ന് വിളിച്ച് പറഞ്ഞു.

**കപട ദേശ സ്നേഹവും സങ്കുചിത ദേശീയ വാദവും ഉയർത്തി ജനങ്ങളെ വിവിധ തട്ടുകളിലാക്കി, സുഖമായി കുത്തക സേവ നടത്തി ആ ശക്തികളുടെ ബുദ്ധിയിൽ നിന്ന് ഉടലെടുത്തതാണ് 'വൺ ഇന്ത്യ- വൺ പെൻഷൻ' മുദ്രാവാക്യം. പെട്രോളിയം ഉൽപന്നങ്ങളുടെ വില ദിവസേന വർധിക്കുന്നതിനെതിരെ, കുടിയേറ്റ തൊഴിലാളികൾ നേരിട്ട മഹാദുരന്തത്തിനെതിരെ, ജോലിസമയം 12 മണിക്കൂറാക്കി ദീർഘിപ്പിച്ചതിനെതിരെ ഒരക്ഷരം ഉരിയാടാത്തവരുടെ പുതിയ "വേഷപ്പകർച്ച" ജനങ്ങൾ തിരിച്ചറിയും.**

പിന്നീട് ബിജെപി ''ജനങ്ങൾക്ക് നല്ല ദിവസങ്ങൾ വരും'' എന്ന് വിളിച്ചു കൂവി. മതത്തിന്റെയും ജാതിയിടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിച്ചു. കത്തുന്ന ജിവിത പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിട്ടു. കപട ദേശ സ്നേഹവും സങ്കുചിത ദേശീയ വാദവും ഉയർത്തി ജനങ്ങളെ വിവിധ തട്ടുകളിലാക്കി, സുഖമായി കുത്തക സേവ നടത്തി ആ ശക്തികളുടെ ബുദ്ധിയിൽ നിന്ന് ഉടലെടുത്തതാണ് 'വൺ ഇന്ത്യ- വൺ പെൻഷൻ' മുദ്രാവാക്യം. ഇത് സംഘപരിവാറിനെയും മോഡിയെയും രക്ഷിക്കാനാണ്. 2019 ലെ വിജയത്തിന് ശേഷം തൊഴിൽ നിയമങ്ങൾ റദ്ദാക്കിയും കാഷ്മീർ ജനതയെ ഒറ്റപ്പെടുത്തിയും പൗരത്വ നിയമത്തിലൂടെ മത ന്യൂനപക്ഷങ്ങളെ ഭീതിയിലാക്കുകയും വിലക്കയറ്റത്തിലൂടെ ജനങ്ങളെ കൊള്ളയടിക്കുകയും അതേ സമയം അയോധ്യ- ഏക സിവിൽ കോഡ് തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ സാവകാശത്തിൽ ''ഹിന്ദു രാഷ്ട്രം'' എന്ന പരമ ലക്ഷ്യത്തിലേക്ക് പതുക്കെ നീങ്ങാൻ ശ്രമിക്കുകയും ചെയ്യുന്ന സംഘപരിവാറിനും മോഡിക്കും കവചമൊരുക്കാനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. കോവിഡ് 19 ന് മുമ്പിൽ നിസ്സഹായനായി നിൽക്കുന്ന, ജനങ്ങളെ തീരാ ദുരിതത്തിലേക്ക് തള്ളി വിട്ട മോഡിയെ സംബന്ധിച്ച് ഉയരുന്ന ചർച്ചകൾ ഒഴിവാക്കണം ഇക്കൂട്ടർക്ക്!

ഏത് പ്രതിസന്ധി ഘട്ടത്തിലും ജനങ്ങളോടൊപ്പം നിന്ന് കേന്ദ്ര നയങ്ങൾക്ക് ബദൽ നയം ഉയർത്തി ലോക ശ്രദ്ധ പിടിച്ച് പറ്റിയ കേരളത്തിലെ ഇടത്പക്ഷ ജനാധിപത്യ മുന്നണിയെ ദുർബലമാക്കണം ചിലർക്ക്! പെട്രോളിയം ഉൽപന്നങ്ങളുടെ വില ദിവസേന വർധിക്കുന്നതിനെതിരെ, കുടിയേറ്റ തൊഴിലാളികൾ നേരിട്ട മഹാദുരന്തത്തിനെതിരെ, ജോലിസമയം 12 മണിക്കൂറാക്കി ദീർഘിപ്പിച്ചതിനെതിരെ ഒരക്ഷരം ഉരിയാടാത്തവരുടെ പുതിയ ''വേഷപ്പകർച്ച'' ജനങ്ങൾ തിരിച്ചറിയും. ●

## പെട്രോൾ ഡീസൽ വില വർധനവ്

# മോദി സർക്കാർ ജനങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്നു

**കേന്ദ്ര ഗവണ്മെന്റ് ചുമത്തുന്ന കൊല്ലുന്ന നികുതിയാണ് വില വർദ്ധനവിനിടയാകുന്നത്. വാഹനമോടിച്ചു ജീവിക്കുന്നവർക്കും വാഹന ഉടമകൾക്കും പൊതുഗതാഗത മേഖലയും തകർക്കാനിടയാക്കും. 20 ലക്ഷം തൊഴിലാളികൾ മോട്ടോർ വാഹന മേഖലയിൽ പണിയെടുക്കുന്നു. അവരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ദിനംപ്രതി വർധിക്കാൻ സർക്കാരിന്റെ ഈ പിടിച്ചുപറി ഇടയാക്കുന്നു.**






ആനത്തലവട്ടം ആനന്ദൻ

ഇന്ത്യക്ക് ആവശ്യമായ ഇന്ധനത്തിന്റെ 75 ശതമാനവും ഇറക്കുമതിയാണ്. നമ്മുടെ എണ്ണപ്പാടങ്ങളിൽ നിന്ന് 25%എണ്ണയെ ഖനനം ചെയ്യുന്നുള്ളു. 1948 ൽ പ്രാബല്യത്തിൽ വന്ന ഖനന നിയമമനുസരിച്ചാണ് എണ്ണ ഖനനം നടത്തിയിരുന്നത്.

1976 ൽ എണ്ണ കമ്പനികൾ ദേശസാൽക്കരിച്ചു. ഒഎൻജിസി നിലവിൽ വന്നു. എണ്ണ പര്യവേഷണത്തിനും ഖനനത്തിനും പദ്ധതി തയാറാക്കി. ബ്രഹ്മപുത്ര, കൃഷ്ണ, ഗോദാവരി നദീതടങ്ങളിലും .... ആസാം ഹൈവേയിലുമായി നൂറുകണക്കിന് എണ്ണപ്പാടങ്ങൾ കണ്ടെത്തി.

1980 ൽ ഖനനത്തിനും ശുദ്ധീകരണത്തിനും അനുമതി, അമേരിക്കയുടെ വിലക്കുകൊണ്ടു കേന്ദ്ര ഗവണ്മെന്റ് തടഞ്ഞു. ഇവിടെ എണ്ണ ഉല്പാദനം വർധിച്ചാൽ അമേരിക്കയിൽ നിന്നു വാങ്ങുന്ന എണ്ണയുടെ അളവു കുറയും. അതുകൊണ്ട് ഇന്ത്യ ഖനനം നടത്തരുത്. സ്വയം പര്യാപ്തതയിലെത്തരുതെന്ന ആ ദുഷ്ടലാക്കിന് ഇന്ത്യൻ ഭരണകൂടം കീഴടങ്ങി.

ഒഎൻജിസി കണ്ടെത്തി, കോടിക്കണക്കിനു രൂപ പര്യവേഷണത്തിനും ഖനനത്തിനും ശുദ്ധീകരണത്തിനുമായി ചെലവഴിച്ച എണ്ണപ്പാടങ്ങൾ റിലയൻസ് ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികൾക്ക് വിട്ടുകൊടുക്കാൻ കേന്ദ്ര ഭരണകൂടം തീരുമാനിച്ചു. അതിനായി ഖനന നിയമവും ദേശവൽക്കരണ നിയമവും കോൺഗ്രസ് ബിജെപി ഗവണ്മെന്റുകൾ റദ്ദു ചെയ്തു.

എങ്കിലും പെട്രോളിന്റെയും ഡീസലിന്റെയും വില നിർണയാവകാശം കേന്ദ്ര ഗവണ്മെന്റിൽ നിക്ഷിപ്തമായിരുന്നു. വിലയുടെ ഏറ്റക്കുറച്ചിൽ ഉണ്ടാകാതിരിക്കാൻ 1972 ൽ തുടങ്ങിയ ഓയിൽ പൂൾ അക്കൗണ്ട് നിലനിന്നിരുന്നു. അന്തർദേശീയ മാർക്കറ്റിൽ വില അമിതമായാൽ ഫണ്ടിൽ നിന്ന് പണം ഇറക്കി സർക്കാർ വിലക്കയറ്റം പിടിച്ചു നിർത്തും. വിലകുറഞ്ഞാൽ അധിക വരുമാനം ഫണ്ടിലേക്കു നിക്ഷേപിക്കും. ഇതായിരുന്നു ഓയിൽ പൂളിന്റെ ലക്ഷ്യം.

വില നിർണയാവകാശവും ഓയിൽപൂൾ അക്കൗണ്ട് സിസ്റ്റവും 2002 ൽ അധികാരത്തിലേറിയ വാജ്പേയ് ഗവണ്മെന്റ് നിർത്തലാക്കി. അതിന് ശേഷം വന്ന യുപിഎ ഗവണ്മെന്റ് പെട്രോളിന്റെ വില നിശ്ചയിക്കാനുള്ള അവകാശം എണ്ണ കമ്പനികൾക്കു വിട്ടുകൊടുത്തു.

എണ്ണ കമ്പനികൾ യഥേഷ്ടം വില വർധിപ്പിക്കാൻ തുടങ്ങി. 2014 ൽ മോദി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ലിറ്റർ പെട്രോളിന് 62 രൂപയും ഡീസലിന് 42 രൂപയുമായിരുന്നു വില. അതു കൂടുതലാണെന്നു പറഞ്ഞ് കാളവണ്ടിയിൽ സഞ്ചരിച്ച് പ്രതിഷേധിച്ച ബിജെപി, അധികാരത്തിൽ വന്നാൽ 40 രൂപക്ക് ഒരു ലിറ്റർ പെട്രോൾ വിൽക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. മോദി വരുമ്പോൾ പെട്രോൾ- ഡീസൽ വില വ്യത്യാസം 40 രൂപയായിരുന്നു. കോൺഗ്രസ് ഗവണ്മെന്റ് എണ്ണ കമ്പനികൾക്ക് പെട്രോളിന്റെ വില നിശ്ചയിക്കാൻ വിട്ടുകൊടുത്ത അവകാശം തിരിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ച അധികാരത്തിൽ വന്ന മോദി ഗവണ്മെന്റ് ഡീസലിന്റെ വില നിർണയാവകാശം കൂടി എണ്ണ കമ്പനികൾക്കു വിട്ടുകൊടുത്തു. അതോടെ 20 രൂപയുടെ പെട്രോൾ ഡീസൽ വില വ്യത്യാസം 10 രൂപയിൽ താഴെയായി.

അന്തർ ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കൂടുന്നതാണ് ഇന്ത്യയിൽ എണ്ണ വില കൂടാൻ കാരണമെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കലാണ് ഗവണ്മെന്റുകൾ ചെയ്തു വരുന്നത്. എന്നാൽ വസ്തുതാ വിരുദ്ധമാണ് ആ കണക്കുകളെന്ന് താഴെ കൊടുക്കുന്ന പട്ടിക ബോധ്യപ്പെടുത്തും.

ബിജെപി അധികാരമേൽക്കുമ്പോൾ പെട്രോളിന് 62 രൂപയും ഡീസലിന് 42 രൂപയുമായിരുന്നു. ഒരു ബാരൽ ക്രൂഡോയിലിന്റെ വിലയാകട്ടെ 115 ഡോളറും. ഈ കുറിപ്പെഴുതുമ്പോൾ ക്രൂഡോയിൽ വില 40 ഡോളറും പെട്രോൾ വില 81.28 രൂപയും. ഡീസൽ വില 76 രൂപയുമാണ്. ഇതിൽ നിന്ന് അന്തർ ദേശീയ മാർക്കറ്റിലെ എണ്ണ വിലയും ഇവിടത്തെ വില്പന വിലയും തമ്മിൽ ബന്ധമില്ലെന്നു കാണാം.

| വർഷം | ക്രൂഡ് വില ഡോളർ | പെട്രോൾ വില രൂപ പൈസ | ഡീസൽ വില രൂപ പൈസ |
|---|---|---|---|
| 2014 | 115.00 | 62. 00 | 42. 00 |
| 2016 | 27.67 | 59. 00 | 44. 96 |
| 2017 | 49.59 | 73. 00 | 63. 00 |
| 2018 | 70.00 | 76. 68 | 69. 30 |
| 2019 | 59.70 | 71. 53 | 66. 19 |
| 2020 | 40.80 | 81. 28 | 76. 12 |

കേന്ദ്ര ഗവണ്മെന്റ് ചുമത്തുന്ന കൊല്ലുന്ന നികുതിയാണ് വില വർദ്ധനവിനിടയാകുന്നത്. 2014 ൽ എണ്ണയിൽ നിന്ന് കേന്ദ്ര ഗവണ്മെന്റിന് ചുമത്തിയ നികുതി 98184 കോടി രൂപയാണ്. 2016 ൽ അത് 242681 കോടി രൂപയായും 2019 -20 ൽ 308681 കോടി രൂപയായും വർധിച്ചു.

ഒരു ലിറ്റർ പെട്രോളിന് കേന്ദ്രം ചുമത്തുന്ന നികുതി 32 രൂപ 98 പെസയാണ് സംസ്ഥാന നികുതി 19 രൂപ 30 പൈസയും. രണ്ടും കൂടി 52 രൂപ 28 പൈസ. കേന്ദ്ര നികുതിയിൽ നിന്ന് സംസ്ഥാനങ്ങൾക്കു ലഭിക്കുന്നത് ബേസിക് എക്സൈസ് ഡ്യൂട്ടിയുടെ (2 രൂപ 98 പൈസ)22% ആണ്. അതു പ്രകാരം കേരളത്തിന് ഒരു ലിറ്ററിന് 3 പൈസ നികുതി വിഹിതം ലഭിക്കും. ബാക്കിയെല്ലാം കേന്ദ്രത്തിനു പണമുണ്ടാക്കാനുള്ള മാർഗമായി പെട്രോളിന്റെ മേൽ എക്സൈസ് ഡ്യൂട്ടിക്കു പുറമെ അധീഷണൽ എക്സൈസ് ഡ്യൂട്ടി ലിറ്ററിന് 12 രൂപയും റോഡ്സെസ് ലിറ്ററിന് 18 രൂപയും കേന്ദ്രം ഈടാക്കുന്നു.

ഇതെല്ലാം ഒരു ടൂവീലറെങ്കിലും ഉള്ള കുടുംബത്തിന്റെ ബഡ്ജറ്റ് തകർക്കും. വാഹനമോടിച്ചു ജീവിക്കുന്നവർക്കും വാഹന ഉടമകൾക്കും പൊതുഗതാഗത മേഖലയും തകർക്കാനിടയാക്കും. 20 ലക്ഷം തൊഴിലാളികൾ മോട്ടോർ വാഹന മേഖലയിൽ പണിയെടുക്കുന്നുണ്ട്. അവരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ദിനംപ്രതി വർധിക്കാൻ സർക്കാരിന്റെ ഈ പിടിച്ചുപറി ഇടയാക്കുന്നു. കോവിഡ് കാലം ഒരു സൗകര്യമായി കണ്ട് ജനങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്നതിൽ നിന്ന് കേന്ദ്ര ഗവണ്മെന്റ് പിന്തിരിയണം. ●

# സാമ്പത്തിക പ്രതിസന്ധിയും തൊഴിൽ നഷ്ടവും അതിരൂക്ഷം



**ജോസ് ടി എബ്രഹാം**

**ആഗോള സാമ്പത്തിക തകർച്ച 1930 – കളിൽ കണ്ടതിലും തീവ്രമാകുമെന്ന് ലോക ബാങ്ക്, ഐഎംഎഫ്, സ്റ്റാൻഡേർഡ് & പുവർ**

●

**തൊഴിലില്ലായ്മ അതിരൂക്ഷമാകുമെന്ന് ഐഎൽഒ**

കോവിഡ് 10 മൂലമുണ്ടാകുന്ന ആഗോള സാമ്പത്തികരംഗത്തെ തകർച്ച 1930-കളിൽ കണ്ടതിലും തീവ്രമാകുമെന്ന് ലോക ബാങ്ക്, ഐഎംഎഫ് തുടങ്ങിയ സ്ഥാപനങ്ങളും സ്റ്റാൻഡേർ ആന്റ് പുവർ (S & T) തുടങ്ങിയ റേറ്റിങ്ങ് ഏജൻസികളും ജൂൺ മാസത്തിൽ പുറത്തുവിട്ട റിപ്പോർട്ടുകളിൽ പറഞ്ഞു.

തൊഴിലില്ലായ്മ അതിരൂക്ഷമാകുമെന്ന് ഐഎൽഒയുടെ റിപ്പോർട്ടും പറയുന്നു. ഈ ഏജൻസികളുടെ പഠനങ്ങളും റിപ്പോർട്ടുകളും ഇതുവരെയുള്ള കോവിഡ് വ്യാപനത്തേയും അതിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിയുടെയും അടിസ്ഥാനത്തിലാണ്. എന്നാൽ കോവിഡ് 19 രോഗവ്യാപനം ഗുരുതരമായി കൂടുതൽ കാലം നീണ്ടുനിൽക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ആ രൂപത്തിൽ കാര്യങ്ങൾ വികസിച്ചാൽ സ്ഥിതിഗതി കൂടുതൽ രൂക്ഷമാകും.

### ലോകം ഇന്നുവരെ കാണാത്ത പ്രതിസന്ധി : ഐഎംഎഫ്

ലോകം ഇന്നുവരെ കാണാത്ത തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നതെന്ന് ഐഎംഎഫ് ജൂൺ 24-ന് പ്രസിദ്ധീകരിച്ച വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക് റിപ്പോർട്ടിൽ പറഞ്ഞു. കോവിഡ് 19 പൊട്ടിപ്പുറട്ടതിനുശേഷം ഏപ്രിൽ മാസത്തിൽ ഐഎംഎഫ് പുറത്തുവിട്ട റിപ്പോർട്ടിൽ പറഞ്ഞത് ആഗോള സമ്പദ് ഘടന 3% ചുരുക്കം നേരിടുമെന്നാണ്.

എന്നാൽ ജൂൺ 24-ന് പുറത്തുവന്ന ഐഎംഎഫ് റിപ്പോർട്ടിൽ പറയുന്നത് ആഗോള സമ്പദ് രംഗം 4.9% ചുരുങ്ങുമെന്നാണ്. പ്രതീക്ഷിച്ചതിലും വളരെ സാവധാനത്തിൽ മാത്രമേ സമ്പദ് രംഗം പ്രതിസന്ധിയിൽ നിന്നും കരകയറൂ. ദാരിദ്ര്യ നിർമാർജനരംഗത്ത് ലോകം കൈവരിച്ച നേട്ടങ്ങൾ പിന്നോട്ടടി നേരിടുന്നു. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളെയാകും പ്രതിസന്ധി ഏറ്റവും രൂക്ഷമായി ബാധിക്കുന്നത്.

സാമൂഹിക അകലം പാലിക്കലും, ആരോഗ്യ സുരക്ഷാ സംരക്ഷണങ്ങളും മൂലം ഉൽപ്പാദനം പഴയ രൂപത്തിലാകാൻ സമയമെടുക്കും. വിവിധ രാജ്യങ്ങളിൽ രോഗവ്യാപനം വർധിക്കുന്നു. ലോക് ഡൗൺ നീണ്ടുപോകുന്നതും ഉൽപ്പാദനത്തെ ബാധിക്കും.

2020-ൽ അമേരിക്കൻ സമ്പദ് രംഗം 8% ചുരുങ്ങും. ഫ്രാൻസിന്റെ സമ്പദ് രംഗം 12.5% വും ഇറ്റലിയുടെയും സ്പെയിനിന്റെയും 12.8% വീതവും ചുരുങ്ങൽ നേരിടും. യൂറോ മേഖല മൊത്തത്തിലെടുത്താൽ 10.2% ആയിരിക്കും ചുരുക്കം. ചൈന, ഇന്ത്യ തുടങ്ങിയ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ സമ്പദ് രംഗം 3% ചുരുക്കം നേരിടും. ഇന്ത്യൻ സമ്പദ് രംഗം 4.5% ചുരുങ്ങും. എന്നാൽ ചൈനയുടെ ജിഡിപി 1% വളർച്ച കൈവരിക്കുമെന്നും ഐഎംഎഫ് റിപ്പോർട്ട് പറയുന്നു.

ആഗോള സമ്പദ് രംഗം മൊത്തത്തിലെടുത്താൽ 12 ട്രില്യൺ ഡോളറിന്റെ നഷ്ടം കോവിഡ് 19 മൂലമുണ്ടാകുമെന്നും ഐഎംഎഫ് ചീഫ് സാമ്പത്തിക ശാസ്ത്രജ്ഞ ഗീതാ ഗോപിനാഥ് പറഞ്ഞു. തൊഴിൽ മേഖലയാണ് കോവിഡ് 19 മൂലം ഏറ്റവും രൂക്ഷമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നത്. വീട്ടിലിരുന്ന് ഇന്റർനെറ്റിലൂടെയും മറ്റും ജോലി ചെയ്യാൻ കഴിയാത്ത വൈദഗ്ധ്യം കുറഞ്ഞ തൊഴിലാളികളാണ് ഏറ്റവും വലിയ ബുദ്ധിമുട്ടിലായത്. കുറഞ്ഞ വൈദഗ്ധ്യമുള്ളവരേയും ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടമായത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾക്കാണെന്നും ഐഎംഎഫ് കണ്ടെത്തി. 2020-ൽ 90% രാജ്യങ്ങളിലും ആളോഹരി വരുമാനത്തിൽ വലിയ ഇടിവുണ്ടാകും. അതിനാൽത്തന്നെ ദാരിദ്ര്യനിർമാർജന ഉദ്യമങ്ങൾക്ക് വലിയ തിരിച്ചടിയുണ്ടാകും.



ജൂൺ 24-ന് പുറത്തുവന്ന ഐഎംഎഫ് റിപ്പോർട്ടിൽ പറയുന്നത് ആഗോള സമ്പദ് രംഗം 4.9% ചുരുങ്ങുമെന്നാണ്. പ്രതീക്ഷിച്ചതിലും വളരെ സാവധാനത്തിൽ മാത്രമേ സമ്പദ് രംഗം പ്രതിസന്ധിയിൽ നിന്നും കരകയറൂ. ദാരിദ്ര്യ നിർമാർജനരംഗത്ത് ലോകം കൈവരിച്ച നേട്ടങ്ങൾ പിന്നോട്ടടി നേരിടുന്നു. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളെയാകും പ്രതിസന്ധി ഏറ്റവും രൂക്ഷമായി ബാധിക്കുന്നത്.

### രണ്ടാംലോക മഹായുദ്ധത്തിനുശേഷം ഉണ്ടാകുന്ന വലിയ സാമ്പത്തിക തകർച്ച : ലോകബാങ്ക്

കോവിഡ് പ്രതിസന്ധി മൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഉണ്ടാകുന്ന ഏറ്റവും രൂക്ഷമായ ഒന്നാണെന്ന് ലോകബാങ്ക് ജൂൺ 28-ന് പ്രസിദ്ധീകരിച്ച ഗ്ലോബൽ ഇക്കണോമിക് പ്രോസ്പെക്ടസ് എന്ന റിപ്പോർട്ടിൽ പറഞ്ഞു. ആളോഹരി വരുമാനം കുത്തനെ ഇടിഞ്ഞ് കോടിക്കണക്കിന് ആളുകൾ പരമ ദരിദ്രരാകും.

ആഗോള സമ്പദ് രംഗം 2020-ൽ 5.2% തകർച്ച നേരിടുമെന്നാണ് ലോകബാങ്ക് പറയുന്നത്. ഉൽപ്പാദനത്തിലും വിതരണത്തിലും ഉപഭോഗത്തിലും വ്യാപാരത്തിലും എല്ലാം അഭൂതപൂർവമായ തകർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വികസിത രാജ്യങ്ങളിലെ മൊത്തം സാമ്പത്തിക ചുരുക്കം 2020-ൽ 7% വും വികസ്വര രാജ്യങ്ങളിലെ ശരാശരി സാമ്പത്തിക ചുരുക്കം 2.5%-വും ആയിരിക്കും. ആളോഹരി



**സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും അതിരൂക്ഷമായി തുടരുമെന്ന് റോയിട്ടർ സർവേ. കോവിഡ് 19–ന്റെ രണ്ടാം വ്യാപനമാണ് അവർ കാണുന്ന ഭീഷണി.**

●

**ഇന്ത്യൻ സമ്പദ് രംഗം 5% തകർച്ച 2020–ൽ നേരിടും : സ്റ്റാൻഡേർഡ് ആന്റ് പുവർ. വൈറസ് നിയന്ത്രിക്കാൻ കഴിയാത്തതും നയപരമായ നടപടികൾ വേണ്ട രീതിയിൽ എടുക്കാത്തതും ധനമേഖലയിലെ കുഴപ്പങ്ങളും ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് തിരിച്ചടിയാകുമെന്ന് എസ് ആന്റ് പി പറയുന്നു.**

●

**തൊഴിൽ നഷ്ടം രൂക്ഷം. ഏപ്രിൽ – ജൂൺ മാസങ്ങളിൽ ആഗോളതലത്തിൽ വർക്കിങ് ഔവേഴ്സ് കണക്കാക്കിയാൽ 24%ത്തിന്റെ ഇടിവുണ്ടായതായി ഐഎൽഒ.**

വരുമാനത്തിൽ 3.5% ഇടിവുണ്ടാകും. ഇത് കോടിക്കണക്കിന് ആളുകളെ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിടും. 1970–ന് ശേഷമുണ്ടാകുന്ന ഏറ്റവും ഉയർന്ന ഇടിവാണ് ആളോഹരി വരുമാനം രേഖപ്പെടുത്തുന്നതെന്നും ലോക ബാങ്ക് റിപ്പോർട്ട് പറയുന്നു.

ലോക ബാങ്കിന്റെ അനുമാനത്തിൽ ഇന്ത്യൻ സമ്പദ്ഘടന നേരിടുന്നത് 3.2% ചുരുക്കമാണ്. നേരത്തേ ലോക ബാങ്ക് പറഞ്ഞത് ഇന്ത്യൻ സമ്പദ് ഘടന 6.1% വളർച്ച നേടുമെന്നാണ്. ആഗോള സമ്പദ് രംഗത്തെ തകർച്ചയും തയ്യാറെടുപ്പില്ലാതെ നടപ്പാക്കിയ ലോക് ഡൗണും ഇന്ത്യൻ സമ്പദ് രംഗത്തിന് തിരിച്ചടിയായി ലോക ബാങ്ക് പറയുന്നു.

### സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും രൂക്ഷമായി തുടരും : റോയിട്ടർ

250–ലധികം പ്രസിദ്ധരായ സാമ്പത്തിക ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചുകൊണ്ട് റോയിട്ടർ നടത്തിയ സർവേ പറയുന്നത് സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും അതിരൂക്ഷമായി തുടരുമെന്നാണ്. റോയിട്ടർ സർവേയിൽ പങ്കെടുക്കുന്ന ശാസ്ത്രജ്ഞർ സാമ്പത്തികരംഗം പലതരം ഭീഷണികൾ നേരിടാൻ സാധ്യതയുണ്ടെന്ന് പറഞ്ഞു. ഒന്നാമതായി കോവിഡ് 19–ന്റെ രണ്ടാം വ്യാപനമാണ് അവർ കാണുന്ന ഭീഷണി. രണ്ടാമതായി കാണുന്ന പ്രശ്നം കേന്ദ്ര ബാങ്കുകൾക്ക് ഇനിയും പണപരമായ നടപടികൾ എടുക്കാനുള്ള സാധ്യത ഇല്ലാതായിക്കൊണ്ടിരിക്കുന്നു. മിക്ക രാജ്യങ്ങളിലെയും കേന്ദ്ര ബാങ്കുകൾ പലിശ നിരക്കുകൾ കുറയ്ക്കാവുന്നത്ര കുറച്ചുകഴിഞ്ഞു. അമേരിക്ക ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും പലിശനിരക്ക് ഇപ്പോൾ പൂജ്യമോ അതിനടുത്തോ ആണ്. മൂന്നാമതായി രാജ്യങ്ങൾക്ക് ധനപരമായ നടപടികൾ എടുക്കാനുള്ള സാധ്യതകളും കുറഞ്ഞുവെന്ന വിഷയമാണ്. സർക്കാരുകൾ ഇപ്പോൾ തന്നെ 11 ട്രില്യൺ ഡോളറോളം കോവിഡ് പ്രതിസന്ധി മറികടക്കാൻ ചെലവഴിച്ചുകഴിഞ്ഞു. സാമ്പത്തിക രംഗം 2008–ൽ നേരിട്ടതിലും വലിയ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

### സമ്പദ് രംഗം ആഴത്തിലുള്ള കുഴപ്പത്തിൽ : സ്റ്റാൻഡേർഡ് ആന്റ് പുവർ

അന്തർദേശീയ റേറ്റിങ് ഏജൻസികളും ആഗോള സമ്പദ് രംഗം ചരിത്രത്തിൽ ഇന്നുവരെ കാണാത്ത തരത്തിലുള്ള കുഴപ്പത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നു. സ്റ്റാൻഡേർഡ് ആന്റ് പുവറിന്റെ അനുമാനത്തിൽ ഇന്ത്യൻ സമ്പദ് രംഗം 5% തകർച്ച 2020–ൽ നേരിടും. വൈറസ് നിയന്ത്രിക്കാൻ കഴിയാത്തതും നയപരമായ നടപടികൾ വേണ്ട രീതിയിൽ എടുക്കാത്തതും ധനമേഖലയിലെ കുഴപ്പങ്ങളും ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് തിരിച്ചടിയാകുമെന്ന് എസ് ആന്റ് പി പറയുന്നു. എസ്.ആന്റ്.പിയുടെ ഏഷ്യാ പസഫിക് പ്രദേശത്തെ കുറിച്ചുള്ള റിപ്പോർട്ടിലാണ് ഇന്ത്യൻ സ്ഥിതി വിലയിരുത്തുന്നത്.

പ്രതിസന്ധിയുടെ കാലത്ത് നിക്ഷേപത്തിൽ വലിയ ഇടിവുണ്ടാകും. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും ഏതാണ്ട് നിലച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സാമ്പത്തിക വീണ്ടെടുപ്പ് വളരെ സാവധാനമായിരിക്കുമെന്നും എസ് ആന്റ് പി റിപ്പോർട്ടിൽ പറയുന്നു.

### തൊഴിൽനഷ്ടം അതിരൂക്ഷം : ഐഎൽഒ

സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ (ഏപ്രിൽ–ജൂൺ) ആഗോളതലത്തിൽ വർക്കിങ് ഔവേഴ്സ് കണക്കാക്കിയാൽ 24%ത്തിന്റെ ഇടിവുണ്ടായതായി ഐഎൽഒ. കോവിഡ് 19 പൊട്ടിപ്പുറപ്പെട്ട ശേഷം പുറത്തിറക്കിയ വേൾഡ് ഓഫ് വർക്കിന്റെ അഞ്ചാം എഡിഷനിൽ പറഞ്ഞു. ജൂൺ 30–നാണ് ഐഎൽഒ ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. മേയ് 27–ന് ഐഎൽഒ റിപ്പോർട്ട് കണക്കാക്കിയത് 30.5 കോടി പൂർണസമയ ജോലി മാത്രം നഷ്ടപ്പെട്ടുവെന്നാണ്. ഐഎൽഒയുടെ പുതുക്കിയ കണക്കുകൾ കാണിക്കുന്നത് തൊഴിലിന്റെ സ്ഥിതി വഷളായിക്കൊണ്ടിരിക്കുന്നു എന്നാണ്.

ലോകത്തെ തൊഴിലാളികളിൽ 90% വും ജീവിക്കുന്നത്, കോവിഡ് 19 മൂലം അടച്ചുപൂട്ടലോ നിയന്ത്രണങ്ങളോ ഉള്ള പ്രദേശങ്ങളിലാണ്. തൊഴിലിന്റെ സ്ഥിതി കോവിഡ് 19–ന്റെ വ്യാപനം എങ്ങനെ വികാസം പ്രാപിക്കും എന്നതിനെ ആശ്രയിച്ചിരിക്കുന്നു. കോവിഡ് 19 മൂലം തൊഴിൽമേഖലയിലെ പ്രതിസന്ധി കൂടുതൽ ബാധിച്ചത് സ്ത്രീകളെയാണെന്നും ഐഎൽഒ കണ്ടെത്തി.

ആഗോള സമ്പദ് രംഗവും തൊഴിൽമേഖലയും പല പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് കോവിഡ് പൊട്ടിപ്പുറപ്പെട്ടത്. അമേരിക്കയും ചൈനയുമായുള്ള വ്യാപാരയുദ്ധം, ഇപ്പോൾ ഇന്ത്യയും ചൈനയുമായി സൈനിക തലത്തിൽ ആരംഭിച്ച സംഘർഷം വ്യാപാരമേഖലയിലേക്കും കടന്നത്, ഇംഗ്ലണ്ട് യൂറോപ്യൻ യൂണിയനിൽനിന്നും പുറത്തുപോകാൻ തീരുമാനിച്ചത് എല്ലാംകൂടി ചേർന്ന് വലിയ പ്രതിസന്ധിയാണ് രൂപം കൊണ്ടിരിക്കുന്നത്. യുദ്ധമായാലും വ്യാപാരയുദ്ധമായാലും മഹാമാരിയായാലും അതിന്റെ ആഘാതം ആദ്യം ഏറ്റുവാങ്ങേണ്ടിവരുന്നത് തൊഴിലാളികളാണ്. ഒറ്റക്കെട്ടായി പ്രതിരോധിക്കുക മാത്രമാണ് മുന്നിലുള്ള മാർഗം.



**യുദ്ധമായാലും വ്യാപാരയുദ്ധമായാലും മഹാമാരിയായാലും അതിന്റെ ആഘാതം ആദ്യം ഏറ്റുവാങ്ങേണ്ടിവരുന്നത് തൊഴിലാളികളാണ്. ഒറ്റക്കെട്ടായി പ്രതിരോധിക്കുക മാത്രമാണ് മുന്നിലുള്ള മാർഗം.**

## ബി.ജെ.പി സർക്കാർ
# സ്കൂൾ സിലബസ് താറുമാറാക്കുന്നു

ജൂലൈ 9 ന് സിഐടിയു, എ.ഐ.കെ.എസ്, എ.ഐ.എൻ.ഡബ്ല്യു എന്നിവ പുറപ്പെടുവിച്ച സംയുക്തപ്രസ്താവനയിൽ COVID 19 പാൻഡെമിക്, ലോക്ക് ഡൗൺ എന്നിവയുടെ മറവിൽ സ്കൂൾസിലബസിനെ തകർക്കാനുള്ള കേന്ദ്രസർക്കാരിന്റെ ദുഷിച്ച നീക്കത്തിനു ബി.ജെ.പിയെ ശക്തമായി അപലപിച്ചു. ഇന്ത്യൻ ഭരണഘടന, മതേതരത്വം, ഫെഡറലിസവും ഡെമോക്രാറ്റിക് അവകാശങ്ങളും എന്നിവയെ ദുർബലപ്പെടുത്തുവാനുള്ള സംഘപരിവാർ പാത പിന്തുടർന്നുകൊണ്ട് സിബിഎസ്ഇ, എൻസിആർടി എന്നിവയിലൂടെ സിലബസിൽ വലിയ മാറ്റങ്ങൾ വരുത്തുന്നതിന് എച്ച്ആർഡി മന്ത്രാലയം ശ്രമിക്കുന്നു. പൗരത്വം, ദേശീയത, മതേതരത്വം, ഫെഡറലിസം ജനാധിപത്യ അവകാശങ്ങൾ, ജനങ്ങളുടെ പോരാട്ടങ്ങൾ, പുതിയ സാമൂഹിക പ്രസ്ഥാനങ്ങൾ, ആസൂത്രണ കമ്മീഷൻ, പഞ്ചവത്സര പദ്ധതികൾ, ഭക്ഷ്യസുരക്ഷ, വൈവിധ്യം, ലിംഗഭേദം, മതം, ജാതി തുടങ്ങിയ വിഷയങ്ങളും സിബിഎസ്ഇ ഇതിനകം പൂർണ്ണമായും ഒഴിവാക്കിക്കഴിഞ്ഞു. സമാനമായ നീക്കങ്ങൾ വിദ്യാഭ്യാസത്തെ സാമുദായികവൽക്കരിക്കുന്നതിന് മുൻപ് പലതവണ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം വ്യക്തമായ ഒരു പദ്ധതിയുടെ ഭാഗമാണ്. ചരിത്രത്തെ വളച്ചൊടിക്കുക, വിദ്യാഭ്യാസത്തെ വർഗ്ഗീയവൽക്കരിക്കുക എന്ന അവരുടെ നയത്തിന്റെ തുടർച്ച മാത്രമാണ് ഇത്. ഈ നടപടി ബിജെപിയുടെയും സംഘിന്റെയും രാഷ്ട്രീയ അജണ്ടയുടെ സൂചനയാണ്; അതോടൊപ്പം ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും ഒന്നും അടിസ്ഥാനപരമായ പ്രാധാന്യമുള്ള 'കോർ' ആശയങ്ങളായി അവർ ഇപ്പോൾ കണക്കാക്കുന്നില്ല. CITU, AIAWU, AIKS എന്നിവ ഈ തീരുമാനം ഉടൻ റദ്ദാക്കണമെന്നും എൻസിആർടി പാഠപുസ്തകങ്ങളിലെ യഥാർത്ഥ ആശയങ്ങൾ പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.

# തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ മൂന്നു തലങ്ങൾ ഉയരുന്നു

നിലവിലുള്ള സ്ഥാപനതലത്തിലുള്ളതും വ്യവസായ തലത്തിലുള്ളതും പ്രാദേശിക/ സംസ്ഥാന തലത്തിലുള്ളതുമായ ഏകീകൃത മുന്നേറ്റങ്ങൾക്കുപരിയായി ദേശീയ തലത്തിൽ തൊഴിലാളിവർഗ പ്രക്ഷോഭത്തിന്റെ മൂന്നു പ്രഭവകേന്ദ്രങ്ങൾ അതിവേഗം രൂപപ്പെടുകയാണ്.

ഒന്നാമത്തേത് ഒരു ആസൂത്രണവുമില്ലാതെ കോവിഡ് 19ന്റെ ലോക്ഡൗൺ അടിച്ചേൽപ്പിച്ചത് സൃഷ്ടിച്ച വിനാശകരമായ ആഘാതം 14 കോടി കുടിയേറ്റ തൊഴിലാളികളെ തൊഴിൽരഹിതരാക്കുകയും താമസസ്ഥലങ്ങളിൽ നിന്ന് പുറന്തള്ളുകയും ചെയ്തു. വിശന്ന വയറുമായി ലോക്ഡൗൺ കാലത്ത് സ്വന്തം ഗ്രാമങ്ങളിലേക്ക് മടങ്ങാനവർ നിർബന്ധിതരായി. റോഡ് റെയിൽ ഗതാഗതം മുടങ്ങിയതോടെ വലിയ തടസ്സങ്ങളും പൊലീസ് ക്രൂരതകളും അനുഭവിച്ചാണ് അവർ യാത്ര ചെയ്യേണ്ടിവന്നത്.

ഇത് ഗ്രാമീണ ഇന്ത്യയിൽ പുതിയ ഒരു സാഹചര്യമാണ് സൃഷ്ടിച്ചത്. മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കു കീഴിൽ ഗ്രാമീണ ഇന്ത്യയിൽ കുടിയേറ്റ തൊഴിലാളികൾക്കും പ്രാദേശിക തൊഴിലാളികൾക്കുമായി തൊഴിലിന്റെ വൻതോതിലുള്ള ആവശ്യം രൂപപ്പെട്ടിരിക്കുന്നു. അവർക്ക് വരുമാനത്തിനായി മറ്റു മാർഗങ്ങൾ ഒന്നും തന്നെയില്ല.

സുപ്രിം കോടതിയുടെ വിധിന്യായത്തിലും ജൂൺ 20ന് ഗരീബ് കല്യാൺ റോസ്ഗാൾ യോജനയെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിലും പരാമർശിക്കുന്നത് രാജസ്ഥാൻ, ബിഹാർ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ജാർഖണ്ഡ്, ഒഡിഷ എന്നീ ആറു സംസ്ഥാനങ്ങളിലെ 116 ജില്ലകളിൽ 25000 കുടിയേറ്റ തൊഴിലാളികൾ മടങ്ങിയെത്തിയിട്ടുണ്ട്. ഇത് ഒരു വസ്തുതയാണ്. മറ്റു സംസ്ഥാനങ്ങളിലും ഇതുപോലെ ആയിരക്കണക്കിന് തൊഴിലാളികളുണ്ട്.

രണ്ടാമത്തെ തലം സ്വകാര്യകമ്പനികളുടെ വാണിജ്യഖനനത്തിനും കൽക്കരി മേഖലയുടെ സ്വകാര്യവൽക്കരണത്തിനും ഓട്ടോമാറ്റിക്ക് റൂട്ടിൽ നൂറു ശതമാനം വിദേശ നിക്ഷേപം കൊണ്ടുവരുന്നതിനുമെതിരെ കൽക്കരി തൊഴിലാളികൾ പൂർണമായും മൂന്നു ദിവസം നടത്തിയ സമരമാണ്. പൊതുമേഖലയെ സംരക്ഷിക്കാനും രാജ്യത്തിന്റെ അമൂല്യമായ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കാനുമാണ് കൽക്കരിത്തൊഴിലാളികൾ പണിമുടക്കിയത്. സ്വകാര്യവൽക്കരണത്തിനും കോർപറേറ്റ്വൽക്കരണത്തിനും എതിരെയുള്ള പ്രതിരോധം ശക്തിപ്പെടുത്തുന്നതിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാർ വകുപ്പുകളിലെയും ജീവനക്കാരിലും ഈ സമരസന്ദേശമെത്തി. രാജ്യത്തിന്റെ സമ്പത്ത് സംരക്ഷിക്കാൻ വേണ്ടിയായിരുന്നു ഈ പണിമുടക്ക്.

മൂന്നാമത്തെ തലം ജൂലൈ മൂന്നിന്റെ വമ്പിച്ച പ്രതിഷേധ ദിനാചരണവും ആഗസ്റ്റ് ഒമ്പതിന് ജനകീയ ആവശ്യങ്ങൾ മുൻനിർത്തി തൊഴിലാളികളും കർഷകരും സംയുക്ത നടത്തിയ വലിയ പ്രതിഷേധമുന്നേറ്റവുമാണ്. ഈ മൂന്നു പ്രഭവകേന്ദ്രങ്ങളിലും വമ്പിച്ച മുന്നേറ്റത്തിനും തൊഴിലാളികളെ അണിനിരത്താനും സംഘടനാ സംവിധാനം കെട്ടിപ്പടുക്കാനും കൃത്യമായ ധാരണയോടെയും മൂർത്തമായ പ്രവർത്തനപദ്ധതികളോടെയും സിഐടിയു മുന്നിൽനിന്നു പ്രവർത്തിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഗ്രാമീണ മേഖലകളിൽ കൂടുതൽ ശ്രദ്ധയൂന്നണം. സാഹചര്യങ്ങൾ രൂപപ്പെട്ടുവരികയാണ്. എന്നാൽ തൊഴിലാളി യൂണിയനുകളുടെ മുൻകൈയും ഫലപ്രദമായ ഇടപെടലും ഉണ്ടെങ്കിൽ മാത്രമേ അത് ശരിയായ ദിശയിലേക്ക് വികസിക്കൂ.

# ഓഗസ്റ്റ് 9ന് ജില്ലകളിൽ വൻ ജയിൽ ഭരോ ജൂലൈ 23ന് ബ്ലോക്ക്തല ജനനീക്കം

ജൂലൈ 9 ന് സിഐടിയു, എ.ഐ.കെ.എസ്, എ.ഐ.എൻ.ഡബ്ല്യു എന്നിവയുടെ ദേശീയനേതൃത്വം ന്യൂഡൽഹിയിലെ ബിടിആർ ഭവനിൽ നടത്തിയ സംയുക്ത യോഗം രാജ്യവ്യാപകമായി ജൂലൈ 23ന് നടക്കുന്ന ബ്ലോക്ക്തല ജനനീക്കത്തിനും ചരിത്രപരമായ ക്വിറ്റ് ഇന്ത്യ ദിനമായ ഓഗസ്റ്റ് 9 നു ജില്ലാ ആസ്ഥാനങ്ങളിൽ നടക്കാനിരിക്കുന്ന അറസ്റ്റുവരിക്കൽ പരിപാടിക്കുമുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു.

2020 ജൂലൈ 23, ഓഗസ്റ്റ് 9 തീയതികളിലെ സംയുക്ത പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സിഐടിയു, എ.ഐ.കെ.എസ്, എ.ഐ.എൻ.ഡബ്ല്യു എന്നിവയുടെ സംയുക്ത യോഗങ്ങൾ അവലോകനം ചെയ്യുകയും, ജില്ലാതലത്തിലും ഒപ്പം ബ്ലോക്ക് -പഞ്ചായത്തുതലങ്ങളിലും തൊഴിലാളി-കർഷക ഐക്യം ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യം ഊന്നിപ്പറയുകയും ചെയ്തു.

'ജോയിന്റ് പ്ലാറ്റ്ഫോം ഓഫ് സെൻട്രൽ ട്രേഡ് യൂണിയനുകളും (സിടിയു) അഖിലേന്ത്യാ കിസാൻ സംഘർഷ് ഏകോപന സമിതിയും (എ.ഐ.കെ.എസ്.സി.സി) ഒരുമിച്ച് ഓഗസ്റ്റ് 9 നു പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചത് അനുമോദനീയമാണ്. ജൂലൈ 23 നു നടക്കുന്ന പ്രതിഷേധത്തെ പിന്തുണയ്ക്കാനും എ.ഐ.കെ.എസ്.സി.സി തീരുമാനിച്ചു,'' എന്നും സംയുക്ത പ്രസ്താവനയിൽ പറയുന്നു.

മറ്റു രണ്ടു സംഭവവികാസങ്ങളും യോഗം ശ്രദ്ധപതിപ്പിച്ചു - ''സർക്കാർ അതിന്റെ നവലിബറൽ അജണ്ടയുമായി തിരക്കിട്ട് മുന്നോട്ടുപോകുമ്പോൾതന്നെ, കൽക്കരി തൊഴിലാളികളുടെ ചരിത്രപരമായ മൂന്ന് ദിവസത്തെ പണിമുടക്കും പ്രതിഷേധനടപടികളും 2020 ജൂലൈ 3 ന് സിടിയു വിളിച്ചതും എഐകെഎസ്സി പിന്തുണയ്ക്കുന്നതുമായ സമരത്തിനുമുൾപ്പെടെ അവയ്ക്കെതിരെയുള്ള പ്രതിഷേധാഹ്വാനങ്ങളോട് വലിയ തോതിലുള്ള പ്രതികരണമാണ് ലഭിക്കുന്നത്.''

ഒപ്പം, ''സാധ്യമായതിൽ ഏറ്റവും വിശാലമായ ഒരു ഐക്യം രൂപപ്പെടുത്തുക എന്നത് വളരെ പ്രധാനമാണ്. മോദി സർക്കാരിന്റെ വിവിധ മേഖലകളിലെ ജനവിരുദ്ധ നയങ്ങളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് അടിസ്ഥാനതലത്തിലേക്ക് പ്രചാരണം നടത്തുക' എന്നത് കൂടാതെ ''സാർവത്രികമായ ആരോഗ്യ പരിരക്ഷ, സൗജന്യ റേഷൻ, അടുത്ത ആറുമാസത്തേക്ക് പ്രതിമാസം 7500 രൂപ വേതനസഹായം, അറുനൂറു രൂപ എന്ന കണക്കിൽ 200 ദിവസമെങ്കിലും MNREGA പദ്ധതി വഴി തൊഴിൽ, തൊഴിലില്ലായ്മ വേതനം, നഗരപ്രദേശങ്ങളിൽ തൊഴിൽ ഗ്യാരണ്ടി'' എന്നീ ജനകീയ ആവശ്യങ്ങൾ, അവശ്യവസ്തുക്കൾ,



കാർഷിക വ്യാപാരം, വൈദ്യുതി, തൊഴിൽ നിയമങ്ങൾ മരവിപ്പിക്കാൻ, പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം എന്നിവ സംബന്ധിച്ച ഓർഡിനൻസുകൾ / എക്സിക്യൂട്ടീവ് ഉത്തരവുകൾ ഇറക്കുന്നത് എന്നിവയ്ക്കെതിരെയുള്ള പ്രചാരണവും പ്രധാനമാണ്. ●

# കൽക്കരി തൊഴിലാളി പണിമുടക്ക്



**ജെ.എസ്. മജുംദാർ**

**സ്വകാര്യ വാണിജ്യ കൽക്കരി ഖനനത്തിനും ജാർഖണ്ഡ്, ഒഡിഷ, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ 41 കൽക്കരി ബ്ലോക്കുകൾ ആദ്യമായി 2020 ജൂൺ 11ന് പ്രഥമ ലേലം ചെയ്യാൻ തീരുമാനിച്ചതിനും എതിരായാണ് സമരം നടത്തിയത്. മോഡി സർക്കാർ വിദേശ, ആഭ്യന്തര കോർപറേറ്റുകളെ സ്വകാര്യ വാണിജ്യ ഖനനത്തിനായി അണിനിരത്തുമ്പോൾ തന്നെ തൊഴിലാളികൾ ജനങ്ങളുടെ ഐക്യദാർഢ്യത്തോടെ സമരത്തിന് സജ്ജരാകുകയാണ്.**

കൽക്കരി സമ്പന്നമായ എട്ടു സംസ്ഥാനങ്ങളിലെ 535 കൽക്കരി ഖനികളിലും പൊതുമേഖലാ സ്ഥാപനമായ കോൾ ഇന്ത്യ ലിമിറ്റഡിന്റെ ഉപകമ്പനികളുടെ ഓഫീസുകളിലും സംസ്ഥാനകേന്ദ്ര സംയുക്ത സ്ഥാപനമായ തെലങ്കാനയിലെ സിംഗരേനി കോളിയറി കമ്പനി ലിമിറ്റഡിലും ജൂൺ പത്തിന് കോവിഡ്19ന്റെ ലോക്ഡൗണിനിടയിലും നടന്ന പണിമുടക്കിൽ ഒന്നരലക്ഷം തൊഴിലാളികളാണ് പങ്കെടുത്തത്. ട്രേഡ് യൂണിയൻ അഫിലിയേഷൻ ഭേദമില്ലാതെ സജീവവും അഭൂതപൂർവമായ തൊഴിലാളി ഐക്യവും സമരത്തിന്റെ വ്യാപനവുമാണ് അന്ന് ദൃശ്യമായത്. വ്യവസായ യൂണിറ്റുതലത്തിൽ നടന്ന ഏറ്റവും വലിയ പങ്കാളിത്തമുള്ള പണിമുടക്കായി ഇതു മാറി.

സ്വകാര്യ വാണിജ്യ കൽക്കരി ഖനനത്തിനും ജാർഖണ്ഡ്, ഒഡിഷ, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവടങ്ങളിലെ 41 കൽക്കരി ബ്ലോക്കുകൾ ആദ്യമായി 2020 ജൂൺ 11ന് പ്രഥമ ലേലം ചെയ്യാൻ തീരുമാനിച്ചതിനും എതിരായാണ് സമരം നടത്തിയത്.

സിഐടിയു, എഐടിയുസി, ഐഎൻടിയുസി, എച്ച് എംഎസ് എന്നിവയുടെ അംഗീകൃത കോൾ വർക്കേഴ്സ് ഫെഡറേഷനുകളാണ് ജൂൺ പത്തിന് പ്രതിഷേധ ദിനവും ജൂൺ പതിനൊന്നിന് കോലം കത്തിച്ച് കരിദിനവും ആചരിക്കാൻ ആഹ്വാനംചെയതത്. ആർഎസ്എസ്സിന്റെ തൊഴിലാളി സംഘടനയായ ബിഎംഎസ്സിന്റെ യൂണിയനുകളും തൊഴിലാളികളും മിക്കവാറും സ്ഥലങ്ങളിൽ പ്രതിഷേധത്തിൽ പങ്കാളികളായി. പ്രതിഷേധ സമരം നടന്ന ദിവസം വൈകിട്ട് കൽക്കരി ഖനി ലേലം മാറ്റിവച്ചു. എന്നിട്ടും 150 പ്രധാന ഖനികളിൽ ജൂൺ 11ന് കോലം കത്തിക്കൽ നടന്നു.

### കൽക്കരി ഖനികളുടെ ലേലം

ജൂൺ പതിനൊന്നിന് ലേലം പരാജയപ്പെട്ടതിന്റെ ഉത്തരവാദിത്തം പ്രധാനമന്ത്രി നരേന്ദ്ര മോഡി തന്നെ സ്വയം ഏറ്റെ

ടുത്തു. അസാധാരണമായ ഒരു നീക്കത്തിലൂടെ, 41 ഖനികളുടെ ലേലം ജൂൺ പതിനെട്ടിന് ഓൺ ലൈനിൽ പ്രധാനമന്ത്രി തന്നെ ഉദ്ഘാടനം ചെയ്യുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ജൂൺ പതിനാലിന് കോൾ വർക്കേഴ്സ് ഫെഡറേഷൻ യോഗം ചേരുകയും ജൂൺ പതിനെട്ടിന്റെ ഇലേല നടപടികളുമായി മുന്നോട്ടുപോയാൽ തുറന്ന സമരത്തിന് തൊഴിലാളികൾ തയ്യാറാണെന്ന് കാണിച്ച് പ്രധാനമന്ത്രിക്ക് നോട്ടീസ് അയക്കുകയും ചെയ്തു.

എന്നാൽ ഗവൺമെന്റ് പ്രഖ്യാപിച്ച ആത്മനിർഭർ അഭിയാന്റെ ഭാഗമായി ജൂൺ 18ന് പ്രധാനമന്ത്രി 41 കൽക്കരി ഖനികളുടെ ലേലം വീഡിയോ കോൺഫ്രൻസിങ്ങിൽ ഉദ്ഘാടനംചെയ്തു. കൽക്കരി മന്ത്രാലയവും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആൻറ് ഇൻഡസ്ട്രി(FICCI) യും സംയുക്തമായാണ് 41 ഖനികളിൽ സ്വകാര്യ വാണിജ്യ ഖനനത്തിനുള്ള ലേലം സംഘടിപ്പിച്ചത്. വേദാന്ത ഗ്രൂപ്പിന്റെ അനിൽ അഗർവാളും ടാറ്റ സൺസിന്റെ ചന്ദ്രശേഖരനും ഉൾപ്പെടെയുള്ള പ്രമുഖരാണ് ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തത്. ഈ ദേശാസാൽകൃത മേഖലയെ സ്വകാര്യ മേഖലയുടെ വാണിജ്യ ഖനനത്തിനായി തുറന്നുകൊടുക്കാനുള്ള അവസരമാണ് കോവിഡ്19ന്റെ പ്രതിസന്ധിയിലൂടെ ലഭിച്ചതെന്നാണ് ഉദ്ഘാടനപ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡി പറഞ്ഞത്. ''അഞ്ച് ട്രില്യൺ ഡോളർ സമ്പദ്ഘടനയിലേക്കുള്ള ഒരു സുപ്രധാന ചവിട്ടുപടിയാകുമിത്'' ടാറ്റയുടെ ചന്ദ്രശേഖരൻ പറഞ്ഞു. ഈ സുപ്രധാന നടപടിയുടെ വ്യവസായ പങ്കാളിയാകുന്നതിൽ സന്തോഷമുണ്ടെന്ന് ഫിക്കി പ്രസിഡണ്ട് സംഗീത റെഡ്ഡിയും പറഞ്ഞു.

കൽക്കരി ഖനി ലേലം എല്ലാ അർഥത്തിലും വ്യത്യസ്തമായ ഒന്നാണ്. കൽക്കരി മന്ത്രാലയം ഒരു പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞു, ''പുതിയ കമ്പനികൾക്ക് എളുപ്പം ഭാഗഭാക്കാവുന്ന തരത്തിൽ ലേലത്തിന്റെ വ്യവസ്ഥകളും ചട്ടങ്ങളും തികച്ചും ഉദാരമാക്കിയിട്ടുണ്ട്. മുൻകൂർ പണംഅടയ്ക്കൽ, ഉദാരമായ കാര്യക്ഷമതാ മാനദണ്ഡങ്ങൾ, ഓട്ടോമാറ്റിക് മാർഗത്തിലൂടെയുള്ള നൂറു ശതമാനം വിദേശ നിക്ഷേപം എന്നീ ഉദാര വ്യവസ്ഥകളിലൂടെ പുതിയ കമ്പനികൾക്കും ലേല നടപടികളിൽ പങ്കെടുക്കാം.'' വരുമാനം പങ്കുവയ്ക്കൽ മാതൃകയുടെ അടിസ്ഥാനത്തിലായിരിക്കും സ്വകാര്യ കമ്പനികുടെ വാണിജ്യ ഖനനം. നേരത്തെ കോവിഡ് ദുരിതാശ്വാസ പാക്കേജിന്റെ പഞ്ചദിന പ്രഖ്യാപനത്തിന്റെ നാലാംദിനത്തിൽ ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചത് രൂപ/ടൺ അടിസ്ഥാനത്തിലുള്ള ഖനനമായിരുന്നു.

യഥാർഥത്തിൽ ഇ ലേലം നടക്കേണ്ടിയിരുന്നത് 2020 ആഗസ്ത് 18നായിരുന്നെങ്കിലും അസാധാരണമായ നടപടിയിലൂടെയാണ് ഇ ലേലം ജൂൺ 18ലേക്ക് മാറ്റിയത്. ഭുപ്രശ്നവും ജനങ്ങളുടെയും തൊഴിലാളികളുടെയും എതിർപ്പുകളും കാരണം വൻകിട കമ്പനികൾ ലേലത്തിനു വിമുഖത കാണിച്ച സാഹചര്യത്തിൽ ലേലം കൊള്ളാൻ കഴിയുന്നവരെ കണ്ടെത്തായിരുന്നു ഈ രണ്ടു മാസം കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ലേല നടപടികൾ രണ്ടു ഘട്ടമായി നടത്തുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ലേലത്തിന് അപേക്ഷ നൽകാനുള്ള അവസാനതീയതിയായ ആഗസ്ത് പതിനെട്ടിനു മുമ്പായി ലേലത്തിൽ പങ്കെടുക്കാൻ സാധ്യതയുള്ള കമ്പനികളുടെ യോഗങ്ങൾ കൽക്കരി മന്ത്രാലയം ജൂൺ 25നും ജൂലൈ 18നും ഇടയിൽ നടത്തുമെന്ന് പറഞ്ഞിരുന്നു. ഔദ്യോഗിക ലേലത്തിനായി സർക്കാർ നേരത്തെ തന്നെ സ്വകാര്യകമ്പനികളെ തെരഞ്ഞെടുത്തിരുന്നു. ഇതെക്കുറിച്ച് ഇക്കണോമിക ടൈംസ് ഇങ്ങനെ റിപ്പോർട്ട് ചെയ്തു: ''വാണിജ്യാടിസ്ഥാനത്തിലുള്ള കൽക്കരി ഖനനത്തിന് പ്രവേശിക്കാനും ഒഴിവാകാനുമുള്ള ഉദാരവ്യവസ്ഥകൾ ഉള്ളതുകൊണ്ട് ഹിൻഡാൽകോ, ജെഎസ്ഡബ്ലിയു എനർജി, ജിൻഡാൽ സ്റ്റീൽ ആൻറ് പവർ, അഡാനി ഗ്രൂപ്പ്, വേദാന്ത എന്നീ ഇന്ത്യൻ കമ്പനികളും പീബോഡി, ബിഎച്ച്പി ബില്ലിടൺ തുടങ്ങിയ ആഗോള കമ്പനികളെയും ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്.'' മോഡി സർക്കാർ വിദേശ, ആഭ്യന്തര കോർപറേറ്റുകളെ സ്വകാര്യ വാണിജ്യ ഖനനത്തിനായി അണിനിരത്തുമ്പോൾ തന്നെ തൊഴിലാളികൾ ജനങ്ങളുടെ ഐക്യദാർഢ്യത്തോടെ സമരത്തിന് സജ്ജരാകുകയാണ്.

### സമരവും ഐക്യദാർഢ്യ പരിപാടികളും

സിഐഎൽ, എസ്സിസിഎൽ എന്നീ സ്ഥാപനങ്ങളിലെ 3 ലക്ഷം സ്ഥിരം തൊഴിലാളികളും 2.5 ലക്ഷം കരാർ തൊഴിലാളികളും ജൂലൈ രണ്ടു മുതൽ നാലു വരെ സമരം നടത്തി. ബിഎംഎസിന്റേതുൾപ്പെടെയുള്ള അഞ്ച് അംഗീകൃത കൽക്കരി തൊഴിലാളികളുടെ ഫെഡറേഷനുകളും യൂണിയനകളും എല്ലാ എതിർ യൂണിയനുകളും സ്വതന്ത്ര യൂണിയനുകളും സംയുക്തമായോ പ്രത്യേകമായോ ത്രിദിന സമരത്തിനു മുന്നോടിയായി മാനേജ്മൻ



**ആദിവാസിജനതയെയും മറ്റ് ജനവിഭാഗങ്ങളെയും കാര്യമായി ബാധിക്കുന്ന പ്രശ്നമാകയാൽ ഈ വിഷയത്തിൽ മുൻകൂറായി സാമൂഹിക സാമ്പത്തികാഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. സ്വകാര്യ കമ്പനികളുടെ വാണിജ്യലേലം വൻതോതിൽ വനഭൂമിക്ക് നാശമുണ്ടാക്കുമെന്നതിനാൽ വലിയ പാരിസ്ഥിതിക ആഘാതമാണ് ഉണ്ടാകുക. കോവിഡ് 19നെ സ്വകാര്യലേലത്തിനുള്ള ഒരു അവസരമാക്കണമെന്ന് പ്രധാനമന്ത്രി പറയുമ്പോൾ ഈ മഹാമാരിയുടെ കാലത്ത് നീതിപൂർവകമായ ലേലത്തിനുള്ള അവസരം നഷ്ടമാകുകയാണ് ചെയ്യുന്നതെന്നാണ് ജാർഖണ്ഡ് സംസ്ഥാനം വാദിക്കുന്നത്.**

റിനും തൊഴിൽ വകുപ്പ് അധികൃതർക്കും നോട്ടീസ് നൽകിയിരുന്നു

ഈ സംഘടനകളുടെ അതേ ആവശ്യങ്ങൾ ഉയർത്തുന്ന കോൾ മൈൻസ് ഓഫീസേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയും ഐക്യദാർഢ്യപരിപാടികളുമായി എല്ലാ കൽക്കരി കമ്പനികളിലും ഉണ്ടായിരുന്നു.

സിഐടിയു കേന്ദ്ര കമ്മിറ്റി, കേന്ദ്ര ട്രേഡ് യൂണിയനുകൾ, ഭൂമി അധികാർ ആന്ദോളൻ(കർഷക സംഘടനകളുടെ സംയുക്തവേദി) എന്നിവ കർഷകരുടെയും തൊഴിലാളികളുടെ ഐക്യദാർഢ്യമെന്ന മുദ്രാവാക്യമുയർത്തി കൽക്കരി ത്തൊഴിലാളികളുടെ സമരത്തിനൊപ്പം നിന്നു. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷനും ഈ സമരദിനങ്ങളിൽ പിന്തുണ അറിയിച്ചു. ജാർഖണ്ഡിലെ സിപിഐഎം, സിപിഐ, സിപിഐ എംഎൽ എന്നീ ഇടതുപക്ഷ പാർടികൾ സമരത്തിനു പിന്തുണ നൽകി. ദേശീയ തലത്തിലും ഇടതുപക്ഷ പാർടികൾ കൽക്കരിത്തൊഴിലാളി സമരത്തിന് പിന്തുണയേകി.

### ജാർഖണ്ഡ് സർക്കാർ സുപ്രിംകോടതിയെ സമീപിച്ചു

41 കോൾ ബ്ലോക്കുകളുടെ ലേലം ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോഡി നിർവഹിച്ചതിന് പിറ്റേന്ന് ഈ ലേല നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ജാർഖണ്ഡ് സർക്കാർ സുപ്രിംകോടതിയിൽ കേസ് ഫയൽ ചെയ്തു. ജൂൺ 20ന് ഒരു വാർത്താസമ്മേളനത്തെ അഭിസംബോധനചെയ്യവെ ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ, കൽക്കരിത്തൊഴിലാളികൾ നടത്തുന്ന സമരത്തെ സംസ്ഥാനം സുപ്രിംകോടതിയിൽ നൽകിയ കേസിന് ഉപോദ്ബലകമായി പരാമർശിച്ചു. ഭൂമി ഒരു സംസ്ഥാന വിഷയമാണെന്നിരിക്കെ സംസ്ഥാന സർക്കാരുകളുമായി ഈ വിഷയത്തിൽ മുൻകൂട്ടി ചർച്ച നടത്തിയില്ലെന്ന് മുഖ്യമന്ത്രി സോറൻ പറഞ്ഞു. ആദിവാസിജനതയെയും മറ്റ് ജനവിഭാഗങ്ങളെയും കാര്യമായി ബാധിക്കുന്ന പ്രശ്നമാകയാൽ ഈ വിഷയത്തിൽ മുൻകൂറായി സാമൂഹിക സാമ്പത്തികാഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. സ്വകാര്യ കമ്പനികളുടെ വാണിജ്യലേലം വൻതോതിൽ വനഭൂമിക്ക് നാശമുണ്ടാക്കുമെന്നതിനാൽ വലിയ പാരിസ്ഥിതിക ആഘാതമാണ് ഉണ്ടാകുക. കോവിഡ് 19നെ സ്വകാര്യലേലത്തിനുള്ള ഒരു അവസരമാക്കണമെന്ന് പ്രധാനമന്ത്രി പറയുമ്പോൾ ഈ മഹാമാരിയുടെ കാലത്ത് നീതിപൂർവകമായ ലേലത്തിനുള്ള അവസരം നഷ്ടമാകുകയാണ് ചെയ്യുന്നതെന്നാണ് സംസ്ഥാനം വാദിക്കുന്നത്.

കോൾ ഇന്ത്യയുടെ ഉപസ്ഥാപനമായ ബിസിസിഎല്ലിന്റെ ധൻബാദിലെ ആസ്ഥാനത്ത് ജൂലൈയിലെ ത്രിദിന സമരത്തിന്റെ നോട്ടീസ് സമർപ്പിക്കാൻ ജൂൺ 18ന് എത്തിയ തൊഴിലാളികൾ പ്രകടനം നടത്തിയതിന്റെ പേരിൽ 50 ട്രേഡ് യൂണിയൻ നേതാക്കൾക്കെതിരെ കേസ് എടുത്തു. ഡിസാസ്റ്റർ മാനേജ്മെന്റ് നിയമവും സാമൂഹിക അകല മാനദണ്ഡങ്ങളും ലംഘിച്ചുവെന്ന് കാണിച്ചാണ് എഫ്ഐആർ റജിസ്റ്റർ ചെയ്തത്. മജിസ്ട്രേറ്റ് എഴുതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് എഫ്ഐആർ റജിസ്റ്റർ ചെയതത്. എന്നാൽ എഫ്ഐആറുമായി മുന്നോട്ടുപോകരുതെന്ന് ജാർഖണ്ഡ് സർക്കാർ ധൻബാദ് ഡെപ്യൂട്ടി കമീഷണർക്ക് നിർദേശം നൽകി.

വനഭൂമിക്കും കൃഷിഭൂമിക്കും നാശമുണ്ടാകുമെന്നത് കണക്കിലെടുത്ത് ലേല നടപടികളിൽനിന്ന് പിന്മാറണമെന്നാവശ്യപ്പെട്ട് ഛത്തീസ്ഗഡിലെ 22 പഞ്ചായത്തുകളിലെ സർപഞ്ചുമാർ പ്രധാനമന്ത്രിക്ക് പ്രത്യേകം കത്തുകളയച്ചു. മിക്കവാറും കൽക്കരിപ്പാടങ്ങൾ ആനകൾ വിഹരിക്കുന്നതടക്കമുള്ള നിക്ഷിപ്ത വനഭൂമിയിലാണെന്ന് ചൂണ്ടിക്കാട്ടി ഛത്തീസ്ഗഡ് വനംപരിസ്ഥിതി മന്ത്രി കേന്ദ്ര കൽക്കരി മന്ത്രിക്ക് അയച്ച കത്തിൽ ലേല നടപടികൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

മഹാരാഷ്ട്ര വനം പരിസ്ഥിതി മന്ത്രി ആദിത്യ താക്കറെ ടിറ്റർ സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു: ''തഡോബഅന്ധാരി കടുവ സങ്കേതത്തിന്റെ സമീപമുള്ള ഖനി ലേലം ചെയ്യരുതെന്നാവശ്യപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി പ്രകാശ് ജാവ്ഡേക്കറിന് കത്തുനൽകി. നമ്മുടെ വന്യജീവി ഇടനാഴികൾ തകർക്കുന്നത് അനുവദിക്കാനാവില്ല.''●

# പേരില്ലാത്തോർ ഇടമില്ലാത്തോർ

എ. സിയാവുദ്ദീൻ

**വർഗ ബന്ധങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരാത്തിടത്തോളം കാലം ലോകത്തെവിടെയും എത്ര കാലം പിന്നിട്ടാലും തൊഴിലാളിയുടെ സ്ഥിതിയിൽ മാറ്റമില്ലെന്ന ഏംഗൽസിന്റെ നിരീക്ഷണം ഇന്നും പ്രസക്തമാണ്. ഇൻഡ്യയിൽ കുടിയേറ്റ തൊഴിലാളികൾ കോവിഡ് 19 കാലത്ത് നേരിടുന്നതും ഒട്ടും വ്യത്യസ്തമല്ല. നോട്ടു നിരോധനം പ്രഖ്യാപിച്ചതിനു സമാനമായ രീതിയിൽ നാലു മണിക്കൂർ നോട്ടീസ് നൽകി രാജ്യം അടച്ചു പൂട്ടുകയാണെന്ന് പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വരും വരെ രാജ്യമാകെ കുടിയേറ്റ തൊഴിലാളികളുടെ എണ്ണം നാൽപ്പതു കോടിയോളം വരും. തൊഴിലും കൂലിയും നിഷേധിക്കപ്പെട്ട്, രാത്രി ഒന്നു ചുരുണ്ടു കൂടാനുള്ള അവസരം പോലും നിഷേധിച്ച് , ആയിരക്കണക്കിനു കിലോമീറ്റർ താണ്ടി സ്വന്തം ഗ്രാമത്തിലെത്താൻ സൗകര്യം കൊട്ടിയടച്ചപ്പോൾ കുഞ്ഞുങ്ങളെ തലയിലും ചുമലിലും ചുമന്ന്, ഭക്ഷണമില്ലാതെ, ദാഹജലം പോലും കിട്ടാതെ വഴിയിൽ മരിച്ചുവീഴുന്ന നിസ്സഹായരായ തൊഴിലാളികളെ മോദി സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നു.**



‘ ഒരു വ്യക്തി ശാരീരികമായി മറ്റൊരാളെ ആക്രമിച്ച് മാരകമായി പരിക്കേൽപ്പിക്കുമ്പോൾ നാം അതിനെ മനുഷ്യ കശാപ്പ് എന്നു വിളിക്കുന്നു. മാരകമാകണമെന്ന് മുൻകൂട്ടി നിശ്ചയിച്ചാണ് ആക്രമണം നടത്തുന്നതെങ്കിൽ നാം അതിനെ കൊല എന്ന് വിശേഷിപ്പിക്കും. എന്നാൽ നൂറുകണക്കിന് തൊഴിലാളികളെ സമൂഹം അത്തരം ഒരു പരിതോവസ്ഥയിലെത്തിച്ച് അവരെ അസ്വാഭാവിക മരണത്തിന് വിട്ടുകൊടുക്കുന്നത് ആ തൊഴിലാളികളെ ആക്രമിച്ച് കൊല്ലുന്നതിന് തുല്യമാണ്. വാളുകൊണ്ട് വെട്ടേറ്റോ, വെടിയേറ്റോ മരണപ്പെടുന്നതു പോലെ. ആയിരക്കണക്കിനാളുകളുടെ ജീവിതാവശ്യങ്ങൾ നിഷേധിച്ച്, ജീവൻ നിലനിർത്താൻ പോലും കഴിയാത്ത അവസ്ഥയിലവരെ എത്തിച്ച്, നിയമത്തിന്റെ അതിശക്തമായ കരങ്ങൾ അവർക്കു മേൽ പതിപ്പിച്ച് ഒരു നിമിഷം പോലും മാറി നിൽക്കാൻ കഴിയാതെ ഒടുവിൽ മരണമെന്ന അനിവാര്യതയിലേക്ക് അവരെത്തിച്ചേരുന്നു. ഈ ആയിരങ്ങൾ ഇങ്ങനെ തന്നെ തുലഞ്ഞു തീരും എന്ന പൂർണ ബോധ്യത്തിൽ അത്തരം സ്ഥിതിയിലെത്തിക്കുന്നത് അവരെ കൊലക്ക് കൊടുക്കാൻ തന്നെയാണ്. അത് ഒരാളുടെ കാര്യത്തിലായാൽ പോലും മുൻകൂട്ടി തീരുമാനിച്ച പ്രച്ഛന്നമായ കൊല തന്നെയാണ്. ആർക്കും തടയാനാകാത്തതെന്നു തോന്നിപ്പിക്കുന്ന കൊല. ഇരയുടെ മരണം സ്വാഭാവികമായിരുന്നു എന്നു തോന്നാം. ഇരക്ക് നേരിടേണ്ടി വന്ന യഥാർത്ഥ സ്ഥിതി ഇവിടെ മറച്ചു പിടിക്കുന്നതാണ് അതിനു കാരണം. അതിക്രമം അപ്പോൾ മന: പൂർവമല്ലാത്ത വീഴ്ച്ച എന്ന തോന്നലാണുണ്ടാക്കുക . എന്നാൽ ഇവിടെ നടപ്പിലാവുന്നത് ക്രൂരമായ കൊല തന്നെയാണ് ‘

**തൊഴിലാളികളുടെ ചിലവിൽ ഉയർച്ചയുടെ കൊടുമുടി കയറിയവർക്ക്, അതിന് വഴിയൊരുക്കിയ കേന്ദ്ര സർക്കാരിന്, ഏതാനും മാസത്തേക്കെങ്കിലും പിടിച്ചു നിൽക്കാൻ ഇവർക്ക് കൈത്താങ്ങാകണമെന്ന് തോന്നിയില്ല. അതാണ് മുതലാളിത്തം, അതാണ് ബൂർഷ്വാ ഭരണകൂടം. രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നും തേനീച്ചക്കൂട്ടം പോലെ തെരുവിലിറങ്ങുന്നവരുടെ എണ്ണം കണ്ട് രാജ്യം ഞെട്ടി. മഹാമാരിയുടെ അന്തരീക്ഷത്തിൽ പരിഭ്രാന്തരായ, നിരാലംബരായ ഈ ജനലക്ഷങ്ങളോട് രോഗവ്യാപനം ഒഴിവാക്കാൻ പറഞ്ഞാൽ അവർ എങ്ങനെ നിബന്ധനകൾ നടപ്പാക്കും. ഇവിടെ നാം കണ്ടത് നിഷ്ഠൂരമായ ഒരു കേന്ദ്ര ഭരണ സംവിധാനത്തെയാണ്. മന:സാക്ഷി നഷ്ടപ്പെട്ട കോർപ്പറേറ്റ് ക്രൂരതയാണ്.**

മുകളിൽ കുറിച്ചത് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ തൊഴിലും കൂലിയും നിഷേധിക്കപ്പെട്ട്, രാത്രി ഒന്നു ചുരുണ്ടു കൂടാനുള്ള അവസരം പോലും നിഷേധിച്ച് , ആയിരക്കണക്കിനു കിലോമീറ്റർ താണ്ടി സ്വന്തം ഗ്രാമത്തിലെത്താൻ സൗകര്യം കൊട്ടിയടച്ചപ്പോൾ കുഞ്ഞുങ്ങളെ തലയിലും ചുമലിലും ചുമന്ന് ,ഭക്ഷണമില്ലാതെ, ദാഹജലം പോലും കിട്ടാതെ വഴിയിൽ മരിച്ചു വീഴുന്ന നിസ്സഹായരായ തൊഴിലാളികളെ കണ്ട് മനസുനൊന്ത് ആരെങ്കിലും എഴുതിയതല്ല. ഇംഗ്ളണ്ടിൽ വ്യവസായ വിപ്ളവത്തിന്റെ പുഷ്കല കാലത്ത് 1844- 45ൽ അവിടത്തെ കുടിയേറ്റ തൊഴിലാളികളുടെ ജീവിതാവസ്ഥ നേരിൽ കണ്ട ഏംഗൽസ് തന്റെ Condition of the Working Class in England എന്ന പുസ്തകത്തിൽ നടത്തിയ നിരീക്ഷണമാണ്. അതിനു ശേഷമുള്ള ഈ 175 വർഷത്തിനിടയിൽ തൊഴിലാളി വർഗത്തിന് ഏറെ മുന്നോട്ടു പോകാനായി എന്ന് നാം അവകാശപ്പെടുന്നു. വർഗ ബന്ധങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരാത്തിടത്തോളം കാലം ലോകത്തെവിടെയും എത്ര കാലം പിന്നിട്ടാലും തൊഴിലാളിയുടെ സ്ഥിതിയിൽ മാറ്റമില്ലെന്ന് ഏംഗൽസിന്റെ ഈ നിരീക്ഷണം, വിളിച്ചോതുന്നു. ഇൻഡ്യയിൽ ഇന്ന് കുടിയേറ്റ തൊഴിലാളികൾ നേരിടുന്നതും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

ഇന്ദ്രപ്രസ്ഥത്തിൽ നിന്നു വരുന്ന രാത്രി പ്രഖ്യാപനമെന്ന് കേട്ടാൽ ഭയാശങ്കകളോടെയാണല്ലോ നാം ശ്രവിക്കാൻ തയാറെടുക്കുക. നോട്ടു നിരോധനം പ്രഖ്യാപിച്ചതിനു സമാനമായ രീതിയിൽ നാലു മണിക്കൂർ നോട്ടീസ് നൽകി രാജ്യം അടച്ചു പൂട്ടുകയാണെന്ന് പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വരും വരെ രാജ്യമാകെ കുടിയേറ്റ തൊഴിലാളികളുടെ എണ്ണം നാൽപ്പതു കോടിയോളം വരുമെന്ന് നാമാരും ധരിച്ചിരിക്കാനിടയില്ല. നവ ഉദാരവൽക്കരണം അരങ്ങേറിയ 1990 കളെ തുടർന്ന് രാജ്യത്തുണ്ടായ അസമമായ വികസന നയമാണ് ഞെട്ടിപ്പിക്കുന്ന ഈ വർധനവിന് കാരണം. എല്ലാം കേന്ദ്രീകരിച്ചപ്പോൾ, കോർപ്പറേറ്റുകൾക്കു വേണ്ടി വ്യവസ്ഥകൾ മാറ്റിക്കുറിച്ചപ്പോൾ പച്ചപ്പിന്റെ തുരുത്തുകൾ തേടിയിറങ്ങാൻ നിർബന്ധിതരായ ഇരകളാണ് കുടിയേറ്റ തൊഴിലാളികൾ. ഈ നയങ്ങൾ കാർഷിക രംഗത്ത് സൃഷ്ടിച്ച തകർച്ചയെ തുടർന്ന് തൊഴിലിൽ നിന്നു പുറത്താക്കപ്പെട്ട് ഗ്രാമങ്ങളിൽ നിന്ന് കൂട്ടം കൂട്ടമായി ഇവർ തൊഴിൽ



തേടിയിറങ്ങി. പട്ടിണിയിലായ കുടുംബങ്ങളുടെ രക്ഷയെക്കുറിച്ചുള്ള ആശങ്ക അവരെ എത്തിച്ചത് നഗരങ്ങളിലേക്കാണ്. അപ്പോഴെക്കും അവികസിത പ്രദേശങ്ങളുടെ വികസനം, അവിടങ്ങളിൽ തൊഴിൽ സാധ്യത സൃഷ്ടിക്കുന്ന സമീപനം ഒക്കെ ഉപേക്ഷിച്ച് ,പൊതുമേഖല തകർക്കുന്ന ,ലാഭം മാത്രം ലക്ഷ്യമാക്കിയ ,നഗര കേന്ദ്രീകൃത നിക്ഷേപവും വികസനവും പകരം വെക്കപ്പെട്ടു തുടങ്ങിയിരുന്നു. അങ്ങനെയാണ് നഗരങ്ങളിലേക്കുള്ള കുടിയേറ്റം വ്യാപകമായത്. അവിടെ അനിവാര്യമായും വേണ്ടിവന്ന പശ്ചാത്തല വികസനത്തിനും, കെട്ടിട, റിയൽ എസ്റ്റേറ്റ്, സേവന മേഖലയുടെ കുതിപ്പിനും അനുസൃതമായി ധാരാളം പേരെ വേണ്ടി വന്നു. അവിദഗ്ധ, കായിക ജോലികൾക്ക് തൊഴിലാളികളെ വിതരണം ചെയ്യുന്ന ഇടത്തട്ടുകാരായി കുറെ കങ്കാണികളും പ്രത്യക്ഷപ്പെട്ടു. താൽക്കാലികമായി കെട്ടിയുണ്ടാക്കിയ ഷെഡ്ഡുകളിലും പൊളിഞ്ഞു വീഴാറായ പഴയ കെട്ടിടങ്ങളിലും പണിസ്ഥലത്തുമൊക്കെ കൂട്ടമായി തെളിച്ചു കൊണ്ടു വന്നവർക്ക് പാർപ്പിടമൊരുക്കി. വൃത്തിഹീനമായ, ശുചി മുറി സൗകര്യങ്ങളില്ലാത്ത ,മലിനജലം പൊട്ടിയൊഴുകുന്ന ചേരിസമാനമായ സ്ഥലങ്ങളിൽ ഇവർക്ക് കഴിഞ്ഞുകൂടേണ്ടി വന്നു. അവിടങ്ങളിൽ നിർമാണപ്രവർത്തനമുണ്ട്. അതിനാൽ തൊഴിലുണ്ട്. കൂലിയിലൊരു ഭാഗം കങ്കാണി കൈക്കലാക്കിയാലും കഞ്ഞികുടിക്കാനുള്ള ചില്ലറ കിട്ടും. കുടുംബത്തിന്റെ പട്ടിണി ഒഴിവാകും.

ഇങ്ങനെ കുറഞ്ഞ കൂലിക്ക് ഒരു തടസവുമില്ലാതെ തൊഴിൽ സേന ലഭ്യമായതിനാൽ ആ തൊഴിൽശക്തി ഉപയോഗിച്ച് ദേശ, വിദേശ കോർപ്പറേറ്റ് മുതലാളിമാരും ശിങ്കിടികളും ചേർന്ന് വെട്ടിത്തിളങ്ങുന്ന രാജവീഥികളുണ്ടാക്കി. രമ്യഹർമ്യങ്ങളുണ്ടാക്കി. വൻ ഹോട്ടലുകളും മാളുകളുമുണ്ടാക്കി. ചെറിയ കാലം കൊണ്ട് അവരുടെ സമ്പത്ത് അതിശയിപ്പിക്കുന്ന അളവിൽ വർധിപ്പിച്ചു. നവ ഉദാരവൽക്കരണത്തിന്റെ കാലത്ത് കമ്പോള ശക്തികളെ വളർത്തലാണ് തങ്ങളുടെ ഉത്തരവാദിത്തമെന്ന് പ്രഖ്യാപിച്ചവർക്ക് സന്തോഷം പകർന്ന നാളുകൾ.

പൊടുന്നനെ അടച്ചുപൂട്ടൽ പ്രഖ്യാപനം വന്നപ്പോൾ ഈ പാവപ്പെട്ട തൊഴിലാളികളുടെ ജീവിതമാണ് താളം തെറ്റിയത്. ജോലി പോയി, കൂലി പോയി, പട്ടിണിയായി.വാടക കൊടുക്കാനില്ലാതെ കിടന്നിടത്തു നിന്നിറങ്ങേണ്ടി വന്നു. ഈ തൊഴിലാളികളുടെ ചിലവിൽ ഉയർച്ചയുടെ കൊടുമുടി കയറിയവർക്ക്, അതിന് വഴിയൊരുക്കിയ കേന്ദ്ര സർക്കാരിന്, ഏതാനും മാസത്തേക്കെങ്കിലും പിടിച്ചു നിൽക്കാൻ ഇവർക്ക് കൈത്താങ്ങാകണമെന്ന് തോന്നിയില്ല. അതാണ് മുതലാളിത്തം, അതാണ് ബൂർഷ്വാ ഭരണകൂടം. രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നും തേനീച്ചക്കൂട്ടം പോലെ തെരുവിലിറങ്ങുന്നവരുടെ എണ്ണം കണ്ട് രാജ്യം ഞെട്ടി.മഹാമാരിയുടെ അന്തരീക്ഷത്തിൽ പരിഭ്രാന്തരായ, നിരാലംബരായ ഈ ജനലക്ഷങ്ങളോട് രോഗവ്യാപനം ഒഴിവാക്കാൻ പറഞ്ഞാൽ അവർ എങ്ങനെ നിബന്ധനകൾ നടപ്പാക്കും. എങ്ങനെ സാമൂഹ്യ അകലം പാലിക്കും. ഇടക്കിടെ കൈ കഴുകാൻ സാ

**മുതലാളിക്ക് ഹൃദയമുണ്ടായിട്ട് കാര്യമില്ല, , മൂലധനത്തിന് ഹൃദയമില്ല എന്നാണ് മാർക്സ് പറഞ്ഞത്. ഇവിടെ ചുരുൾ നിവരുന്നത് ഹൃദയമില്ലാത്ത മൂലധനവും ഹൃദയമില്ലാത്ത മുതലാളി വർഗവും അവർക്കു വേണ്ടി നിലകൊള്ളുന്ന ഭരണകൂട സംവിധാനങ്ങളും ചേർന്ന് തൊഴിലാളിക്കെതിരെ നടത്തുന്ന നഗ്ന താണ്ഡവമാണ്.**

നിട്ടെസർ സംഘടിപ്പിക്കും, മാസ്ക് കണ്ടെത്തും?

അങ്ങനെയൊരു നിസ്സഹായ അവസ്ഥയിൽ സ്വന്തം നാട്ടിൽ, കുടുബത്തിലെത്താനുള്ള വ്യഗ്രത സ്വാഭാവികം. പക്ഷെ ട്രെയിനുകൾ യാർഡിൽ വിശ്രമത്തിലാണ്. അവർ ഗത്യന്തരമില്ലാതെ നാടു ലക്ഷ്യമിട്ട് നീങ്ങാൻ തുടങ്ങി. കാൽനടയായി. റെയിൽ ട്രാക്കുകളിലൂടെ, സൈക്കിളിൽ, നടന്നും കിടന്നും വഴിയിൽ മരിച്ചുവീണും.

ഇവിടെ നാം കണ്ടത് നിഷ്ഠൂരമായ ഒരു കേന്ദ്ര ഭരണ സംവിധാനത്തെയാണ്. മന:സാക്ഷി നഷ്ടപ്പെട്ട കോർപ്പറേറ്റ് ക്രൂരതയാണ്.

ഇവരോട് നീതിന്യായ സംവിധാനം സ്വീകരിച്ച സമീപനം നോക്കുക. തൊഴിലാളികൾക്ക് അടച്ചു പൂട്ടൽ കാലത്ത് വേതനം നിഷേധിക്കരുതെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചു. മുതലാളിമാർ സുപ്രീം കോടതിയിലേക്കോടി. പണിയില്ലാത്തപ്പോൾ കൂലി കൊടുക്കാനാവില്ല എന്നായി വാദം. മുതലാളി പറഞ്ഞത് ശരിവക്കാൻ കോടതിക്ക് ഒരു ബുദ്ധിമുട്ടും തോന്നിയില്ല.

തീർന്നില്ല. പ്രസിദ്ധ സാമൂഹ്യ പ്രവർത്തകരായ ഹർഷ് മന്ദറും അഞ്ജലി ഭരദ്വാജും ചേർന്ന് സുപ്രീം കോടതിയെ സമീപിച്ചു. അവർ ഫയൽ ചെയ്ത ഹർജിയിൽ ഈ കുടിയേറ്റ തൊഴിലാളികൾ നേരിടുന്ന യാതനകൾ അക്കമിട്ട് ബോധിപ്പിച്ചു. തൊഴിലും വരുമാനവുമില്ലാതെ മറ്റു മാർഗങ്ങൾ അടഞ്ഞപ്പോൾ യാത്രാ സൗകര്യമില്ലാതെ പിഞ്ചു കുട്ടികളും വൃദ്ധരുമൊക്കെയായി കാൽനടയായി നൂറുകണക്കിന് കിലോമീറ്ററുകൾ നടക്കേണ്ടി വരുന്നു. അവരെ കൂട്ടമായി പാർപ്പിച്ചിരിക്കുന്നിടത്ത് സാമൂഹ്യ അകലം പാലിക്കാനാവുന്നില്ല. വേണ്ടത്ര ഭക്ഷണമില്ല. വൈറസ് വ്യാപനത്തിനുള്ള എല്ലാ സാധ്യതയും നിലനിൽക്കുന്നു. വേതനം നൽകാനുള്ള സർക്കാർ നിർദ്ദേശം തൊഴിലുടമകൾ നടപ്പാക്കുന്നില്ല. അവർക്ക് താമസവും ഭക്ഷണവും നൽകുന്നില്ലേ.പിന്നെ അവർക്ക് പണമെന്തിനാണ് എന്നാണ് കേസ് പരിഗണിച്ച കോടതി ചോദിച്ചത്. അവർക്കൊരു കുടുംബമുണ്ടെന്നും, അവരുടെ ജീവിതവും നിലനിൽപ്പും പരിഗണിക്കണമെന്നും ആവശ്യപ്പെട്ട പരാതിക്കാരുടെ വക്കീലിനോട് രാജ്യത്തെ ലക്ഷക്കണക്കിനു വരുന്ന കുടിയേറ്റക്കാരെ സംരക്ഷിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദേശിക്കാനാവില്ല എന്നാണ് നീതിപീഠം പറഞ്ഞത്. അവരുടെ ആരോഗ്യവും മറ്റും പരിശോധിക്കാനുള്ള വൈദഗ്ധ്യം തങ്ങൾക്കില്ലെന്നും കോടതി നിരീക്ഷിക്കയാണുണ്ടായത്.

ഇത്തരം കണ്ണിൽ ചോരയില്ലാത്ത പ്രവർത്തികൾ രാജ്യത്തു മാത്രമല്ല, അന്തർദേശീയ തലത്തിൽ തന്നെ ചർച്ചയായതോടെ ശ്രമിക് സ്പെഷ്യൽ ട്രെയിനുകൾ ഓടിക്കാൻ സർക്കാർ തീരുമാനിച്ചു. യാത്രാ ചാർജ് മാത്രമല്ല, ഭക്ഷണത്തിന്റെ വില പോലും ഈ പാവങ്ങളിൽ നിന്ന് ഈടാക്കി. കേന്ദ്ര സർക്കാരിന്റെ രക്ഷാ പാക്കേജ് പ്രഖ്യാപിക്കവെ ധനമന്ത്രി നിർമലാ സീതാരാമനോട് മാധ്യമ പ്രവർത്തകർ ഇതെപ്പറ്റി ചോദിച്ചപ്പോൾ യാത്രാച്ചിലവിന്റെ 85 ശതമാനം റെയിൽവെ മന്ത്രാലയം വഹിക്കും എന്നവർ പറഞ്ഞെങ്കിലും അത് വെറും പറച്ചിലിൽ ഒതുങ്ങി. കോവിഡ് ലോക്ക് ഡൗണിനെ തുടർന്ന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ പിഎം കെയർ ഫണ്ടിൽ പതിനായിരക്കണക്കിനു കോടി രൂപ നിക്ഷേപമുണ്ടായിരിക്കെയാണ് സർക്കാർ ഈ തൊഴിലാളികളോട് ഇത്ര നിഷ്ഠൂരമായ സമീപനം സ്വീകരിച്ചത്.

ഡൽഹിയിലെ തെരുവുകളിലും ബസ് സ്റ്റാൻഡുകളിലും, യു.പി അതിർത്തിയിലും മറ്റും തൊഴിലാളികളെ പോലീസ് പൊതിരെ തല്ലുന്നതും അണുവിമുക്തമാക്കാൻ അവരുടെ ദേഹമാകെ അണുനാശിനി സ്പ്റേ ചെയ്യുന്നതുമായ വേദനിപ്പിക്കുന്ന കാഴ്ചകളാണ് കാണാൻ കഴിഞ്ഞത്. ഇങ്ങനെ അലഞ്ഞു തിരിഞ്ഞു സ്വന്തം ഗ്രാമങ്ങളിൽ ചെന്നെത്തുന്നതിനിടയിൽ രോഗ വ്യാപനവും നല്ല നിലയിൽ നടന്നു. അതാണ് ഇപ്പോൾ രാജ്യമാകെ വർധിച്ചു കൊണ്ടിരിക്കുന്ന രോഗികളുടെ എണ്ണത്തിലെ വർധനവ് വിളിച്ചു പറയുന്നത്.

കുടിയേറ്റ തൊഴിലാളികളെ എപ്രകാരമാണ് കേരളം സംരക്ഷിച്ചതെന്ന് മുൻ ലക്കത്തിൽ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ആ മാതൃക എവിടെയും ഇന്ന് പരക്കെ ചർച്ച ചർച്ച ചെയ്യുന്നു. അവരെ 'അതിഥികൾ ' എന്നു വിശേഷണം നൽകി ആദരിച്ച ഏക സംസ്ഥാനം കേരളമാണ്.

മുതലാളിക്ക് ഹൃദയമുണ്ടായിട്ട് കാര്യമില്ല, , മൂലധനത്തിന് ഹൃദയമില്ല എന്നാണ് മാർക്സ് പറഞ്ഞത്. ഇവിടെ ചുരുൾ നിവരുന്നത് ഹൃദയമില്ലാത്ത മൂലധനവും ഹൃദയമില്ലാത്ത മുതലാളി വർഗവും അവർക്കു വേണ്ടി നിലകൊള്ളുന്ന ഭരണകൂട സംവിധാനങ്ങളും ചേർന്ന് തൊഴിലാളിക്കെതിരെ നടത്തുന്ന നഗ്ന താണ്ഡവമാണ്. ●

# കോവിഡും വർഗ സംഘട്ടനവും

യാനിസ് വാറൗഫാകീസ്

**അമേരിക്കയെ പോലെ ശക്തമായ രാഷ്ട്രം ആകട്ടെ അല്ലെങ്കിൽ ഗ്രീസിനെ പോലെ ദുർബലമായ രാജ്യം ആകട്ടെ അപ്രത്യക്ഷമാകുന്ന വ്യവസായ മേഖലയും വരുമാനം ഇല്ലാത്ത തൊഴിലാളികളുമുള്ള അവിടങ്ങളിൽ വായ്പ്പാ കുമിളകൾ സൃഷ്ടിച്ചുകൊണ്ട് മാത്രമേ സമ്പത്ഘടനകളെ ചലിപ്പിക്കുവാൻ കഴിയുകയുള്ളൂ. കുമിളകൾ പൊട്ടുമ്പോഴെല്ലാം തൊഴിലാളികൾക്ക് കടക്കെണിയെയും കുത്തനെയുള്ള ജീവിത നിലവാര തകർച്ചയെയും നേരിടേണ്ടി വരുന്നു.**



ഒരു ദശകത്തിന് മുൻപ് പൊട്ടി പുറപ്പെട്ട യൂറോപ്പിലെ പ്രതിസന്ധി മിതവ്യയ ശീലം പിന്തുടരുന്ന വടക്കൻ യൂറോപ്പും നിയന്ത്രണമില്ലാതെ ചിലവ് ചെയ്യുന്ന തെക്കൻ യൂറോപ്പും തമ്മിലുള്ള ഏറ്റുമുട്ടൽ ആയിട്ടാണ് ഏറെ കാലമായി ചിത്രീകരിക്കപ്പെട്ടു വരുന്നത്. യഥാർത്ഥത്തിൽ പ്രതിസന്ധിയ്ക്ക് പിന്നിലെ മുഖ്യ കാരണം അമേരിക്കയുമായോ അല്ലെങ്കിൽ ചൈനയുമായോ താരതമ്യം ചെയ്യുമ്പോൾ യൂറോപ്പിലെ മുതലാളിത്വ രാഷ്ട്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളെയും ഏറെ ദുർബലപ്പെടുത്തിയ രൂക്ഷമായ വർഗ്ഗ സംഘട്ടനം ആയിരുന്നു. ഇപ്പോൾ സാഹചര്യം കൂടുതൽ മോശമായിരിക്കുകയാണ്. കോവിഡ്-2019-നെ നേരിടുന്നതിനായി യൂറോപ്പിൽ രൂപീകരിയ്ക്കപ്പെടുന്ന യൂറോപ്യൻ യൂണിയൻ വീണ്ടെടുപ്പ് ഫണ്ടിനെയും സ്വീകരിക്കപ്പെടുന്ന മറ്റു നടപടികളെയും കുറിച്ച് നടക്കുന്ന ചർച്ചകൾ ഈ വർഗ്ഗ സംഘട്ടനത്തെ തീവ്രമാക്കികൊണ്ട് യൂറോപ്പിൽ ഇന്ന് നിലനിൽക്കുന്ന സാമൂഹിക- സാമ്പത്തിക മാതൃകയ്ക്ക് മറ്റൊരു ആഘാതം കൂടി ഏൽപ്പിക്കുവാൻ പോകുകയാണ്.

കഴിഞ്ഞ ഏതാനും ദശകങ്ങൾ നമ്മെ പഠിപ്പിച്ച ഒരു പ്രധാന കാര്യം ഒരു രാജ്യത്തിന്റെ സമ്പത്ഘടനയെ വേർതിരിച്ചു കണ്ട് അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പാഴ് വേലയാണ് എന്നതാണ്. വ്യാപാരത്തെ സഹായിക്കുന്നതിന് വേണ്ടി പണം രാജ്യങ്ങളുടെ അതിർത്തികൾ കടന്ന് ചെല്ലുകയും ഉപഭോഗ ചിലവുകളിൽ നിന്ന് പ്രാദേശിക ഉത്പാദകർക്ക് പരമാവധി നേട്ടം ലഭിക്കുകയും ചെയ്തിരുന്ന പഴയ കാലത്ത് ഒരു രാജ്യത്തിന്റെ സമ്പത്ഘടനയുടെ ശക്തിയും ദൌർബല്യങ്ങളും പ്രത്യേകം വിലയിരുത്തുന്നതിൽ പ്രസക്തി ഉണ്ടായിരുന്നു. ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. ഓരോ രാജ്യത്തിന്റെയും സമ്പത്ഘടനയുടെ ഉയർച്ചയും താഴ്ചയും മറ്റു സമ്പത്ഘടനകളുടെ അവസ്ഥയുമായി വളരെ ഏറെ ബന്ധപ്പെട്ടു കിടക്കുകയാണ് ഇപ്പോൾ.

**ധനമൂലധനത്തിന്റെ പിൻബലത്തിൽ തടിച്ചു കൊഴുക്കുന്ന കുത്തകകളുടെ ലാഭക്കൊതി കാരണം രൂക്ഷമാക്കപ്പെട്ട വർഗ്ഗ സംഘട്ടനമായിരുന്നു യൂറോപ്യൻ പ്രതിസന്ധിയുടെ ഉത്ഭവ കേന്ദ്രം. 2010-ൽ ഗ്രീസ് പാപ്പർ ആയപ്പോൾ അവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും മേലെ അടിച്ചേൽപ്പിക്കപ്പെട്ട ചിലവ് ചുരുക്കൽ നടപടികൾ ആ രാജ്യത്തിലെ നിക്ഷേപങ്ങൾ ഇടിയുന്നതിന് ഇടയാക്കി. ഗ്രീസിലെ സാഹചര്യം ജർമനിയിലെ നിക്ഷേപ വളർച്ചയെയും പ്രതികൂലമായി ബാധിച്ചതിനാൽ അത് അവിടെയും വേതന ഇടിവ് ഉണ്ടാകുന്നതിന് പരോക്ഷമായ കാരണമായി തീർന്നു. നിയന്ത്രണം ഇല്ലാതെ കറൻസി അച്ചടി ച്ചുകൊണ്ട് ഓഹരികളുടെ വിലകൾ കുതിച്ച് ഉയരുന്നതിന് സഹായിച്ച നയം യൂറോപ്പ്യൻ കേന്ദ്ര ബാങ്ക് സ്വീകരിച്ച സമയത്തു തന്നെയാണ് വേതന ഇടിവ് ഉണ്ടായത്.**

1980-കളുടെ തുടക്കം മുതലാണ് നിയന്ത്രണങ്ങൾ എല്ലാം എടുത്തു കളഞ്ഞുകൊണ്ട് ധനമൂലധനത്തെ തടസ്സങ്ങൾ ഒന്നും ഇല്ലാതെ വിഹരിക്കുന്നതിന് അനുവദിച്ചു തുടങ്ങിയത്. ഇത് സ്വകാര്യ മേഖലയിൽ സാമ്പത്തിക കുതന്ത്രങ്ങൾ മെനഞ്ഞ് പണം കുന്നുകൂട്ടുന്നതിനും അതിനെ ഉപയോഗിച്ചുകൊണ്ട് ഭീമായ വ്യാപാര കമ്മികൾക്ക് പരിഹാരം കാണുന്നതിനുമുള്ള അവസരം തുറന്നു കൊടുത്തു. സ്വന്തം വ്യാപാര മിച്ചം വലിയ കമ്മിയായി മാറിയപ്പോൾ അമേരിക്കയുടെ മേധാവിത്വം കൂടുതൽ ശക്തിപ്പെടുകയാണ് ഉണ്ടായത്. കാരണം അമേരിക്കയുടെ ഇറക്കുമതിയാണ് ആഗോള ചോദനത്തെ നിലനിർത്തുന്നത്. ഇറക്കുമതിയ്ക്ക് ആവശ്യമായ പണം അമേരിക്കയ്ക്ക് ലഭിക്കുന്നതാകട്ടെ അവിടേയ്ക്കുള്ള ഇറക്കുമതിയിൽ നിന്ന് വിദേശ രാജ്യങ്ങൾക്ക് ലഭിക്കുന്ന ലാഭം നിക്ഷേപമായി വാൾ സ്ട്രീറ്റിലേയ്ക്ക് നിക്ഷേപമായി ഒഴുകി എത്തുന്നതിനാലും.

ലോകത്തിന്റെ കേന്ദ്ര ബാങ്ക് എന്ന പോലെ തന്നെ പ്രവർത്തിയ്ക്കുന്ന യു എസ് ഫെഡറൽ റിസർവ് ആണ് അമേരിക്കയിലേയ്ക്ക് പ്രവഹിക്കുന്ന പണത്തെ അവിടത്തെ ഇറക്കുമതി ചിലവുകൾക്കായി ഉപയോഗിക്കുന്നതിന് വഴി ഒരുക്കുന്ന ഈ പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ഇത് തുടർന്നു കൊണ്ടുപോകുന്നതിന് അസന്തുലിതാവസ്ഥ സ്ഥായിയായി നിലനിൽക്കുന്ന ഒരു ആഗോള ക്രമം അനിവാര്യമാണ്. ഇതിന് വ്യാപാര മിച്ചമുള്ളതോ അഥവാ കമ്മിയുള്ളതോ എന്ന വ്യത്യാസം ഇല്ലാതെ എല്ലാ രാജ്യങ്ങളിലും വർഗ്ഗ സംഘട്ടനം തുടർച്ചയായി രൂക്ഷമായിക്കൊണ്ടിരിയ്ക്കണം.

വ്യാപാര കമ്മിയുള്ള എല്ലാ രാജ്യങ്ങളും ഒരു പ്രധാനപ്പെട്ട കാര്യത്തിൽ ഒരുപോലെയാണ്. അമേരിക്കയെ പോലെ ശക്തമായ രാഷ്ട്രം ആകട്ടെ അല്ലെങ്കിൽ ഗ്രീസിനെ പോലെ ദുർബലമായ രാജ്യം ആകട്ടെ അപ്രത്യക്ഷമാകുന്ന വ്യവസായ മേഖലയും വരുമാനം ഇല്ലാത്ത തൊഴിലാളികളുമുള്ള അവിടങ്ങളിൽ വായ്പ്പാ കുമിളകൾ സൃഷ്ടിച്ചുകൊണ്ട് മാത്രമേ സമ്പത്ഘടനകളെ ചലിപ്പിക്കുവാൻ കഴിയുകയുള്ളൂ. കുമിളകൾ പൊട്ടുമ്പോഴെല്ലാം തൊഴിലാളികൾക്ക് കടക്കെണിയെയും കുത്തനെയുള്ള ജീവിത നിലവാര തകർച്ചയെയും നേരിടേണ്ടി വരുന്നു.

വ്യാപാര മിച്ചം ഉള്ള രാജ്യങ്ങളിലും തൊഴിലാളികൾക്ക് എതിരായ വർഗ്ഗപരമായ ആക്രമണം നടക്കുന്നുണ്ട് എങ്കിലും വ്യത്യസ്ത രാജ്യങ്ങളിൽ ഇതിന്റെ സ്വഭാവത്തിൽ വലിയ വ്യതിയാനങ്ങൾ കാണുവാൻ സാധിക്കും. ചൈനയുടെയും ജർമ്മനിയുടെയും കാര്യം എടുക്കാം. ഈ രണ്ട് രാജ്യങ്ങൾക്കും അമേരിക്കയുമായും ഇതര യൂറോപ്യൻ രാജ്യങ്ങളുമായും വലിയ വ്യാപാര മിച്ചം ആണുള്ളത്. രണ്ടു രാജ്യങ്ങളിലും തോഴിലാളികളുടെ വരുമാനവും സമ്പത്തും അടിച്ചമർത്തപ്പെടുന്നുണ്ട്. എന്നാൽ ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം ആഭ്യന്തര വായ്പ്പാ കുമിളകളിലൂടെ ചൈന ഉയർന്ന തോതിൽ നിക്ഷേപം നിലനിർത്തി കൊണ്ടു പോകുന്നു എന്നതാണ്. ജർമനി ആകട്ടെ വളരെ കുറച്ചു മാത്രം നിക്ഷേപം നടത്തി സാമ്പത്തിക വളർച്ചയ്ക്കായി മറ്റു യൂറോ രാജ്യങ്ങളിലെ രാജ്യങ്ങളിലെ വായ്പ്പാ കുമിളകളെ ആശ്രയിക്കുയാണ്.

രാജ്യാന്തര അതിർത്തികളാൽ പരിമിതപ്പെടുത്തപ്പെടാത്ത ധനമൂലധനത്തിന്റെ പിൻബലത്തിൽ തടിച്ചു കൊഴുക്കുന്ന കുത്തകകളുടെ ലാഭക്കൊതി കാരണം രൂക്ഷമാക്കപ്പെട്ട വർഗ്ഗ സംഘട്ടനമായിരുന്നു യൂറോപ്യൻ പ്രതിസന്ധിയുടെ ഉത്ഭവ കേന്ദ്രം. 2010-ൽ ഗ്രീസ് പാപ്പർ ആയപ്പോൾ അവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും മേലെ അടിച്ചേൽപ്പിക്കപ്പെട്ട ചിലവ് ചുരുക്കൽ നടപടികൾ ആ രാജ്യത്തിലെ നിക്ഷേപങ്ങൾ ഇടിയുന്നതിന് ഇടയാക്കി. ഗ്രീസിലെ സാഹചര്യം ജെർമനിയിലെ നിക്ഷേപ വളർച്ചയെയും പ്രതീകൂലമായി ബാധിച്ചതിനാൽ അത് അവിടെയും വേതന ഇടിവ് ഉണ്ടാകുന്നതിന് പരൊക്ഷമായ കാരണമായി തീർന്നു. നിയന്ത്രണം ഇല്ലാതെ കറൻസി അച്ചടി ച്ചുകൊണ്ട് ഓഹരികളുടെ വിലകൾ (ജർമ്മനിയിലെ കമ്പനികളിലെ മേലാളൻമാരുടെ ബോണസ്സും) കുതിച്ച് ഉയരുന്നതിന് സഹായിച്ച നയം യൂറോപ്പ്യൻ കേന്ദ്ര

ബാങ്ക് സ്വീകരിച്ച സമയത്തു തന്നെയാണ് വേതന ഇടിവ് ഉണ്ടായത് എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ജർമ്മനിയിലെ മുതലാളിമാർ യൂറോപ്യൻ യൂണിയനിലാകെയുള്ള (EU) തൊഴിലാളികളിൽ നിന്ന് പിഴിഞ്ഞ് എടുത്ത സമ്പത്ത് പാഴാക്കി കളഞ്ഞതിനുള്ള തെളിവുകൾ ബുദ്ധിമുട്ടില്ലാതെ കണ്ടെത്തുവാൻ ആകും. ജർമൻ സ്വകാര്യ മേഖല 1999-മുതൽ വാരിക്കൂട്ടിയ

ലാഭത്തിൽ യൂറോ പ്രതിസന്ധി 7%-ത്തിന്റെ ഭീമമായ ഇടിവ് ആണ് ഉണ്ടാക്കിയത്. ഇതിന് ഇടയാക്കിയത് ജർമൻ മൂലധന ഉടമകൾ കുന്നുകൂട്ടിയ ലക്ഷക്കണക്കിന് കോടികൾ വരുന്ന ലാഭം ഉപയോഗിച്ച് ഗത്യന്തരമില്ലാതെ മറ്റു രാജ്യങ്ങൾക്ക് വായ്പ നൽകേണ്ടി വന്നതും ആ രാജ്യങ്ങളിലെ പ്രതിസന്ധി കാരണം തിരിച്ചടവ് മുടങ്ങിയത് വായ്പ നൽകിയവർക്ക് വലിയ നഷ്ടം വരുത്തിവച്ചതുമാണ്.

ഇത് ജർമ്മനിയിൽ മാത്രം ഒതുങ്ങി നിന്ന ഒരു പ്രശ്നമായിരുന്നില്ല. യൂറോപ്യൻ യൂണിയനിലെ വ്യാപാരം മിച്ചം ഉള്ള എല്ലാ രാജ്യങ്ങളെയും ബാധിച്ച ഒരു വിഷയം ആയിരുന്നു. 2007-ൽ യൂറോപ്യൻ യൂണിയനിലെ കുത്തകകൾക്ക് അമേരിക്കൻ സ്ഥാപനങ്ങളെ അപേക്ഷിച്ച് 113 ദശ ലക്ഷം ഡോളറിന്റെ അധിക ലാഭം ഉണ്ടാക്കാൻ ആയെങ്കിൽ 2017-ഓടെ ഇത് തല കീഴായി മറയുകയാണുണ്ടായത് എന്ന് ഒരു പ്രമുഖ ജർമൻ പത്രം എഴുതുകയുണ്ടായി.

യൂറോപ്യൻ പ്രധിസന്ധിയുടെ രത്നച്ചുരുക്കം ഇതാണ്. മൊത്തത്തിൽ എടുക്കുമ്പോൾ യൂറോപ് വ്യാപാര മിച്ച സമ്പത്ഘടനയാണ്. എങ്കിലും അത് പല വ്യത്യസ്ത രാജ്യങ്ങളായി വേർതിരിഞ്ഞ് കിടക്കുന്നത് യൂറോപ്യൻ മുതലാളിമാർക്ക് ആ രാജ്യങ്ങളിലെ തൊഴിലാളികൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടത്തെ തങ്ങളുടെ സ്ഥായിയായ ലാഭമായി മാറ്റുന്നതിന് തടസ്സമാകുകയാണ്. മറ്റൊരു തരത്തിൽ പറയുകയാണെങ്കിൽ വടക്കൻ യൂറോപ്പിന്റെ മിതവ്യയ ശീലത്തെ കുറിച്ചുള്ള വിവരണങ്ങൾക്ക് പിന്നിൽ തൊഴിലാളികളെ ചൂഷണം ചെയ്തിട്ടും അത് മുതലാളിമാർക്ക് ഗുണം ചെയ്യാതെ പാഴാകുന്നു എന്ന മുതലാളിത്വം വെളിപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത യാഥാർഥ്യം ഒളിഞ്ഞു കിടപ്പുണ്ട്.

കഴിഞ്ഞ കാലങ്ങളിലെ തെറ്റായ സമീപനങ്ങളിൽ നിന്ന് യൂറോപ്യൻ യൂണിയൻ മാറി ചിന്തിക്കുന്നതിന് കോവിഡ്-2019 കാരണമായിട്ടുണ്ട് എന്ന രീതിയിൽ വരുന്ന വാർത്തകൾ ഊതി പേരുപ്പിക്കപ്പെട്ടവയാണ്. യൂറോ മേഖലയിലെ മൊത്തം കടം അവിടത്തെ രാജ്യങ്ങൾ പരസ്പരം പങ്ക് വയ്ക്കണം (European Debt Mutualisation) എന്ന ആവശ്യത്തിന്റെ നിശബ്ദമായ അന്ത്യം ദേശിയ ബഡ്ജറ്റുകളിലെ കമ്മി ഭീമമായി വർദ്ധിക്കുന്നതിലേക്കും അതിനെ നേരിടാനായി ഓരോ രാജ്യങ്ങളിലും അത്രയും തന്നെ വലിയ ചിലവ് ചുരുക്കലുകൾ നടപ്പിലാക്കപ്പെടുന്നത്തിലേയ്ക്കും ആണ് നയിക്കുവാൻ പോകുന്നത്. മഹാഭൂരിപക്ഷം ജനങ്ങളുടെയും വരുമാനത്തെ ഇതിനകം തന്നെ കാർന്നുതിന്നു കഴിഞ്ഞ വർഗ്ഗ സംഘട്ടനം കൂടുതൽ രൂക്ഷമാകും. ഇതൊക്കെ ആണെങ്കിലും 750 ദശലക്ഷം ഡോളറിന്റെ വീണ്ടെടുപ്പ് പാക്കേജ് നല്ല തീരുമാനം അല്ലെ എന്ന ചോദ്യം ഉയർത്തപ്പെടാം. പൊതു കട പത്രങ്ങൾ പുറത്തിറക്കുന്നത് നല്ലതല്ലേ എന്നും ചോദിക്കപ്പെടാം.

അതെ എന്നും അല്ല എന്നും ഉള്ള ഉത്തരങ്ങൾ ഈ ചോദ്യങ്ങൾക്ക് ഒരേ സമയം തന്നെ നൽകേണ്ടിവരും. വർഗ്ഗ സംഘട്ടനത്തിന്റെ രൂക്ഷത ലഘൂകരിക്കുന്നതിന് പൊതു കടപ്പത്രങ്ങൾ കുറെയൊക്കെ സഹായിക്കും എങ്കിലും അത് കൊണ്ടു മാത്രം പ്രശ്നങ്ങൾ തീരില്ല. പൊതു കടപ്പത്രങ്ങൾ വഴി സ്വരൂപിക്കുന്ന പണം യൂറോ മേഖലയിലെ ഓരോ രാജ്യങ്ങളിലെയും സാമ്പത്തിക ബുദ്ധിമുട്ടുകളെ ആഭിമുഖികരിക്കുന്ന കുടുംബങ്ങൾക്കും സംസ്ഥാനങ്ങൾക്കും ആശ്വാസം എത്തിക്കുവാൻ ഉപകരിക്കണം. ഈ പ്രക്രിയയാകട്ടെ പ്രാദേശിക കുത്തകകളുടെ ദയയെ ആശ്രയിക്കാതെ സ്വാഭാവികമായി നടക്കുകയും വേണം. അധിക സമ്പത്തിനെ ഓരോ പ്രദേശങ്ങളിലെയും ദുരിതബാധിതർക്ക് വിതരണം ചെയ്യുന്ന സംവിധാനമായി ഇത് മാറണം. ഉദാഹരണത്തിന് അമേരിക്കയിലുള്ള കാലിഫോർണിയയിലെ അധിക സമ്പത്ത് ഉപയോഗിച്ച് അവിടത്തെയും അതിനോടൊപ്പം മിസൂറിയിലെയും ദുർബല വിഭാഗങ്ങൾക്ക് ഭക്ഷണവും സാമൂഹ്യ സുരക്ഷയും ലഭ്യമാക്കുന്നത് ഈ സംസ്ഥാനങ്ങളുടെയോ അവിടങ്ങളിലെ പ്രാദേശിക ഭരണകൂടങ്ങളുടെയും ഇടപെടലുകൾ ഒന്നും തന്നെ ഇല്ലാതെയാണ്.

എന്നാൽ ഇതിന് നേർവിപരീതമായി അംഗ രാജ്യങ്ങൾക്ക് ഒരു നിശ്ചിത വിഹിതം തീരുമാനിച്ച് നീക്കിവയ്ക്കുന്ന യൂറോപ്യൻ യൂണിയൻ വീണ്ടെടുപ്പ് ഫണ്ടിന്റെ പ്രവർത്തനം അവയെ പരസ്പരം എതിരാളികൾ ആക്കി തീർക്കും. ഇറ്റലിയ്ക്കോ ഗ്രീസിനോ നൽകപ്പെടുന്ന വിഹിതം ജർമ്മനിയിലെ തൊഴിലാളികൾക്ക് മേൽ ചുമത്തപ്പെടുന്ന നികുതിയായി വ്യാഖ്യാനിയ്ക്കപ്പെട്ടേയ്ക്കും. കൂടാതെ ഫണ്ടുകൾ ദേശിയ സർക്കാരുകൾക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് ഫണ്ടുകളുടെ വിതരണ ചുമതല അതാത് രാജ്യത്തെ ഭരണകൂടങ്ങളിൽ മേധാവിത്വമുള്ള കുത്തകകളെ ഏൽപ്പിക്കുന്നതിന് തുല്യമാണ്.

യൂറോപ്പിലെ കുത്തകളുടെ കൂട്ടായ്മയെ ദൃഡപ്പെടുത്തികൊണ്ട് അവിടത്തെ വിവിധ രാജ്യങ്ങളിലെ ഭൂരിപക്ഷം ജനങ്ങളുടെ ശാക്തീകരണത്തിനായി ശ്രമിക്കുന്നത് ഒരു നല്ല തന്ത്രം അല്ല. വിപരീത ഫലം ആയിരിക്കും ഇത് ഉണ്ടാക്കുക. ഇത്തരം കാഴ്പ്പാടിന്റെ അടിസ്ഥാനത്തിലുള്ള ഏതൊരു വീണ്ടെടുക്കലും ഏകദേശം മുഴുവൻ യൂറോപ്പ് കാർക്കും അർഹിക്കുന്നത് നിഷേധിക്കുന്നതും മഹാഭൂരിപക്ഷത്തെയും കൂടുതൽ ആഴമേറിയ പ്രയാസങ്ങളിലേയ്ക്ക് തള്ളി വിടുന്നതും ആയിരിക്കും. ●

# കോവിഡ് 19 വിളിച്ചോതുന്നത്



“നിങ്ങളുടെ എല്ലാ ആവരണങ്ങളും വലിച്ചു മാറ്റപ്പെട്ടിരിക്കുന്നു. നിങ്ങളിന്നു ലോകത്തിനു മുന്നിൽ നിൽക്കുന്നത് തികച്ചും നഗ്നരായിട്ടാണ് എന്നാണ് അധികാരമാളുന്ന വർഗത്തോട് കോവിഡ് 19 എന്ന മഹാമാരി വിളിച്ചു പറയുന്നത്. മുതലാളിത്തം നേരിടുന്ന പിന്നോട്ടടി മാറ്റാൻ ദശകങ്ങളായി അടിച്ചേൽപ്പിച്ച നവ ലിബറൽ നടപടികൾ പ്രദാനം ചെയ്യുമെന്ന് ഉറപ്പു നൽകിയ വികസന മാതൃകയാകെ ഇവിടെ തകർന്നു വീണിരിക്കുന്നു. ഇനിയെന്ത് എന്ന ചോദ്യത്തിനു മുന്നിൽ മുതലാളിത്ത ഭരണങ്ങൾ പകച്ചു നിൽക്കുന്നു. വേദനയും അമർഷവും കടിച്ചമർത്തിനിൽക്കുന്ന ലോക സമൂഹത്തെ ഈ വ്യവസ്ഥിതി നിലനിർത്തുന്നതിനു വേണ്ടി കൂടുതൽ ചവിട്ടി താഴ്ത്താനുള്ള പരിശ്രമങ്ങൾ ആസൂത്രണം ചെയ്യുന്നു. ഒരു സാന്ത്വന സ്പർശത്തിനായി ഉറ്റുനോക്കുന്ന ജനതക്കുമേൽ വന്നു വീഴുന്നത് ആക്രമണത്തിന്റെ നീരാളിക്കൈകളാണ്.”



ഈ വരികൾ കുറിക്കുന്ന വേളയിൽ (ജൂലൈ 9) ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടു പ്രകാരം 188 രാജ്യങ്ങളിലായി ഒരു കോടി ഇരുപതു ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയൊൻപതു രോഗികളുണ്ട്. മരണപ്പെട്ടവർ 549401. രോഗികളുടെ എണ്ണവും മരണ സംഖ്യയും ഇനിയും വർധിക്കുമെന്ന് റിപ്പോർട്ട് പ്രവചിക്കുന്നു. WHO മുന്നോട്ടുവച്ച നിർദേശങ്ങളും സുരക്ഷാ നടപടികളും ഏറെക്കുറെ നടപ്പിലായിട്ടും, രോഗവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ രാജ്യങ്ങൾ മാസങ്ങൾ നീണ്ട അടച്ചുപൂട്ടൽ ഏർപ്പെടുത്തിയിട്ടും രോഗവ്യാപനം തടയാനാവുന്നില്ല.

WHO പ്രസിദ്ധീകരിക്കുന്ന മുകളിൽ പറഞ്ഞ കണക്കുകളുടെ നിജസ്ഥിതി തന്നെ സംശയകരമാണ്. ഓരോ രാജ്യവും നൽകുന്ന കണക്കുകൾ ക്രോഡീകരിച്ചാണ് ഇവ പ്രസിദ്ധീകരിക്കുന്നത്. രോഗികളുടെ എണ്ണവും മരണവും പൊടുന്നനെ കുതിച്ചുയർന്ന പാശ്ചാത്യ രാജ്യങ്ങളിലും അമേരിക്കയിലും ഒരേ കുഴിയിൽ ഒട്ടേറെ മൃതദേഹങ്ങൾ അടക്കം ചെയ്യുന്ന, കോവിഡ് ബാധിതരുടെ മരണ സംഖ്യ കൃത്യമായി രാജ്യങ്ങൾ റിപ്പോർട്ടു ചെയ്യാത്ത സംഭവങ്ങളും മാധ്യമങ്ങൾ ചൂണ്ടിക്കാണിക്കയുണ്ടായി. വൈറസിന്റെ ആക്രമണ സ്വഭാവം, അത് ലോകത്തിന്റെ വിവിധ ജനവാസ മേഖലകളിൽ പടരുന്ന രീതി,

രോഗ ലക്ഷണങ്ങളിലെ വ്യത്യസ്തത തുടങ്ങിയവയൊക്കെ നിർണയിക്കാനും പ്രതിരോധ രീതികൾ ആവിഷ്കരിക്കാനും സത്യസന്ധവും കൃത്യവുമായ വിവരങ്ങൾ ആവശ്യമാണ്. അതിനാലാണ് പരിശോധന വ്യാപകമാക്കാനും സർവൈലൻസ് ടെസ്റ്റ് നടത്താനുമൊക്കെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. ഇവയൊക്കെ WHO പറയുന്ന പ്രകാരം നടപ്പിലാക്കുന്നുണ്ടോ?

നമുക്ക് ഇൻഡ്യയിലെ സ്ഥിതി നോക്കാം. 138 കോടി ജനസംഖ്യയുള്ള നമ്മുടെ രാജ്യത്ത് ഇന്നത്തെ കണക്കു പ്രകാരം രോഗികളുടെ എണ്ണം 767296 ആണ്. മരണം 21129. ഇവിടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 24879 പേർക്ക് രോഗം ബാധിച്ചു എന്നാണ് ഔദ്യോഗികകണക്ക്. മരണം 487. കഴിഞ്ഞ ഒരാഴ്ചക്കുള്ളിൽ രോഗം ബാധിച്ചവർ ഒന്നര ലക്ഷമാണ്. അതോടെ രോഗബാധിതരുടെ എണ്ണത്തിൽ അമേരിക്കയും ബ്രസീലും കഴിഞ്ഞ് ഇൻഡ്യ മൂന്നാം സ്ഥാനത്തെത്തി. കൂടുതലായി രോഗ പരിശോധന നടന്ന രാജ്യങ്ങളിൽ രോഗികളുടെ എണ്ണം റിപ്പോർട്ടു ചെയ്യുന്നതിലും വർധനവു കാണാം. അതിനാൽ ടെസ്റ്റുകളുടെ എണ്ണം വർധിപ്പിക്കണമെന്ന് WHO യും വിവിധ രാജ്യങ്ങളിലെ മെഡിക്കൽ വിദഗ്ധരും നിരന്തരം ആവശ്യപ്പെടുന്നു. രോഗം തുടക്കത്തിൽ തന്നെ നിർണയിക്കാൻ കഴിഞ്ഞാൽ വൈറസ് രോഗിയിൽ പടർന്ന് രൂക്ഷമാകുന്നതിനു മുൻപ് പ്രതിരോധ നടപടികൾ ആരംഭിക്കാം. മരണ നിരക്ക് കുറക്കുകയും ചെയ്യാം. അത്തരം മാതൃക സ്വീകരിച്ചിടത്ത് മരണനിരക്ക് കുറച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. കേരളം ഇക്കാര്യത്തിൽ മാതൃകയാണ്.

ഏപ്രിൽ രണ്ടാം വാരത്തിലെ കണക്കു പ്രകാരം വികസിത രാജ്യങ്ങളിലെ ജനസംഖ്യ, രോഗികൾ, മരണം എന്നിവയുടെ ഒരു താരതമ്യം പ്രസക്തമാണ്. രോഗ പരിശോധന ഉയർന്ന അളവിൽ നടന്ന ഈ രാജ്യങ്ങളിലെ ഇവ തമ്മിലുള്ള അനുപാതം ഇൻഡ്യയടക്കം വികസ്വര രാജ്യങ്ങളിലേതുമായി തട്ടിച്ചു നോക്കുന്നത് പരിശോധനയിലെ കുറവിലേക്ക് വെളിച്ചം വീശും.

| രാജ്യം | ജനസംഖ്യ | രോഗബാധിതർ | മരണം |
|---|---|---|---|
| 1. അമേരിക്ക | 33 കോടി | 3054695 | 13 2299 |
| 2. ബ്രിട്ടൻ | 6.7 കോടി | 288511 | 44602 |
| 3. സ്പെയിൻ | 4.5 കോടി | 2525 13 | 28396 |
| 4. ഫ്രാൻസ് | 6.5 കോടി | 206072 | 29936 |
| 5. ഇറ്റലി | 5. 6 കോടി | 242149 | 34914 |

138 കോടി ജനസംഖ്യയുള്ള ഇൻഡ്യയിൽ കോവിഡ് ടെസ്റ്റ് സംവിധാനമുള്ള 1132 കേന്ദ്രങ്ങളിലായി ദിനംപ്രതി 62000 ടെസ്റ്റുകൾ നടക്കുന്നുവെന്ന് ഇൻഡ്യൻ കൗൺസിൽ ഫൊർ മെഡിക്കൽ റിസർച്ച് (ICMR) അവകാശപ്പെടുന്നു. രാജ്യത്തെ മൊത്തം ജനസംഖ്യയുമായി തട്ടിച്ചു നോക്കിയാൽ ഇത് തികച്ചും അപര്യാപ്തമാണെന്ന് കാണാം. ഇത് ഏറ്റ



**വൈറസിന്റെ ആക്രമണ സ്വഭാവം, അത് ലോകത്തിന്റെ വിവിധ ജനവാസ മേഖലകളിൽ പടരുന്ന രീതി, രോഗ ലക്ഷണങ്ങളിലെ വ്യത്യസ്തത തുടങ്ങിയവയൊക്കെ നിർണയിക്കാനും പ്രതിരോധരീതികൾ ആവിഷ്കരിക്കാനും സത്യസന്ധവും കൃത്യവുമായ വിവരങ്ങൾ ആവശ്യമാണ്. അതിനാലാണ് പരിശോധന വ്യാപകമാക്കാനും സർവൈലൻസ് ടെസ്റ്റ് നടത്താനുമൊക്കെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. ഇവയൊക്കെ WHO പറയുന്ന പ്രകാരം നടപ്പിലാക്കുന്നുണ്ടോ?**

വും പുതിയ കണക്കാണെന്നോർക്കണം. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ ഇക്കാര്യത്തിൽ ICMR സ്വീകരിച്ച അലംഭാവം ഏറെ വിമർശനത്തിന് വിധേയമായ ശേഷം വന്ന മാറ്റമാണിത്. ഇപ്പോഴും അതിതീവ്രമായ രോഗലക്ഷണങ്ങൾ കാണിക്കുന്ന വരെ മാത്രമാണ് പരിശോധിക്കുന്നത്. പരിശോധന വ്യാപകമല്ലാത്തതിനാൽ രോഗബാധിതരെ സംബന്ധിച്ച് പുറത്തു വിടുന്ന ഔദ്യോഗിക കണക്ക് വിശ്വസ്തമെന്ന് പറയാനാവില്ല. ഡൽഹിയിലും മുംബൈയിലും മറ്റും നിന്ന് യഥാർഥ കണക്കുകളല്ല വരുന്നതെന്ന് ഏറെ പ്രാവശ്യം മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തതാണ്. അതുപോലെ മരണം സംബന്ധിച്ച കണക്കിലും സംശയം നിലനിൽക്കുന്നു. ആഗോള മരണനിരക്ക് ഒരു ശതമാനത്തിനടുത്താണ്. ഇൻഡ്യയിലെ മരണനിരക്ക് ഔദ്യോഗിക കണക്കു പ്രകാരം അതിൽ താഴെയാണെങ്കിലും കഴിഞ്ഞ ദിവസങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ട രോഗികളുടെ എണ്ണവും മരണവും ആശങ്കയുണർത്തുന്നു.

തുടക്കം മുതൽ ടെസ്റ്റ് വിപുലപ്പെടുത്താൻ കഴിയാത്തതിനു കാരണമായി ICMR പറഞ്ഞു കൊണ്ടിരുന്നത് അതിനുള്ള സാമഗ്രികളുടെ ദൗർലഭ്യമാണ്. രോഗികളുടെ എണ്ണം വർധിച്ച് മൂന്നു മാസം പിന്നിടുമ്പോഴും ഇതേ പല്ലവി അവർ ആവർത്തി

ശേഷം പേജ് 46

# കോവിഡ് കാലത്ത് എൽഡിഎഫ്

## തൊഴിലാളികൾക്കായി നടത്തിയ ഇടപെടലുകൾ



- തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധിബോർഡുകളിൽ അംഗങ്ങളായ 69,96,984 തൊഴിലാളികൾക്കായി 950,09,48,500 രൂപയുടെ സഹായമാണ് ഇതിനകം അനുവദിച്ചത്. സാമ്പത്തികശേഷിയുള്ള ചില ക്ഷേമനിധിബോർഡുകൾ കൂടുതൽ തുക സഹായം നൽകി.

- മറ്റ് വിവിധ വകുപ്പുകൾക്കു കീഴിലുള്ള ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3,89,787 പേർക്കായി 58,79,35,000 രൂപ ഇതിനു പുറമെ സർക്കാർ അനുവദിച്ചിട്ടുണ്ട്.





- ഇതുകൂടി കണക്കിലെടുക്കുമ്പോൾ ആകെ 73,86,771 തൊഴിലാളികൾക്കായി 1008,88,83,500 രൂപയാണ് ലോക്ഡൗൺ കാലത്ത് ആശ്വാസധനമായി എൽഡിഎഫ് സർക്കാർ അനുവദിച്ചത്.



- ഏപ്രിൽ മാസത്തേത് ഉൾപ്പെടെ അഞ്ചു മാസത്തെ ക്ഷേമനിധി പെൻഷനുകൾ ഒരുമിച്ചു നൽകിയതിനു പുറമെയാണ് ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും സഹായധനം പ്രഖ്യാപിച്ചത്.

# വിവിധ ക്ഷേമനിധികളിലെ അംഗങ്ങളും അനുവദിച്ച തുകയും

| ബോർഡ് | തൊഴിലാളികൾ | ആകെ തുക |
|---|---|---|
| അബ്കാരി തൊഴിലാളി ക്ഷേമനിധി | 919 | 1,,37,85,000 |
| മോട്ടോർ തൊഴിലാളി ക്ഷേമനിധി | 9,73,576 | 258,02,59,500 |
| കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി | 16,192 | 24,28,80,000 |
| ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് | 5,10,000 | 51 കോടി |
| കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി | 20,00,304 | 200,30,4000 |
| കർഷകതൊഴിലാളി ക്ഷേമനിധി | 15,89,997 | 158,99,97,000 |
| കൈത്തറി തൊഴിലാളി ക്ഷേമനിധി | 29,997 | 29,99,7,000 |
| ബീഡി ആന്റ് സിഗാർ ക്ഷേമനിധി | 6837 | 2,05,11,000 |
| തയ്യൽ തൊഴിലാളി ക്ഷേമനിധി | 7,30,000 | 73 കോടി |
| ആഭരണ നിർമ്മാണതൊഴിലാളി | 17,000 | 1.7 കോടി |
| ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി | 91,125 | 9,11,25,000 |
| കശുവണ്ടി തൊഴിലാളി ക്ഷേമനിധി | 1,07,564 | 10,75,64,000 |
| അസംഘടിത തൊഴിലാളി ക്ഷേമനിധി | 4,43,147 | 44,31,47,000 |
| തോട്ടം തൊഴിലാളികൾ | 85,300 | 8,53,00,000 |
| ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് | 74,800 | 86 കോടി |
| തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,04,226 | 30,42,26,000 |
| ഖാദി തൊഴിലാളി ക്ഷേമനിധി | 16,000 | 14 കോടി |
| ആകെ | 69,96,984 | 950,094,8500 |

# മറ്റു വകുപ്പുകളിലെ ക്ഷേമനിധികൾ വഴിയുള്ള സഹായം

| ക്ഷേമനിധി | തൊഴിലാളികൾ | തുക |
|---|---|---|
| 1. ഖാദി തൊഴിലാളിക്ഷേമനിധി | 16,000 | 1.60 കോടി |
| 2. ലോട്ടറി തൊഴിലാളി ക്ഷേമനിധി | 52,000 | 5.20 കോടി |
| 3. അഡ്വ. ക്ലാർക്ക്സ് ക്ഷേമനിധി | 5,500 (3000 രൂപ) | 1.65 കോടി |
| 4. സാംസ്കാരിക ക്ഷേമനിധി | 11,000 1000രൂപ രണ്ടു തവണ) | 2.20 കോടി |
| 5. അക്കാദമികളിൽ രജിസ്റ്റർ ചെയ്ത കലാകാരന്മാർ | 30,000 (1000 രൂപ രണ്ടു തവണ) | 6 കോടി |
| 6. മത്സ്യതൊഴിലാളി ക്ഷേമനിധി | 1.45 ലക്ഷം പേർക്ക് 2000 രൂപ വീതം | 29 കോടി |
| 7. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർ | 287 പേർക്ക് 2500 രൂപ വീതം 2 തവണ | 14.35 ലക്ഷം രൂ |
| 8. കയർ തൊഴിലാളി ക്ഷേമനിധി | 1.30,000 പേർ | 13 കോടി രൂപ. |
| ആകെ | 3,89,787 | 58,79,35,000 രൂപ |

ക്ഷേമനിധി ആനുകൂല്യങ്ങളോ സാമൂഹ്യപെൻഷനോ ലഭിക്കാത്ത 14,78,236 കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ ആയിരം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. 147,82,36,000 രൂപയാണ് ഈയിനത്തിൽ വിതരണം ചെയ്യുന്നത്.

# അതിഥിതൊഴിലാളികൾക്ക് സംരക്ഷണം




കോവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ അതിഥി തൊഴിലാളികളുടെയും സുരക്ഷിതത്വവും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചത്. ലോക്ഡൗൺ പ്രഖ്യാപിച്ച ഉടൻ തന്നെ ഈ തൊഴിലാളികൾക്ക് സുരക്ഷിതമായ താമസസൗകര്യവും ആഹാരവും വൈദ്യസഹായവും ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു. തൊഴിൽ വകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജില്ലാഭരണസംവിധാനവും പൊലീസ്, റെവന്യൂ വകുപ്പുകളും അതീവജാഗ്രതയോടെ ഇക്കാര്യത്തിൽ ഇടപെട്ടു.

സംസ്ഥാനത്ത് മൊത്തം 21,556 ക്യാമ്പുകളാണ് അതിഥി തൊഴിലാളികൾക്കായി സർക്കാർ സജ്ജീകരിച്ചത്. ഈ ക്യാമ്പുകളിലായി

4,34,280 തൊഴിലാളികളാണുണ്ടായിരുന്നത്. കുടുംബശ്രീയുടെ അടക്കം സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ കമ്മ്യൂണിറ്റി കിച്ചനുകളിൽ നിന്നും തൊഴിലാളികൾക്ക് ആഹാരം നൽകി. അതിഥി തൊഴിലാളികളുടെ ആവശ്യപ്രകാരം അവരുടെ തനത് ഭക്ഷണം പാകം ചെയ്തു കഴിക്കുന്നതിനുള്ള സൗകര്യവും ഒരുക്കി. ഇതിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ക്യാമ്പുകളിൽ എത്തിച്ചു. ക്യാമ്പുകളിൽ കഴിയാൻ താൽപര്യമില്ലാത്ത തൊഴിലാളികൾക്ക് അവർ താമസിക്കുന്ന ഇടങ്ങളിൽ ഭക്ഷ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തി. പല സംസ്ഥാനങ്ങളും അതിഥിതൊഴിലാളികൾക്കായി കേരളം ഒരുക്കിയ സജ്ജീകരണങ്ങളിൽ അഭിനന്ദനം അറിയിച്ചിട്ടുണ്ട്. തിരിച്ചുപോയ പലരും കേരളത്തിലേക്ക് തന്നെ മടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുകയാണ്. ലോക് ഡൗൺ പ്രഖ്യാപിച്ചതിനെതുടർന്നുള്ള ദിവസങ്ങളിൽ അതിഥി തൊഴിലാളികളുടെ കൂട്ടപ്പലായനത്തിന്റെ വേദനിപ്പിക്കുന്ന കാഴ്ചകൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചതെങ്കിൽ കേരളത്തിൽ അവർ സുരക്ഷിതരായിരുന്നു.

മൂന്നേകാൽ ലക്ഷത്തോളം അതിഥി തൊഴിലാളികൾ ഇതിനകം സ്വന്തം നാടുകളിലേക്ക് തിരിച്ചുപോയിട്ടുണ്ട്.



# ജനസേവനത്തിനായി അങ്കൺവാടി ജീവനക്കാർ

കോവിഡ്- 19 എന്ന മഹാമാരിയോടനുബന്ധിച്ച് സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം കേരളത്തിലെ അങ്കണവാടികളിലെ പ്രീ - സ്കൂൾ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണ്. പകരം ICDS സേവനങ്ങൾ ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കളായ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അമൃതം - ന്യൂട്രി മിക്സ്, 3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള പ്രീ - സ്ക്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണത്തിനും, ഉച്ചഭക്ഷണത്തിനും, 3 മണിക്കു കൊടുക്കാനുള്ള പൊതു ഭക്ഷണത്തിനുമാവശ്യമായ ഭക്ഷ്യവസ്തുക്കൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, കുഞ്ഞിന് 6 മാസം പ്രായമാകുന്നതുവരെ പാലൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള ഭക്ഷ്യവസ്തുക്കൾ അങ്കണവാടിയിൽ വന്നു വാങ്ങുന്നതിനു ബുദ്ധിമുട്ടുള്ള ഗുണഭോക്താക്കളുടെ വീടുകളിലെത്തിച്ചു നൽകുകയോ, അങ്കണവാടിയിൽ വന്നു വാങ്ങുന്നതിന് താല്പര്യമുള്ളവർക്ക് അങ്കണവാടിയിൽ വെച്ച് അളന്നു തൂക്കി തിട്ടപ്പെടുത്തി വിതരണം നടത്തുന്നു. ഇത് ഒരു മാസത്തിൽ രണ്ടു തവണകളായി നൽകുന്നത്.



കൂടാതെ ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും ശൈശവകാല പരിചരണവും, വിദ്യഭ്യാസവും (ECCE) എന്ന ബൃഹത് പരിപാടിയെക്കുറിച്ച് ഓരോ വിഷയങ്ങളിലൂന്നി കൊണ്ട് ഓൺലൈനായി ബോധവൽക്കരണ ക്ലാസുകളും, ആവശ്യമെങ്കിൽ കൗൺസിലിങ്ങിനുള്ള സൗകര്യവുമൊരുക്കി കൊടുക്കുക , വയോജനങ്ങളുടെ വിവരശേഖരണം നേരിട്ടോ സ്മാർട്ട് ഫോൺ വഴിയോ ശേഖരിച്ച് ഓരോരുത്തരുടെയും വിവരങ്ങൾ പ്രത്യേകം ഫോമുകളിലാക്കി ഡിപ്പാർട്ടുമെൻറിനു സമർപ്പിക്കണം. ഇതിൽ ആരോഗ്യപരമായ അവശ









തകളനുഭവിക്കുന്നവർക്കാവശ്യമായ സഹായങ്ങൾ ആരോഗ്യ വകുപ്പിന്റെയും, തദ്ദേശഭരണ വകുപ്പിന്റെയും നിർദ്ദേശപ്രകാരം എത്തിച്ചു നൽകുക. ഓരോ അങ്കണവാടിയുടെയും പ്രവർത്തന പരിധിയിൽ വരുന്ന കുടുംബങ്ങളിലെ വിദേശത്തേക്കും, മറ്റു സംസ്ഥാനങ്ങളിലേക്കും തൊഴിലുമായി ബന്ധപ്പെട്ടു പോയവരുടെ വിവരശേഖരണം നടത്തി ആരോഗ്യ വകുപ്പിനും, ഗ്രാമ പഞ്ചായത്തിനും കൈമാറുക. നാട്ടിലേക്ക് തിരിച്ചു വരുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ടവരെ അറിയിച്ച് അവർക്ക് ക്വാന്റയിൽ സൗകര്യമൊരുക്കിക്കൊടുക്കുന്നതിനുള്ള സഹായങ്ങൾ നൽകുക, ക്വാറന്റയിനിൽ കഴിയുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും നിരീക്ഷിക്കുകയും, ആവശ്യമായ നിർദ്ദേശങ്ങളും, സഹായങ്ങളും, ആവശ്യമെങ്കിൽ കൗൺസിലിങ്ങിനുമുള്ള സൗകര്യങ്ങളൊരുക്കി കൊടുക്കുക, വൾണറബിലിറ്റി മാപ്പിംങ്ങ് ഗ്രൂപ്പിൽ പെടുന്ന വിധവകളുള്ള കുടുംബങ്ങൾ, അംഗ പരിമിതരുള്ള കുടുംബങ്ങൾ, ഒറ്റപ്പെട്ടു താമസിക്കുന്നവർ, പെൺമക്കൾ മാത്രമുള്ള കുടുംബങ്ങൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരുടെ കുടുംബങ്ങൾ, ഗുണ്ടാ ആക്രമണത്തിനിരയായവരുടേയോ, ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടവരുടേയോ കുടുംബങ്ങൾ എന്നിവരുടെ വീടുകൾ സന്ദർശിച്ചോ, ഫോൺ ചെയ്തോ ക്ഷേമാന്വേഷണം നടത്തുകയോ ചെയ്ത് ആവശ്യമായ സഹായങ്ങളെത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കുക - തുടങ്ങി ചെറുതും വലുതുമായ ഒരു പാട് സേവനങ്ങൾ ഈ കോവിഡ് മഹാമാരി കാലത്ത് അങ്കണവാടികൾ വഴി പൊതുജനങ്ങൾക്കു ലഭിക്കുന്നതിനാവശ്യമായ മീഡിയേറ്ററായി പ്രവർത്തിക്കുന്നവരാണ് അങ്കണവാടി ജീവനക്കാർ.

## സംഘടന നടത്തിയ പ്രവർത്തനങ്ങൾ

1. 307 സമൂഹ അടുക്കളകളിലേക്ക് 1028000 രൂപയുടെ സാധനങ്ങൾ (അരി, പലചരക്ക്, പച്ചക്കറികൾ) പണമായും സാധനങ്ങളുമായും നൽകി.
2. ഏറ്റവും പാവപ്പെട്ടവരായ 450 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റ് വിതരണം നടത്തി.
3. 1850 ബോട്ടിൽ സാനിറ്റൈസർ നിർമ്മിച്ചു നൽകി.
4. 62270 മാസ്ക്ക് നിർമ്മിച്ചുവിതരണം നടത്തി (PHC, CHC, പോലീസ് സ്റ്റേഷൻ, സമൂഹ അടുക്കള, സന്നദ്ധ പ്രവർത്തകർ എന്നിവിടങ്ങളിൽ)
5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 72,11,520 / രൂപ സംഭാവനയായി ജീവനക്കാരിൽ നിന്നും ശേഖരിച്ചു നൽകി. പൂർത്തീകരിച്ചിട്ടില്ല.

### കോവിഡിനെതിരെ

# ആശാ പ്രവർത്തകർ മുൻനിരയിൽ

നിപ്പാക്കാലത്ത് കേരളജനതക്ക് വേണ്ടി ജീവൻ വെടിഞ്ഞ ലിനിയെ സ്മരിച്ചുകൊണ്ട് പറയുന്നു ജീവൻ പണയംവച്ച് ഒട്ടനവധി ആശമാർ അന്ന് പ്രവർത്തനരംഗത്തുണ്ടായിരുന്നു.നിപ്പ വ്യാപിക്കാതിരിക്കാൻ ആശമാർ നടത്തിയ പ്രവർത്തനം എടുത്തുപറയേണ്ടതാണ്.നിപ്പ ബാധിച്ച് മരിച്ചയാളുടെ വസ്ത്രങ്ങൾ എടുത്ത് കത്തിക്കുന്ന പ്രവർത്തനങ്ങൾ വരെ ആശമാർ നടത്തിയിട്ടുണ്ട്.



പിന്നീടുണ്ടായ പ്രളയക്കെടുതിയിലകപ്പെട്ടവരെ സഹായിക്കുന്നതിലും, അവരുടെ ആരോഗ്യം നിലനിർത്തുന്നതിനുള്ള ആഹാരസാധനങ്ങളും,മരുന്നും എത്തിക്കുന്ന കാര്യത്തിലും, ക്യാമ്പുകളിൽ ആശമാർ നടത്തിയ സേവനപ്രവർത്തനവും തുച്ഛമായ വേതനം വാങ്ങുന്ന വിഭാഗമായിട്ടുപോലും 115100 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സ്വരൂപിച്ച് നൽകി.

കോവിഡ്-19 ആരംഭം മുതൽ അടിത്തട്ടിലെ മുഴുവൻ ഉത്തരവാദിത്തവും ആശമാർക്കും ജെ.എച്ച്.ഐ,ജെ.പി.എച്ച്-മാർക്കുമാണ്. ഒരു വ്യക്തി വിദേശത്തുനിന്ന് മറ്റ് സംസ്ഥാനത്തുനിന്നോ വരുന്നു എന്നറിഞ്ഞാൽ അദ്ദേഹം വന്ന് ക്വാറന്റൈനിൽ നിൽക്കുന്നതിനെപ്പറ്റിയും എങ്ങനെ ആ വീട്ടുകാർ ഈ വ്യക്തിയോട് ഇടപെടണമെന്നും വീട്ടുകാർക്ക് പറഞ്ഞ് ബോധവൽക്കരിക്കുന്നതോടൊപ്പം ക്വാറന്റൈനിൽ നില്ക്കാൻ സൗകര്യം ആ വീട്ടിലുണ്ടോ എന്നു പരിശോധിച്ച് ഇല്ലെങ്കിൽ ക്വാറന്റൈൻ സെന്ററിൽ നിർത്താനുള്ള ഇടപെടൽ നടത്തുന്നതും ആശ (വാർഡ് ആർ.ആർ.ടി) ആണ്. ആ വ്യക്തി വന്നു കഴിഞ്ഞാൽ അദ്ദേഹത്തെ ഫോണിൽ ബന്ധപ്പെട്ടോ ഫോൺ ലഭ്യമല്ലെങ്കിൽ അകലം പാലിച്ച് നിന്നുകൊണ്ട് ക്വാറന്റൈനിൽ എങ്ങനെ നിൽക്കണം, എങ്ങനെ മറ്റുള്ളവരോടിടപെടണം എന്നും ബോധ്യപ്പെടുത്തുന്നു.

ഇതിനു ശേഷം അദ്ദേഹം എവിടെ നിന്നുവന്നു. ഏതെല്ലാം വാഹനത്തിൽ എവിടെയൊക്കെ ഇറങ്ങിയിട്ടുണ്ട്,തുടങ്ങി വീട്ടിലെത്തുന്നതുവരെയുള്ള വിശദവിവരം മേലുദ്യോഗസ്ഥർക്ക് നൽകേണ്ടതും പിന്നീടുള്ള 28 ദിവസം ഓരോ ദിവസവും ഈ വ്യക്തിയുടെ വിവരങ്ങൾ അന്വേഷിച്ച കോവിഡ്-19 ആപ്പിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥർക്ക് എത്തിക്കേണ്ടതും വാർഡ് ആർ.ആർ.ടി(ആശ) ആണ്.

പട്ടിണിയിലേക്ക് ജനങ്ങളെത്താതിരിക്കാൻ സംഘടനകളെയും,ട്രസ്റ്റുകളെയും,രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തെയും ബന്ധപ്പെട്ട് ഭക്ഷണകിറ്റ് എത്തിക്കാനും,റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും ദിവസേന മരുന്ന് കഴിക്കുന്നവർക്ക് മരുന്നെത്തിക്കുന്നതിനും,രോഗികളെ ഡോക്ടറുടെ അടുത്ത് എത്തിക്കുന്നതിനും,ഗർഭിണിയെ പ്രസവം എടുക്കുന്നതുവരെയുള്ള പ്രവർത്തികൾ ഈ കോവിഡ് കാലത്ത് ആശ നടത്തുകയുണ്ടായി. നിരവധി ആശമാർ കോവിഡ് ബാധിതരായി മാറി, ആശയുടെ വണ്ടി അടിച്ചുതകർക്കൽ, മർദ്ദിക്കൽ, അടച്ചിടൽ, സ്വന്തം വീട്ടിൽ കയറാൻ അനുവദിക്കാതെ തടഞ്ഞുവെക്കൽ തുടങ്ങി നിരവധി എതിർപ്പുകളെ നേരിട്ടുകൊണ്ട് പ്രവർത്തനം നടത്തുന്ന ആശമാർ ഈ കോവിഡ് കാലത്തും 11,12,700 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുകയുണ്ടായി.



**ഇന്ത്യയിൽ എൻ.എച്ച്.എം ന്റെ കീഴിൽ 800000-ത്തോളം വരുന്ന ആശമാർ പ്രവർത്തിക്കുന്നു.കേരളത്തിൽ 26475 ആശമാരുള്ളതിൽ 18528 പേർ സി.ഐ.ടി.യു മെമ്പർഷിപ്പിൽ അംഗങ്ങളാണ്. പിണറായി സർക്കാർ ശക്തമായ ഇടപെടൽ ആശമാരുടെ കാര്യത്തിൽ നടത്തിയെങ്കിലും ഇന്നും പ്രവർത്തിക്കനുസരിച്ചുള്ള വേതനം ആയിട്ടില്ല. 1000 രൂപ ഹോണറേറിയം ഉള്ളത് 5000 രൂപയാക്കി ഉയർത്തുകയും,സ്പെഷ്യൽ ഇൻസന്റീവുമടക്കം ഭൂരിഭാഗം ആശമാർക്കും ലഭിക്കുന്നത് 8000 രൂപയാണ്.**

കോവിഡ് പ്രതിരോധ പ്രവർത്തനം

# മാനസിക പിന്തുണയുമായി സ്കൂൾ കൗൺസിലേഴ്സ്



**സംസ്ഥാനമാകെ ഇതുവരെ കൗൺസിലിംഗ് ലഭിച്ച ആകെ ആളുകൾ**

| | | |
|---|---|---|
| നിരീക്ഷണത്തിൽ കഴിയുന്നവർ | : | 4, 55, 566 |
| നിരീക്ഷണത്തിലുള്ള വയോജനങ്ങൾ | : | 88922 |
| ആരോഗ്യപ്രവർത്തകർ | : | 5533 |
| അതിഥി തൊഴിലാളികൾ | : | 786 |
| ഗർഭിണികൾ | : | 922 |
| എസ് എസ് എൽ സി | : | 30027 |
| ഹയർ സെക്കണ്ടറി | : | 31583 |
| ഭവന സന്ദർശനം | : | 47. |
| മറ്റുള്ളവ | : | 3315 |



കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തു നിരീക്ഷണത്തിൽ കഴിയുന്നവർക്ക് മാനസിക പിന്തുണയും ആത്മവിശ്വാസവും പകർന്നു നൽകി സ്കൂൾ കൗൺസലർമാർ. വനിതാ ശിശു വികസന വകുപ്പിന്റെ സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഗവണ്മെന്റ് സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന കൗൺസലർമാരാണ് മാനസികാരോഗ്യ പദ്ധതിയുമായി സംയോജിച്ചു നിരീക്ഷണത്തിലുള്ളവർ, തനിച്ചു താമസിക്കുന്ന വയോജനങ്ങൾ, അതിഥി തൊഴിലാളികൾ, ഗർഭിണികൾ, കുട്ടികൾ ഓർഫനേജ് അന്തേവാസികൾ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ടെലി കൗൺസലിംഗ് നൽകി വരുന്നത്. ഉത്കണ്ഠ, ഭയം, ഉറക്കക്കുറവ്, വിഷാദം, ഒറ്റപ്പെടൽ, മദ്യാസക്തിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവ ടെലി കൗൺസലിംഗ് വഴി കണ്ടെത്തി വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നു. അതോടൊപ്പം തന്നെ എസ് എസ് എൽസി, പ്ലസ് ടു പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന സംസ്ഥാനത്തെ ഗവണ്മെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ടെലി കൗൺസിലിംഗും നൽകിയിരുന്നു. സംസ്ഥാന വ നിതാ ശിശു വികസന വകുപ്പ് ഓഫീസർ, ജില്ലാ മാനസികാരോഗ്യ പദ്ധതി നോഡൽ ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിലാണ് ടെലി കൗൺസലിംഗ്. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് കുട്ടികൾ അനുഭവിക്കുന്ന മാനസിക സമ്മർദങ്ങളിലും ഇടപെട്ടുകൊണ്ട് അവർക്കുവേ പിന്തുണ കൗൺസിലർമാർ നൽകിവരുന്നു. ഈ മേഖലയിൽ 1132 പേരാണ് ജോലി ചെയ്യുന്നത്. അതിൽ 920 പേരും സിഐടിയു യൂണിയൻ മെമ്പർമാരാണ്.

# ഓൺലൈൻ പഠനത്തിന് 500 ടിവി നൽകി കെ.എസ്.ഇ.ബി.വർക്കേഴ്സ് അസോ.

ലോക്ഡൗൺ കാലത്തും ശക്തമായ സംഘടനാ പ്രവർത്തനമാണ് കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ നടത്തിയത്. ലോക്ക്ഡൗണിനെ തുടർന്ന് സമസ്ത മേഖലകളും നിശ്ചലമായതോടെ തൊഴിലും വരുമാനവും ഇല്ലാതെ ജനജീവിതം ദുരിതപൂർണ്ണമായി. നികുതിവരുമാനം ഇല്ലാതെ സർക്കാർ സാമ്പത്തിക പ്രയാസത്തിലുമായി. കൊറോണക്കെതിരായ പ്രതിരോധത്തിന് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുവാൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുവാൻ സർക്കാർ അഭ്യർത്ഥിച്ചു.

സാലറി ചലഞ്ചിനെ ആദ്യം പിന്തുണച്ച പ്രതിപക്ഷനേതാവ് പിന്നീട് എതിരായി രംഗത്തുവന്നു. അന്ധമായ രാഷ്ട്രീയവിരോധത്തിലൂടെ ജനങ്ങളെ ദ്രോഹിക്കുന്ന സമീപനമാണ് അവർ കൈക്കൊണ്ടത്. ഈ സമയത്ത് ഗവൺമെന്റ് ഒരുമാസത്തെ ശമ്പളം അഞ്ച് തുല്യ ഗഡുക്കളായി മാറ്റി വയ്ക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ഹൈക്കോടതിയിൽ കേസ് കൊടുത്ത് ഈ ഉത്തരവ് റദ്ദ് ചെയ്യിക്കുകയാണ് പ്രതിപക്ഷ സർവീസ് സംഘടനകൾ ചെയ്തത്. തുടർന്നാണ് ശമ്പളം മാറ്റി വെക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. കെ.എസ്.ഇ.ബി.വർക്കേഴ്സ് അസോസിയേഷൻ തുടക്കം മുതൽ തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ആദ്യഘട്ടത്തിൽ ഒരു ദിവസത്തെ ശമ്പളവും, മുഖ്യമന്ത്രിയുടെ അഭ്യർത്ഥന വന്നതിനെ തുടർന്ന് ഒരു മാസത്തെ ശമ്പളവും സംഭാവന ചെയ്യാൻ തയ്യാറാവുകയും ഐ.എൻ.ടി.യു.സി യുടെയും പ്രതിപക്ഷത്തിന്റേയും ജനവിരുദ്ധ സമീപനത്തിനെതിരെ വൈദ്യുതി ജീവനക്കാർക്കിടയിൽ ശക്തമായ പ്രചാരണം നടത്തുകയും ചെയ്തു.

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 15 ഇലക്ട്രിസിറ്റി എംപ്ലോയീസ് സഹകരണ സംഘങ്ങൾ ഒരുകോടി പത്ത് ലക്ഷത്തി അൻപതിനായിരം രൂപ(1,10,50,000) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി. ഇതിനുപുറമേ സഹകരണ സംഘങ്ങളും, സംഘടനയും, ജീവനക്കാർക്ക് സൗജന്യമായി മാസ്കും സാനിറ്റൈസറും നൽകി ബ്രേക്ക് ദ ചെയിൻ ക്യാമ്പയിനിൽ പങ്കാളികളായി.

വിദ്യാലയങ്ങൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ അദ്ധ്യയനം മുടങ്ങാതെ ജൂൺ 1 ന് തന്നെ ട്രയൽ അടിസ്ഥാനത്തിൽ ഓൺലൈൻ പഠനം ആരംഭിച്ചത് രാജ്യത്തിനു തന്നെ മാതൃകയായിരുന്നു. ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത കുട്ടികൾക്ക് ടി.വി, ടാബ്‌ലറ്റ്, മൊബൈൽ ഫോണുകൾ നൽകുവാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചതോടൊപ്പം നിരവധി സംഘടനകളും വ്യക്തികളും ടി.വിയും മറ്റും സംഭാവന നൽകാൻ തയ്യാറായി. കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വ്യാപകമായി ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത അഞ്ഞൂറോളം കുട്ടികൾക്ക് ടി.വി നൽകി. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 18 ന് തിരുവനന്തപുരം വൈദ്യുതി മുമ്പിൽ വച്ച് സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് സഖാവ് ആനത്തലവട്ടം ആനന്ദൻ 12 കുട്ടികൾക്ക് ടി.വി നൽകിക്കൊണ്ട് നിർവഹിച്ചു. ജൂൺ 5 ന് പരിസ്ഥിതി ദിനത്തിൽ സംസ്ഥാനത്ത് ഒരു ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. വൃക്ഷത്തൈകൾ നടുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈദ്യുതി മന്ത്രി എം.എം മണി തിരുവനന്തപുരം വൈദ്യുതി ഭവന് മുൻപിൽ വൃക്ഷത്തൈ നട്ട് നിർവഹിച്ചു.

## എൻജിബിഐഎസ്എ

ബ്രേക്ക് ദി ചെയ്ൻ ക്യാമ്പയിന്റ ഭാഗമായി എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ കൈകഴുകൽ കേന്ദ്രം സ്ഥാപിച്ചു. എറണാകുളം ജില്ലയിൽ സംഘടന നേതൃത്വം നൽകുന്ന മൂന്ന് മാസ്ക് നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്, കടുംബ വരുമാനം നിലച്ച വീടുകളിലെ നിർധനരായ 73 സ്ത്രീകൾക്ക് തൊഴിൽ നൽകി അവരുടെ വരുമാനം ഉറപ്പിച്ചാണ് യൂണിറ്റുകൾ മുന്നോട്ട് പോകുന്നത്. ഓട്ടോ തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, എറണാകുളം ജില്ലയിലെ പാലാ തുരുത്ത്, തമ്മനം തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾ എന്നിവിടങ്ങളിൽ ആയി ആകെ 105 ഭക്ഷ്യ ധാന്യകിറ്റുകൾ നൽകി.

എറണാകുളത്ത് കോവിഡ് കാലത്തെ സംഘടന അംഗങ്ങളുടെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനായി അംഗങ്ങളുടേയും, കുട്ടികളുടെയും, കുടുംബത്തിന്റെയും വിവിധ വിനോദ പരിപാടികൾ ഓൺലൈനായി ചെയ്യുകയും ഇതിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. നിർധന കുടുംബത്തിലെ വിദ്യാർത്ഥിനിയ്ക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനായ് എറണാകുളം കളമശ്ശേരിയിൽ ടെലിവിഷൻ നൽകി. തൃശ്ശൂർ ജില്ലയിൽ രക്തദാന ക്യാമ്പ് നടത്തി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാനുള്ള പ്രവർത്തനം സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന് വരുന്നു.

## കോവിഡ് 19
# ആശ്വാസ പ്രവർത്തനങ്ങളുമായി ആർടിസാൻസ് യൂണിയൻ

മഹാമാരിയായ കൊറോണ വൈറസിനെ ചെറുക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് ലോകരാജ്യങ്ങൾ. എന്നാൽ അതിവേഗത്തിൽ ഈ മഹാമാരി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഈ മഹാമാരിയെ പ്രതിരോധിക്കുന്നതിൽ ലോകരാഷ്ട്രങ്ങൾക്കു തന്നെ മാതൃകയായി തല ഉയർത്തി നിൽക്കുകയാണ്. അതോടൊപ്പം എല്ലാ വിഭാഗം ജനങ്ങൾക്കും നേരിട്ട് സാമ്പത്തിക സഹായമടക്കം ചെയ്തു കൊണ്ടിരിക്കുന്നു.

കേരള ആർടിസാൻസ് യൂണിയൻ (സിഐടിയു) വിന്റെ വിവിധ ഘടകങ്ങളുടെ നേതൃത്വത്തിൽ കോവിഡ് -19 ആശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് യൂണിയൻ അംഗങ്ങളുടെ സംഭാവന ആയി 4,35,000/- രൂപ നൽകിയിട്ടുണ്ട്.

യൂണിയൻ ഘടകങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്താകെ പതിനായിരത്തിൽ അധികം മാസ്കുകളും 3425 പച്ചക്കറി- പലവ്യഞ്ജന കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. ഓൺലൈൻ പഠന സൗകര്യമില്ലാതിരുന്ന കുട്ടികൾക്കായി 8 ടെലിവിഷൻ സെറ്റുകളും 5 മൊബൈൽ ഫോണുകളും നൽകിയിട്ടുണ്ട്. 40,000 രൂപയുടെ മരുന്നുകളും ആവശ്യക്കാർക്ക് വാങ്ങി നൽകി.

ക്ഷേമനിധി ഓഫീസുകളും പൊതുസ്ഥലങ്ങളും ശുചീകരിക്കുന്നതിൽ ചില ജില്ലാ കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതി പ്രകാരം യൂണിയൻ അംഗങ്ങൾ പച്ചക്കറി കൃഷി ചെയ്തു വരുന്നുണ്ട്. കൂടാതെ കമ്മിറ്റികളുടെ നേതൃത്വത്തിൽ മലപ്പുറത്ത് 1 ഏക്കറിൽ കരനെൽകൃഷിയും കോഴിക്കോട് മരച്ചീനി കൃഷിയും ചെയ്യുന്നുണ്ട്.

- **കേരള ഫോട്ടോഗ്രാഫേഴ്സ് & വീഡിയോ ഗ്രാഫേഴ്സ് യൂണിയൻ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷത്തി പതിനോരായിരത്തി ഒരു നൂറ്റി പതിനൊന്ന് രൂപ നൽകി. കാസർഗോഡ് ജില്ല മുഴുവൻ അംഗങ്ങൾക്കും പച്ചക്കറി കിറ്റ്, പോലിസ് സ്റ്റേഷനിൽ മാസക്, അംഗതി മന്ദിരത്തിൽ ഭക്ഷ്യ ധാന്യ കിറ്റ്, ഭർത്താവ് മരിച്ച അംഗത്തിന് 10000 രൂപ എന്നിവ നൽകി. മാസ്ക് വിതരണം, പാലക്കാട് രണ്ടു ടിവി, ഒരു അംഗത്തിന് 3 മാസത്തെ വിട്ട് വാടക, പോലീസിന് കുടിവെള്ളം, മാസ്ക് എന്നിവയും പത്തനംതിട്ടയിൽ ഭക്ഷ്യധാന്യ കിറ്റുകൾ, ബാല ഭവനിൽ സാധനങ്ങൾ, പഞ്ചായത്ത് ജനകീയ ഹോട്ടലിൽ സാധനവും പൈസയും ആയി 210000 രൂപാ ചെലവാക്കുകയും ചെയ്തു. 3 ടിവി നൽകി തിരുവനന്തപുരം മൂന്ന് എരിയ മുഴുവൻ അംഗങ്ങൾക്കും ഭക്ഷ്യധാന്യ കിറ്റ്, ടിവി, മരുന്ന്, അംഗങ്ങളുടെ സ്റ്റുഡിയോയിൽ സാനിറ്റൈസർ മാസ്ക് എന്നിവ നൽകി. 2 അംഗങ്ങൾക്ക് 5000 രൂപാ വീതം ചികിത്സയ്ക്ക് നൽകി.
- **കോവിഡ് 19 - എതിരേ പോരാടുവാൻ കേരള വാട്ടർ അതോറിറ്റി കരാർ തൊഴിലാളികളുടെ ഒരു കൈ സഹായം.** തൊഴിലാളികളിൽ നിന്നും സ്വരൂപിച്ച 255820 രൂപയുടെ ചെക്ക് ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നതിനു വേണ്ടി, ജലവിഭവ വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടിയെ യൂണിയൻ സംസ്ഥാന പ്രസിഡണ്ട് അഡ്വ: B സത്യൻ MLA ഏൽപ്പിച്ചു.
- **ടാങ്ക് ലോറി വർക്കേഴ്സ് യൂണിയൻ** മുഖ്യമന്തിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എറണാകുളം അമ്പലമുകൾ കമ്മിറ്റി ഒരു ലക്ഷം രൂപയും, മലപ്പുറം ചേളാരി എൽപിജി കമ്മിറ്റി 61000 രൂപയും നൽകിയിട്ടുണ്ട്.
- **കേരള അഗ്രികൾച്ചറൽ ടെക്നിക്കൽ സ്റ്റാഫ് യൂണിയൻ** അംഗങ്ങളായ 148 പേരുടെ ഒരു ദിവസത്തെ വേതനം 64,084 രൂപയും സംഘടനാ ഫണ്ടിൽ നിന്നും 916 രൂപയും ഉൾപ്പെടെ 65,000 രൂപ മുഖ്യമന്ത്രിയുടെ കോവിഡ് 19 ദുരിതാശ്വാസ നിധിയിലേക്ക് നൽകി.
- **ഖാദി ബോർഡ് എംപ്ലോയീസ് യൂണിയൻ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ സംഭാവന ചെയ്തു. ബ്രേക്ക് ദ ചെയിൻ കാമ്പയിൻ സംഘടിപ്പിച്ചു. ടിവി ചലഞ്ചിൽ പങ്കെടുത്തു.
- **കേരള സ്റ്റേറ്റ് കുടുംബശ്രീ അക്കൗ യൂണിയൻ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 10 ലക്ഷം രൂപ സംഭാവന ചെയ്തു.

## ഐടി മേഖലയിലെ തൊഴിലാളികൾക്ക് മേലുള്ള ആക്രമണം

# കോഗ്നിസന്റിൽ കൂട്ടപ്പിരിച്ചുവിടൽ

അമേരിക്കൻ മൾട്ടിനാഷണൽ ഐടി കമ്പനിയായ കോഗ്നിസൻറ് 'പ്രോജക്ടുകൾ' ലഭിക്കുന്നില്ല എന്ന കാരണം പറഞ്ഞുകൊണ്ട് കോവിഡ്- 19 ലോക്ക്ഡൗൺ സമയത്ത് ജീവനക്കാരെ പിരിച്ചുവിടരുതെന്ന ദുരന്തനിവാരണ നിയമം (ഡിഎംഎ) അടിസ്ഥാനപ്പെടുത്തി കേന്ദ്രസർക്കാർ നൽകിയ നിർദ്ദേശം ലംഘിക്കുകയും, അതോടൊപ്പം I. D. ആക്ടിൻറെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് അവരുടെ ജീവനക്കാരോട് രാജിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ജൂലൈ 4 ന് പുറത്തിറക്കിയ പ്രസ്താവനയിൽ ഐടി & ഐടിഇഎസ് എംപ്ലോയീസ് യൂണിയനുകളുടെ ദേശീയ ഏകോപന സമിതി കോഗ്നിസന്റ് മാനേജ്മെന്റിന്റെ നടപടിയെ ശക്തമായി അപലപിക്കുകയും അത് ഉടനടി പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഒപ്പം, കോവിഡ് ലോക്ക്ഡൗൺ സമയത്ത് ഐടി മേഖലയിലെ കമ്പനികൾ എടുക്കുന്ന വേതനം ചുരുക്കൽ, അലവൻസുകൾ കുറയ്ക്കൽ, നിർബന്ധിത രാജിവെപ്പിക്കൽ എന്നിവയും സമിതി അപലപിച്ചു.

ദുരന്തനിവാരണ നിയമം അടിസ്ഥാനപ്പെടുത്തിയുള്ള സർക്കാർ മാർഗനിർദേശം ലംഘിച്ചുകൊണ്ട് കോവിഡിന്റെ മറവിൽ അന്യായമായ തൊഴിൽ സമ്പ്രദായങ്ങൾ നടപ്പിലാക്കുന്ന വിഷയത്തിൽ ഐടി മേഖല കമ്പനികൾക്കെതിരെ, പ്രത്യേകിച്ച് കോഗ്നിസന്റിനെതിരെ, അടിയന്തിരമായി ഇടപെടണമെന്ന് ഐടി വ്യവസായ അസോസിയേഷനായ നാസ്കോമിനോടും സർക്കാരിനോടും ഏകോപന സമിതി ആവശ്യപ്പെട്ടു.

മാനേജ്മെന്റുകളുടെ സമ്മർദ്ദ തന്ത്രങ്ങളിൽ രാജി വയ്ക്കരുതെന്നും, ഈ ആക്രമണങ്ങളെ ഒരുമിച്ച് ചെറുക്കണമെന്നും, ഒപ്പം തൊഴിൽ നിയമങ്ങൾ നടപ്പാക്കണമെന്ന് ആവശ്യപ്പെടണമെന്നും സമിതി ഐടി മേഖലയിൽ തൊഴിലെടുക്കുന്നവരോട് നിർദേശിച്ചു.

ഐടി, ഐടിഇഎസ് എംപ്ലോയീസ് യൂണിയനുകളുടെ ദേശീയ ഏകോപന സമിതിക്ക് പശ്ചിമ ബംഗാൾ, കർണാടക, തമിഴ്നാട്, തെലങ്കാന, കേരളം, മഹാരാഷ്ട്ര, ദില്ലി-എൻസിആർ എന്നീ സ്ഥലങ്ങളിൽ യൂണിയനുകൾ ഉണ്ട്.

# ട്രാവൽരംഗത്തെ ഭീമൻ ഫെയർപോർട്ടലിൽ ഐടി ജീവനക്കാരുടെ കൂട്ടപിരിച്ചുവിടൽ

കോവിഡ് കാലത്ത് സുസ്ഥിരത ഉറപ്പാക്കാൻ ജീവനക്കാരെ പിരിച്ചുവിടരുതെന്ന സർക്കാർ നിർദേശത്തിനു വിരുദ്ധമായി പൂനെയിൽ മുന്നൂറിലേറെപ്പേരെ പിരിച്ചുവിട്ട ട്രാവൽ കമ്പനി ഫെയർപോർട്ടലിനു മഹാരാഷ്ട്രയിലെ ലേബർ കമ്മീഷണറുടെ ഓഫീസ് നോട്ടീസ് നൽകി.

കമ്പനിയുടെ 800 ലധികം ജീവനക്കാർക്കുള്ള ഭീഷണിയെക്കുറിച്ച് നൈറ്റ്സ് (നാഷണൽ ഇൻഫർമേഷൻ ടെക്നോളജി) പരാതി നൽകി

എംപ്ലോയീസ് സെനറ്റ്) ആണ് പരാതിനൽകിയത്. ലോക്ക് ഡൗൺ സമയത്തു പിരിച്ചുവിടൽ ഒഴിവാക്കണമെന്ന സർക്കാർ നിർദേശം മറികടന്ന് ഫെയർപോർട്ടൽ പൊടുന്നനെ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ടതായി നിരവധി ജീവനക്കാർ പറഞ്ഞു.

കൊൽക്കത്ത ആസ്ഥാനമായുള്ള ഐടി മേഖലയിലെ ജീവനക്കാരുടെ സംഘടന, ഓൾ ഇന്ത്യ ഐടി-ഐടിഇഎസ് എംപ്ലോയീസ് യൂണിയൻ, ഫെയർപോർട്ടലിന്റെ കൂട്ടപിരിച്ചുവിടലിനെക്കുറിച്ചു രണ്ടാമതൊരു പരാതികൂടി നല്കിയതിൻപ്രകാരം മഹാരാഷ്ട്രയിലെ ലേബർ കമ്മീഷണർ നോട്ടീസ് നൽകി. ഇതിനാൽ ക. ഉ. നിയമപ്രകാരം അനുരഞ്ജനത്തിനായുള്ള പ്രാഥമിക ചർച്ചയ്ക്കായി ജൂൺ 29 ന് നിശ്ചയിച്ചിട്ടുണ്ട്

# കോവിഡ് 19 വിളിച്ചോതുന്നത്

പേജ് 35-ൽ നിന്ന്

**പാത്രം കൊട്ടിയും വിളക്കുതെളിച്ചും പുഷ്പവൃഷ്ടി നടത്തിയും ബാധ ഒഴിവാക്കാനാവില്ലെന്ന് ഉറപ്പായി. ഇപ്പോൾ വന്നു കൊണ്ടിരിക്കുന്നത് ഭീതിജനകമായ പ്രവചനങ്ങളാണ്. വാക്സിൻ വിപണിയിലെത്തിക്കാൻ ഒരു വർഷം വേണ്ടിവരുമെന്നു കണക്കാക്കിയാൽ അതിനകം ലോകത്ത് രോഗികളുടെ എണ്ണം 24.9 കോടി വരെ എത്താമെന്ന് മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ങകഠ) യിലെ പ്രമുഖ ശാസ്ത്രജ്ഞർ പ്രവചിക്കുന്നു. അന്തരീക്ഷ വായുവിലൂടെയും രോഗം പകരാമെന്ന കണ്ടെത്തൽ ശരിയാകാമെന്ന് ണഒഛ തന്നെ സൂചിപ്പിച്ചിരിക്കുന്നു. ഇൻഡ്യയിൽ ഇപ്പോൾ ഓരോ ദിവസവും വർധിക്കുന്ന രോഗികളുടെ എണ്ണം 25000നു മുകളിലാണ്. ഇത് അമേരിക്കയെയും കടന്ന് പ്രതിദിനം ഒരു ലക്ഷം വരെയാകാമെന്നാണ് പ്രവചനങ്ങൾ.**

ച്ചുകൊണ്ടിരുന്നു. രോഗികളുമായി ഇടപഴകേണ്ടി വരുന്ന ജീവനക്കാർക്കു വേണ്ട PPE കിറ്റിന്റെ കാര്യത്തിലും ഇതായിരുന്നു സ്ഥിതി. ഇതിനിടയിൽ വിവിധ തരം പരിശോധനാ രീതികളെപ്പറ്റി ചർച്ച നടന്നു. സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമുള്ള വിവിധ സ്ഥാപനങ്ങൾ ടെസ്റ്റിംഗ് കിറ്റുകൾ പരിശോധനക്കായി സമർപ്പിച്ചെങ്കിലും അപൂർവം ചിലതു മാത്രം അംഗീകരിച്ച് ബാക്കിയുള്ളവയിൽ തീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടുപോയി. അംഗീകാരം നൽകി ചുരുങ്ങിയ വിലക്ക് ഇൻഡ്യയിൽ ആവശ്യാനുസരണം നിർമിക്കാമെന്നിരിക്കെ ആ സമയത്തെല്ലാം പരിശോധനാ കിറ്റുകൾ വിദേശ കമ്പനികളിൽ നിന്ന് ഇറക്കുമതി ചെയ്യുകയായിരുന്നു. അതിലൂടെ തൽപ്പരകക്ഷികൾ വൻതുക കമ്മീഷനായി അടിച്ചു മാറ്റിയെന്നും പറയപ്പെടുന്നു. കുറഞ്ഞ വിലയിൽ ധാരാളം പരിശോധനാ കിറ്റുകൾ ലഭ്യമായാൽ പരിശോധനയുടെ എണ്ണം സ്വാഭാവികമായും വർധിക്കും. രോഗബാധിതരുടെ എണ്ണം കൂടുതലായി റിപ്പോർട്ടു ചെയ്യപ്പെടും. എല്ലാവർക്കും ചികിൽസ നൽകാൻ സംവിധാനമില്ല. കേന്ദ്ര സർക്കാർ (ഒപ്പം BJP യുടെ മിക്ക സംസ്ഥാന സർക്കാരുകളും) പ്രതിക്കൂട്ടിലാവും. ആ സ്ഥിതിവിശേഷം ഉയർത്താൻ സാധ്യതയുള്ള ജനരോഷം ഭയന്നു കൂ




ടിയാകണം പരിശോധനാ കിറ്റുകളുടെ ലഭ്യത കുറക്കുക എന്ന രാഷ്ട്രീയ തന്ത്രത്തിന് സർക്കാർ രൂപം നൽകിയത്. ആരുടെയെങ്കിലും രാഷ്ട്രീയ ലക്ഷ്യം പൂർത്തീകരിക്കാനായി ജനങ്ങളുടെ ജീവൻ വച്ചു കളിക്കുന്നതിന് കൂട്ടുനിൽക്കാൻ ICMR പോലെയുള്ള ഒരു ഉന്നത ശാസ്ത്ര സ്ഥാപനം തയാറാകാമോ എന്ന ചോദ്യമുണ്ട്. ഈ സംശയത്തിനു ശക്തി പകരുന്ന സംഭവങ്ങളാണ് കഴിഞ്ഞ ആഴ്ചയിൽ നാം കണ്ടത്. ICMR ഡയറക്ടർ ജനറലും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഹെൽത്ത് റിസർച്ച് വിഭാഗത്തിന്റെ സെക്രട്ടറിയുമായ ഡോക്ടർ ബൽറാം ഭാർഗവ, ഹൈദരാബാദ് ആസ്ഥാനമായ ഭാരത് ബയോടെക് ഇന്റർനാഷണൽ എന്ന കമ്പനിയുമായി ചേർന്ന് ICMR കോവിഡ് 19 നുള്ള വാക്സിൻ വികസിപ്പിക്കാൻ നടപടി പുരോഗമിക്കുന്നു എന്നറിയിക്കുന്ന ജൂലൈ 2 ന്റെ കത്ത് പുറത്തു വന്നു. സർക്കാർ ഏറ്റവും ഉന്നതതലത്തിൽ മുൻഗണന നൽകുന്ന, പ്രാദേശികമായി വികസിപ്പിക്കുന്ന വാക്സിനാണ് ഇതെന്ന് പറയുന്ന പ്രസ്തുത കത്തിൽ ക്ളിനിക്കൽ പരിശോധനകളെല്ലാം പൂർത്തിയാക്കി പൊതു ആരോഗ്യ സേവനത്തിനായി 2020 ആഗസ്റ്റ് 15 ന് ഉൽഘാടനം ചെയ്യണമെന്നും പറയുന്നു. ഈ വാക്സിന്റെ ക്ളിനിക്കൽ ട്രയൽ ജൂലൈ 7 നുള്ളിൽ (അതായത് 5 ദിവസത്തിനുള്ളിൽ) പൂർ

ത്തീകരിച്ചിരിക്കണമെന്നും നിർദിഷ്ട സമയക്രമം പാലിക്കാതിരിക്കുന്നത് ഗൗരവമായി കണക്കാക്കുമെന്നും (Non compliance will be viewed very seriously) എന്നുകൂടി പറഞ്ഞാണ് ആ കത്ത് അവസാനിക്കുന്നത്. ഭാർഗവയുടെ കത്തിൽ സൂചിപ്പിക്കുന്ന 'ഉന്നത തലം' ഏതെന്ന് പ്രത്യേകം പറയേണ്ടല്ലോ.ആഗസ്റ്റ് 15ന്റെ പ്രാധാന്യം നമുക്കെല്ലാമറിയാം.

ഈ കത്ത് പുറത്തായതിനെ തുടർന്ന് ഇൻഡ്യ മാത്രമല്ല, ആഗോളതലത്തിൽ ശാസ്ത്രലോകം അൽഭുതം കൂറി. WHOയുടെ ചീഫ് സയന്റിസ്റ്റ് സൗമ്യ സ്വാമിനാഥനെപ്പോലെയുള്ളവർ ശക്തമായ വിമർശനവുമായി രംഗത്തുവന്നു. ഒരു രോഗ പ്രതിരോധ വാക്സിൻ വികസിപ്പിച്ച് തികച്ചും ഫലപ്രദമെന്ന് പരീക്ഷണശാലയിൽ കണ്ടെത്തിയാൽ അതിന്റെ വാണിജ്യപരമായ ഉൽപ്പാദനത്തിലേക്കു കടക്കും മുൻപ് ഒട്ടേറെ കടമ്പകൾ കടന്നു പോകേണ്ടതുണ്ട്. മനുഷ്യ ശരീരം അതു സ്വീകരിക്കുമെന്നും മറ്റു പാർശ്വ ഫലങ്ങളുണ്ടാക്കില്ലെന്നും, സാധാരണ ജീവശാസ്ത്ര പ്രവർത്തനങ്ങളെ ബാധിക്കില്ലെന്നും ഉറപ്പുവരുത്തണം. അതിന് ശാസ്ത്രലോകം അംഗീകരിച്ച വിവിധ പ്രോട്ടോകാളുകളുണ്ട്. അവയൊന്നും ഉന്നത തലങ്ങളിൽ നിന്ന് ഉത്തരവു പുറപ്പെടുവിക്കുന്ന സമയക്രമപ്രകാരം ചെയ്തു തീർക്കാൻ കഴിയുന്നവയല്ല. തിരിച്ചറിവില്ലാത്ത വിവരദോഷികൾ മുകളിൽ നിന്നു പറയുന്നത് അപ്പടി ഏറ്റുപറയുന്ന രീതിയിൽ ICMR പോലെ ജനങ്ങൾ വിശ്വാസമർപ്പിക്കുന്ന ഒരു സ്ഥാപനം തരംതാണപ്പോൾ അതിനെക്കുറിച്ചുള്ള മതിപ്പാണ് തകർന്നു പോയത്.

ഉന്നതങ്ങളിൽ നിന്ന് ഉത്തരവിട്ട് ഈ മഹാമാരിയെ സമയബന്ധിതമായി തുടച്ചു നീക്കാനാവില്ലെന്ന് നമുക്കെല്ലാമറിയാം. പാത്രം കൊട്ടിയും വിളക്കുതെളിച്ചും പുഷ്പവൃഷ്ടി നടത്തിയും ബാധ ഒഴിവാക്കാനാവില്ലെന്ന് ഉറപ്പായി. ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത് ഭീതിജനകമായ പ്രവചനങ്ങളാണ്. വാക്സിൻ വിപണിയിലെത്തിക്കാൻ ഒരു വർഷം വേണ്ടിവരുമെന്നു കണക്കാക്കിയാൽ അതിനകം ലോകത്ത് രോഗികളുടെ എണ്ണം 24.9 കോടി വരെ എത്താമെന്ന് മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (MIT) യിലെ പ്രമുഖ ശാസ്ത്രജ്ഞർ പ്രവചിക്കുന്നു. അന്തരീക്ഷ വായുവിലൂടെയും രോഗം പകരാമെന്ന കണ്ടെത്തൽ ശരിയാകാമെന്ന് ണഒഛ തന്നെ സൂചിപ്പിച്ചിരിക്കുന്നു. ഇൻഡ്യയിൽ ഇപ്പോൾ ഓരോ ദിവസവും വർധിക്കുന്ന രോഗികളുടെ എണ്ണം 25000നു മുകളിലാണ്. ഇത് അമേരിക്കയെയും കടന്ന് പ്രതിദിനം ഒരു ലക്ഷം വരെയാകാമെന്നാണ് പ്രവചനങ്ങൾ.

തികച്ചും ഭീതിദമായ അന്തരീക്ഷത്തിലൂടെയാണ് നാമേവരും കടന്നു പോകുന്നത്. വേദനകളും വിഷമങ്ങളും മാനസിക സംഘർഷവും വല്ലാതെ അലട്ടുന്ന അവസ്ഥ. സാമ്പത്തിക തകർച്ചയും തൊഴിൽ നഷ്ടവും പട്ടിണിയും : എന്നാണ് ഇതിൽ നിന്ന് കരകയറാനാവുക എന്നറിയില്ല. വർധിച്ചു വരുന്ന ആത്മഹത്യകൾ ഈ വിഷമാവസ്ഥയുടെ മുഖ്യ സൂചികയാണ്.

തളരുകയല്ല, ഈ കാലത്തെയും നേരിടുക തന്നെയാണ് വേണ്ടത്. സ്വയം സംരക്ഷണ മാർഗങ്ങളിലേക്ക് ലോകം അതിവേഗം മാറുകയാണ്. ആഗോള ഗ്രാമത്തെപ്പറ്റി പറഞ്ഞവർ അതിർത്തികളെപ്പറ്റിയാണ് ഇന്നു സംസാരിക്കുന്നത്. ഇന്നലത്തെ തിരക്കിട്ട ജീവിതത്തിൽ നിന്ന് വീട്ടിൽ അടച്ചിരിക്കേണ്ടി വന്നപ്പോൾ വാർത്താവിനിമയത്തിലെ മുന്നേറ്റവും സാങ്കേതിക വിദ്യയുടെ ആധുനിക സാധ്യതകളും പരമാവധി ഉപയോഗിക്കാൻ നാം തയാറായി. സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം പതിൻമടങ്ങു വർധിച്ചു. നാം കുറിപ്പുകളും കഥകളും കവിതകളുമെഴുതി. താത്വിക പ്രശ്നങ്ങളെപ്പറ്റി പഠന പരിപാടി സംഘടിപ്പിച്ചു. കമ്മിറ്റികളും യോഗങ്ങളും വിഡിയോ സംവിധാനത്തിലാക്കി . വിദ്യാഭ്യാസം ഓൺലൈനിലായി . ഇതെല്ലാം സൂചിപ്പിക്കുന്നത് മാറുന്ന പരിതസ്ഥിതിക്കനുസരണമായി സ്വയം മാറാനുള്ള മനുഷ്യന്റെ കഴിവാണ് .

കോവിഡ് 19 നു ശേഷം ലോകത്തിന്റെ ഗതിക്രമത്തിൽ മാറ്റമുണ്ടായേ തീരൂ. വ്യക്തി അധിഷ്ഠിത ജീവിതത്തിൽ മാത്രമല്ല , സമൂഹ ജീവിതത്തിന്റെ എല്ലാ തലത്തിലും അത് പ്രതിഫലിക്കും . ഭ്രാന്തമായ സ്വകാര്യവൽക്കരണത്തിന്റെ തിക്തഫലങ്ങൾ ജനങ്ങൾ തിരിച്ചറിയുന്നു. ആരോഗ്യരംഗം സ്വകാര്യ മേഖലക്ക് വിട്ടുകൊടുത്തതിനു നൽകേണ്ടി വന്ന വിലയോർത്ത് ലോകം ദു:ഖിക്കുന്നു. ആശ്രയിക്കാവുന്നത് പൊതു മേഖലയാണെന്ന് തിരിച്ചറിയുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങൾ കോവിഡ് 19 നേരിട്ട രീതി, നിയന്ത്രിക്കാൻ സ്വീകരിച്ച മാർഗങ്ങൾ , അതിലെ ജനകീയ പങ്കാളിത്തം അവർ വിസ്മയത്തോടെ നോക്കിക്കാണുന്നു. കൊച്ചു ക്യൂബയുടെ വിപ്ളവ പ്രതീകങ്ങളായ ആരോഗ്യപ്രവർത്തകർ ആശ്വാസ സന്ദേശവുമായി വിവിധ രാജ്യങ്ങളിൽ വേദനിക്കുന്നവരുടെ അടുത്തേക്ക് പറന്നെത്തുമ്പോൾ ആഹ്ളാദപൂർവം സ്വീകരിക്കുന്നു. അവരെ അഭിവാദ്യം ചെയ്യുന്നു.

നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ പരിമിതികൾക്കു മധ്യത്തിലും ഒരു വ്യത്യസ്ത മാതൃക മുന്നോട്ടു വച്ച സർക്കാരിനെയും ജനങ്ങളെയും ലോകമാകെ പുകഴ്ത്തുന്നു.

കേന്ദ്രത്തിൽ ബിജെപി സർക്കാരിന്റെ ജനവിരുദ്ധ, തൊഴിലാളിവിരുദ്ധ നടപടികൾക്കെതിരെ, ഹിന്ദു രാഷ്ട്രവൽക്കരണ നീക്കങ്ങൾക്കെതിരെ, ഫെഡറലിസം സംരക്ഷിക്കാൻ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ട ഘട്ടത്തിലാണ് കോവിഡ് 19 വന്നത്. ഈ പശ്ചാത്തലത്തിൽ അനിവാര്യമായ നിയന്ത്രണങ്ങൾ മറയാക്കി ജനങ്ങളെ, തൊഴിലാളികളെ വെല്ലുവിളിച്ച് എല്ലാം കോർപ്പറേറ്റ്, മുതലാളിത്ത ശക്തികൾക്ക് അടിയറ വെക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത് . ഇതിനെതിരെ പ്രക്ഷോഭം ശക്തിപ്പെടുത്തി തൊഴിലാളി പ്രസ്ഥാനം മുന്നോട്ടു പോകുക തന്നെ ചെയ്യും. കൽക്കരി മേഖലയിൽ BMS അടക്കം പങ്കെടുത്ത മൂന്നു ദിവസത്തെ പണിമുടക്ക് നൽകുന്ന സന്ദേശം അതുതന്നെയാണ്. ●

# റെയിൽവേ യാത്രാവണ്ടികളും സ്വകാര്യ മേഖലക്ക്

**ആർ.ജി. പിള്ള**



ഇന്ത്യൻ റെയിൽവേയുടെ 109 സുപ്രധാന റൂട്ടുകളിലായി 151 ജോഡി ട്രെയിനുകൾ ഓടിക്കാൻ വിദേശ മൂലധന മടക്കമുള്ള സ്വകാര്യ സംരംഭകരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ് .ലോകത്തു ആദ്യം റെയിൽവേ സ്വകാര്യവൽക്കരണം നടപ്പിലാക്കിയ ബ്രിട്ടനിൽ കോവിഡ് പശ്ചാത്തലത്തിൽ സ്വകാര്യ ട്രെയിൻ ഓപ്പറേറ്റിംഗ് കമ്പനികളെ ഗവണ്മെന്റ് ഏറ്റെടുത്തപ്പോഴാണ് ഇവിടെ സ്വകാര്യവൽക്കരണത്തിനു മുതിരുന്നത് എന്നത് വിചിത്രമായിത്തോന്നുന്നു എന്തായാലും റെയിൽവേ സ്വകാര്യവൽക്കരണം രാജ്യത്തെയാകെ ബാധിക്കുന്ന പ്രശ്നമാണ് എന്നതിൽ തർക്കത്തിന് അവകാശമുണ്ടാകില്ല. 23 ദശലക്ഷം പേരാണ് ദിവസംപ്രതി റയിൽവഴി യാത്രചെയ്യുന്നത്. ശരാശരി 3.5 ദശലക്ഷം ടൺ ചരക്കുകൾ ഓരോ ദിവസവും കടത്തുന്നു. സാധാരണക്കാരന് ജീവിതവൃത്തിക്കും മറ്റു സാമൂഹിക ആവിശ്യങ്ങൾക്കുമുള്ള യാത്ര സൗജന്യ നിരക്കിൽ ഒരുക്കുന്നത് കൂടാതെ ഭക്ഷ്യധാന്യങ്ങൾ <ഇന്ധനം <കൽക്കരി <രാസവളങ്ങൾ, മറ്റ് അസംസ്‌കൃത സാധനങ്ങൾ തുടങ്ങിയവ കുറഞ്ഞ നിരക്കിൽ രാജ്യത്താകമാനം എത്തിക്കുന്നതിലും റെയിൽവേ വഹിക്കുന്ന പങ്ക് നിസ്തൂലമാണ് > കൂടാതെ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും വിദ്യാർഥികൾക്കും മറ്റുമായി ഒട്ടേറെ സൗജന്യങ്ങളും നൽകിവരുന്നുണ്ട് റെയിൽവേ സ്വയം നിർവഹിക്കുന്ന സാമൂഹ്യബാധ്യതകൾ 30000 കോടി രൂപ വരുമെന്ന് വിദഗ്ധസമിതികൾ കണക്കാക്കിയിട്ടുണ്ട്. ലാഭം ,കൂടുതൽ ലാഭം എന്ന ലക്ഷ്യത്തോടെ സ്വകാര്യകമ്പനികൾ റെയിൽവേ ഗതാഗത മേഖല കൈയ്യടക്കിയാൽ യാത്രാക്കൂലിയും കടത്തുകൂലിയും ക്രമാതീതമായി വർധിക്കും. ജനങ്ങളുടെ നികുതിപ്പണവും തൊഴിലാളികളുടെ തൊഴിൽ ശക്തിയും ഉപയോഗിച്ച് കഴിഞ്ഞ 175 വർഷക്കാല

**ആദ്യം റെയിൽവേ സ്വകാര്യവൽക്കരണം നടപ്പിലാക്കിയ ബ്രിട്ടനിൽ കോവിഡ് പശ്ചാത്തലത്തിൽ സ്വകാര്യ ട്രെയിൻ ഓപ്പറേറ്റിംഗ് കമ്പനികളെ ഗവണ്മെന്റ് ഏറ്റെടുത്തപ്പോഴാണ് ഇവിടെ സ്വകാര്യവൽക്കരണത്തിനു മുതിരുന്നത് എന്നത് വിചിത്രമായിത്തോന്നുന്നു സ്വകാര്യമേഖലക്കു സുപ്രധാനറൂട്ടുകളും ട്രെയിനുകളും സ്റ്റേഷനുകളും കൈമാറാനുള്ള കേന്ദ്ര ഗോവെർണ്മെന്റിന്റെയും റെയിൽവേ മന്ത്രാലയത്തിന്റെയും തീരുമാനം നടപ്പിലാക്കാൻ അനുവദിക്കപ്പെട്ടാൽ അത് ഇന്ത്യൻ റെയിൽവേയുടെ തന്നെ മരണമണി മുഴക്കമായിരിക്കും എന്ന് തീർച്ച.**

മായി പടുത്തുയർത്തിയ ഇന്ത്യൻ റെയിൽവേയുടെ വിപുലമായ പശ്ചാത്തല സൗകര്യങ്ങൾ കോർപ്പറേറ്റുകൾക്കു ലാഭം കൊയ്യാൻ വിട്ടുകൊടുക്കുന്നത് തികച്ചും രാജ്യദ്രോഹപരവും ജനദ്രോഹപരവുമാണ് റെയിൽവേ നിർമ്മാണത്തിനിടയിൽ പ്രതികൂലമായ ഭൂപ്രകൃതിയോടും കാലാവസ്ഥയോടും പകർച്ചവ്യാധികളോടുംപട്ടിണിയോടും മല്ലിട്ടു ജീവൻ വെടിയേണ്ടിവന്ന തൊഴിലാളികളുടെ എണ്ണം ഭീമമാണ് ഈ കാലഘട്ടത്തിലും റയിൽസുരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കെ അപകടത്തിൽ പെട്ട് മരണപ്പെടുന്ന റെയിൽവേ ജീവനക്കാരുടെ എണ്ണം യാത്രക്കാരുടേതിനേക്കാൾ പതിന്മടങ്ങു കൂടുതലാണെന്നു കണ്ടെത്തിയത് ഹൈ പവർ സേഫ്റ്റി റിവ്യൂ കമ്മിറ്റിയാണ് . അത്തരത്തിൽ പടുത്തുയർത്തപ്പെട്ട നമ്മുടെ പൈതൃക സ്വത്തായ റെയിൽവേയെ സ്വകാര്യവൽക്കരിക്കാൻ അനുവദിച്ചുകൂടെന്നു കണ്ടുകൊണ്ടാണ് ജൂലൈ 16 പ്രതിഷേധദിനമായി ആചരിക്കാൻ സിഐടിയു കേന്ദ്രക്കമ്മിറ്റി തീരുമാനിച്ചതുംരാജ്യവ്യാപകമായി റെയിൽവേ സ്റ്റേഷനുകളിലേക്കു മാർച്ച് ചെയ്തതും.

സ്വകാര്യമേഖലക്കു സുപ്രധാനറൂട്ടുകളും ട്രെയിനുകളും സ്റ്റേഷനുകളും കൈമാറാനുള്ള കേന്ദ്ര ഗവർമെന്റിന്റെയും റെയിൽവേ മന്ത്രാലയത്തിന്റെയും തീരുമാനം നടപ്പിലാക്കാൻ അനുവദിക്കപ്പെട്ടാൽ അത് ഇന്ത്യൻ റെയിൽവേയുടെ തന്നെ മരണമണി മുഴക്കമായിരിക്കും എന്ന് തീർച്ച .റെയിൽവേ സ്വകാര്യവൽക്കരണം നടപ്പിലാക്കിയ അർജന്റീന, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് അതാണ്. ആധുനീക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കോച്ചുകൾ 160 കെഎം വേഗത. ലോകോത്തര നിലവാരത്തിലുള്ള സേവനങ്ങൾ കുറഞ്ഞ യാത്രാസമയം കുറഞ്ഞപരിപാലനസമയം, ഇതൊക്കെയാണ് വാഗ്ദാനങ്ങൾ.. ഇതൊക്കെ സ്വകാര്യവൽക്കരണത്തിനു ന്യായീകരണമായി എന്നും പറയാറുള്ളത് തന്നെ. പക്ഷെ ഇതൊക്കെ പ്രായോഗികമായി നടക്കാറില്ലന്ന് മാത്രമല്ല. സേവന നിലവാരം വലിയതോതിൽ ഇടിയുകയും അരാജകാവസ്ഥ സംജാതമാകുന്നതുമാണ് നാം കണ്ടിട്ടുള്ളത് ഇന്ത്യൻ റയിൽവേയിൽ തന്നെ IRCTC രൂപീകരിച്ചു കാറ്ററിങ് അവരെ ഏൽപ്പിച്ചതിന്റെ അനുഭവം നോക്കുക. അത് കൂടുതൽ ലൈസൻസ് ഫീസ് ലക്ഷ്യമാക്കി ലേലം ചെയ്തു കൊടുത്തു. ഫലമോ യാത്രക്കാർ കൂടുതൽ വില നൽകേണ്ടിവന്നു. ഗുണവും അളവും കുറഞ്ഞു ഭക്ഷ്യവിഷബാധ തുടർകഥയായിമാറി റെയിൽവേ പല തവണ ഏറ്റെടുക്കുകയും തിരികെ കൊടുക്കുകയും ഒക്കെയായി ഇന്നും യാത്രക്കാർ ദുരിതം പേറുന്നു.

ഇന്നിപ്പോൾ 12 ക്ലസ്റ്ററുകളായി തിരിച്ചു സ്വകാര്യ സംരംഭകർക്ക് ട്രെയിൻ സർവീസുകൾ കൈമാറാനാണ് തീരുമാനം. മുംബൈ, ഡൽഹി രണ്ടു വീതം ക്ലസ്റ്റർകളിലായി 24 ട്രെയിൻ സെറ്റുകൾ, ചെന്നൈ ക്ലസ്റ്റർ 16 ട്രെയിൻ സെറ്റുകൾ തുടർന്ന് ചണ്ഡീഗഡ്, പാറ്റ്ന, പ്രയാഗരാജ്, HOWRAH, ജയ്പൂർ സെക്കൻഡറാബാദ്, ബാംഗ്ലൂർ ക്ലസ്റ്റർ വിഭജനം അടിസ്ഥാനത്തിൽ സർവീസ് അനുവദിക്കപ്പെടും. റെയിൽപാത, സ്റ്റേഷനുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള ചാർജുകൾക്കു പുറമെ വരുമാനത്തിൽ റയിൽവേക്കുള്ള പങ്ക് കൂടുതൽ നല്കാൻ തയ്യാറാകുന്നവർക്കാണ് ട്രെയിനുകൾ നൽകുക. അത് മത്സരാടിസ്ഥാനത്തിൽ ഉള്ള ടെൻഡർ വഴി തീരുമാനിക്കപ്പെടും. 35 വർഷ കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്. സമയനിഷ്ഠ പാലിക്കണമെന്നാണ് വ്യവസ്ഥ ഇവർക്ക് അനുവദിക്കുന്ന സമയക്രമത്തിന്റെ ഒരു മണിക്കൂർ മുൻപും പിൻപും റെയിൽവേ വണ്ടികൾ ഓടിക്കാൻ പാടില്ല. യാത്രാക്കൂലിക്കു ഒരുപരിധിയും റെയിൽവേ നിശ്ചയിക്കുന്നില്ല. ആവശ്യക്കാർ കൂടുന്നതും കുറയുന്നതും അനുസരിച്ചു ഇഷ്ടം പോലെ കൂട്ടുകയും കുറക്കുകയും ചെയ്യാം. അപകടങ്ങൾ ഉണ്ടായാൽ ഉള്ള ബാധ്യതകൾ നിർവചിക്കുന്നില്ല. റെയിൽവേ വണ്ടികൾ സ്വകാര്യട്രെയിനുകൾക്കു വഴിമാറി കൊടുക്കേണ്ടിവരും. റെയിൽവേ ലോക്കോ പൈലറ്റ്മാരെയും GUARDമാരെയും അനുവദിക്കുന്നതാണ്.

2800 മെയിൽ /എക്സ്പ്രസ്സ് ട്രെയിനുകളിൽ 5 ശതമാനം മാത്രമാണ് സ്വകാര്യവൽക്കരിക്കുന്നതെന്നു പറഞ്ഞു ലഘൂകരിക്കാനാണ് റെയിൽവേ ശ്രമിക്കുന്നത്. എന്നാൽ റെയിൽവേയുടെ യാത്രാവരുമാനത്തിന്റെ സിംഹഭാഗവും സ്വകാര്യ ട്രെയിൻ ഓപ്പറേറ്റേർസ് കയ്യടക്കും എന്നതാണ് യാഥാർഥ്യം.

സ്വകാര്യ ട്രെയിനുകൾക്കു നിർദ്ദേശിച്ചിട്ടുള്ള വേഗതയും സമയനിഷ്ഠയും പാലിക്കണമെങ്കിൽ അതിനു പര്യാപ്തമായ വിധത്തിൽ ട്രാക്കുകളും സിഗ്നലുകളും നവീകരിക്കുന്നതിന് ആവിശ്യമായ മുതൽമുടക്ക് റെയിൽവേ നടത്തേണ്ടതുണ്ട്.

എങ്കിൽ പിന്നെ ലാഭകരമായ സർവീസുകളും ട്രെയിനുകളും സ്വകാര്യവൽക്കരിക്കുന്നതെന്തിന് എന്ന ചോദ്യം ന്യായമായും ഉന്നയിക്കപ്പെടേണ്ടതുണ്ട്. റെയിൽവേ കൊച്ചുകളുടെയും എഞ്ചിനുകളുടെയും ഉല്പാദനത്തിൽ നാം ഏറെക്കുറേ സ്വയംപര്യാപ്തത ആർജ്ജിച്ചിട്ടുണ്ട്. ഏറ്റവും ചെലവ് കുറഞ്ഞതാണ് നമ്മുടെ ഉല്പാദന പ്രക്രിയ ഇന്ത്യയുടെ റെയിൽ പാതക്ക് അനുയോജ്യമായ ഡിസൈൻ രൂപപ്പെടുത്തുന്നതിൽ RDSO മികച്ച പങ്കുവഹിക്കുന്നുമുണ്ട്. വർക്ക് ഷോപ്പുകളുടെ നിലവാരവും ലോകോത്തരമാണ്. വന്ദേഭാരത് ട്രെയിനുകൾക്കുള്ള ട്രെയിൻ 18 കോച്ചുകൾ ചെന്നൈയിലെ ഇന്റഗ്രൽ കോച്ചുഫാക്ടറി ആണ്നിർമ്മിച്ചത്. അതും നിശ്ചയിച്ച ടാർജറ്റിനു വളരെ മുൻപ് എഞ്ചിൻ നിർമാണത്തിൽ ചിത്തരഞ്ജൻ ഏറ്റവും പുതിയ സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തുന്നത്. ഉല്പാദന ക്ഷമതയുടെ കാര്യത്തിലും നമ്മുടെ വർക്സ് ഷൊപ്പുകളും ഫാക്ടറികളും മികച്ച പ്രവർത്തനമാണ് നടത്തിവരുന്നത്. ഇതിന്റെയെല്ലാം ഫലമായിട്ടാണ് ലോകത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ഏക റെയിൽവേ എന്ന സ്ഥാനം ഇന്ത്യൻ റെയിൽവേ ഇന്നും നിലനിർത്തുന്നത് ആത്മ നിർഭര ഭാരതം എന്ന് നമ്മുടെ പ്രധാനമന്ത്രി ഉൽഘോഷിക്കുമ്പോഴും മേക്ക് ഇൻ ഇൻഡ്യ നമ്മുടെ ആപ്ത വാക്യമായി തുടരുമ്പോഴും ആണ് നമ്മുടെ നേട്ടമായി ലോകത്തിന്റെ മുന്നിൽ എടുത്തു കാട്ടാവുന്ന ഇൻഡ്യൻ റെയിൽവേയെ ശിഥിലീകരിക്കാനും സ്വകാര്യവൽക്കരിക്കാനും ശ്രമിക്കുന്നത് എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഇൻഡ്യൻ റെയിൽവേ നമ്മുടെ നാട്ടിലെ സാധാരണക്കാർക്കു വെറും ഒരു ഗതാഗത ഉപാധി മാത്രമല്ല അതവരുടെ ഉപജീവനമാർഗം കൂടിയാണ്. ദശലക്ഷങ്ങളാണ് റെയിൽവേ വണ്ടികളിൽ കയറി ഇറങ്ങി ഉപജീവനം നടത്തുന്നത്. വീടില്ലാത്തവർക്ക് അത് അഭയം നൽകുന്നു. ചുരുങ്ങിയ യാത്ര ചെയ്തു നൂറുകണക്കിന് കിലോമീറ്റർ അകലെ പോയി ജോലി ചെയ്തു മടങ്ങി വീട്ടിലെത്താൻ സഹായിക്കുന്നു. അത് റെയിൽവേക്കു സാധ്യമാക്കുന്നത് ഇതിന്റെ ഏകോപിത പ്രവർത്തനവും ലാഭേച്ഛയേക്കാൾ സേവനത്തിനു പ്രാമുഖ്യം കൊടുക്കുന്ന ഗവർമെന്റ് ഉടമസ്ഥതയുമാണ്. അതിനാണ് ഇവിടെ അന്ത്യം കുറിക്കാൻ ശ്രമിക്കുന്നത്.

ഇൻഡ്യൻ റെയിൽവേയുടെ യാത്ര കൂലിയിനത്തിലുള്ള വരുമാനം 50000 കോടി രൂപയിൽ 32000 കോടിയും ഉയർന്ന ക്ലാസ് യാത്രക്കാരിൽ നിന്നാണ്. അതായതു രാജധാനി /ശതാബ്ദി എക്സ്പ്രസ്സുകൾ ഉൾപ്പെടെയുള്ള AC 2 /AC 3, AC CHAIRCAR എന്നീ ക്ലാസ്സുകളിലെ യാത്രക്കാരിൽ നിന്നാണ് . മൊത്തം ഒരുവർഷം 850 കോടി പേർ യാത്ര ചെയ്യുന്നതിൽ 179 ദശലക്ഷം പേർ മാത്രമാണ് ഉയർന്നക്ലാസ്സ് യാത്രക്കാരായി ഉള്ളത്. 4784 ദശലക്ഷം പേർ സബർബൻ യാത്രക്കാരും 1977 ദശലക്ഷം പാസ്സൻജർ വണ്ടികളിലെ സാധാരണ യാത്രക്കാരും 1499 ദശലക്ഷം മെയിൽ /എക്സ് പ്രസ് യാത്രക്കാരുമാണ്. അവർക്കു സൗജന്യനിരക്കിൽ യാത്ര സാധ്യമാക്കുന്നത് ചരക്കു ഗതാഗതത്തിൽ നിന്നുള്ള ക്രോസ്സ്സബ്സിഡി വഴിയാണ്. ഫ്രെയ്ഗ്റ് കോറിഡോർ സ്വകാര്യമേഖലയ്ക്ക് പോകുമ്പോൾ റയിൽവെയുടെ വരുമാനത്തിൽ വൻ ഇടിവുണ്ടാകും. സ്വകാര്യ സംരംഭകർക്ക് വരുമാനമുള്ള റൂട്ടുകളും ട്രെയിനുകളും സമയക്രമവും വിട്ടു കൊടുത്താൽ അത് ഇൻഡ്യൻ റെയിൽവേ സ്വയംപാപ്പർ ചീട്ടുഎഴുതുന്നതുപോലെയാണ്. ഈ ദുരവസ്ഥക്ക് പരിഹാരമായി ശ്രീ. ബീബെക്ദേബ്റോയ് കമ്മിറ്റി നിർദ്ദേശിച്ചത് സംസ്ഥാനങ്ങളോ, തദ്ദേശ സ്ഥാപനങ്ങളോ നഷ്ടം നികത്താൻ തയ്യാറുണ്ടെങ്കിലേ വണ്ടികൾ ഓടിക്കേണ്ടതുള്ളൂ എന്നാണ്. ഇന്നത്തെ സാഹചര്യത്തിൽ അത് എത്രമാത്രം പ്രയോഗികമാകുമെന്നു നമുക്ക് ഊഹിക്കാവുന്നതാണ് അതായതു റെയിൽവേ അടച്ചുപൂട്ടലിലേക്കാണ് നീങ്ങുന്നതെന്ന് സാരം റെയിൽവേ അടച്ചു പൂട്ടിയാൽ എന്ത് സംഭവിക്കുമെന്ന് കോവിഡ് മൂലമുണ്ടായ കുടിയേറ്റ തൊഴിലാളികളുടെ കാൽനടയായുള്ള പലായനവും അതോടനുബന്ധിച്ചുണ്ടായ ദുരന്തങ്ങളും നമുക്ക് കാട്ടിത്തന്നു ഇപ്പോൾ തന്നെ പാസ്സൻജർ വണ്ടികൾ എക്സ് പ്രസ്സുകളാക്കിയും സ്റ്റോപ്പുകൾ കുറച്ചും സാധാരണക്കാരന് യാത്രാസൗകര്യം നിഷേധിക്കുകയും ചാർജ് വർധിപ്പിച്ചിരിക്കുകയുമാണ്.അക്ഷരാർഥത്തിൽ തന്നെ ഇൻഡ്യൻ റെയിൽവേ 130 കോടി ജനങ്ങളുടെ ജീവനാഡിയാണ് അത് തകർക്കാൻ നാം അനുവദിച്ചുകൂടാ. 109 റൂട്ടുകളും 151 ജോഡി ട്രെയിനുകളും സ്വകാര്യ സംരംഭകർക്ക് കാഴ്ച്ച വക്കാനുള്ള തീരുമാനം പിൻവലിക്കണമെന്നും മേക്ക് ഇൻ ഇൻഡ്യ സ്വാർത്ഥകമാക്കാൻ ഇൻഡ്യൻ റെയിൽവേയുടെ സമഗ്രവും സത്വരവുമായ വികസനത്തിന് മതിയായ നിക്ഷേപം കേന്ദ്ര ഗവണ്മെന്റ് നടത്തണമെന്ന് നമുക്ക് ഒറ്റക്കെട്ടായി ആവശ്യപ്പെടാം. ●

> **ആത്മ നിർഭർ ഭാരതം എന്ന് നമ്മുടെ പ്രധാനമന്ത്രി ഉൽഘോഷിക്കുമ്പോഴും മേക്ക് ഇൻ ഇൻഡ്യ നമ്മുടെ ആപ്ത വാക്യമായി തുടരുമ്പോഴും ആണ് നമ്മുടെ നേട്ടമായി ലോകത്തിന്റെ മുന്നിൽ എടുത്തു കാട്ടാവുന്ന ഇൻഡ്യൻ റെയിൽവേയെ ശിഥിലീകരിക്കാനും സ്വകാര്യവൽക്കരിക്കാനും ശ്രമിക്കുന്നത് എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്.**